

T.K.M.C.A.S.
THANGAL KUNJU MUSALIAR COLLEGE OF ARTS & SCIENCE
QUILON
KOLLAM-5

# Dew of thoughts



TKM College Magazine 2004

# Creators


**Chief Editor**
Prof. K. A. Hashim

**Staff Editor**
Prof. P.I. Shaji

**Staff Advisor**
Prof. A.A. Karim

**Student Editor**
Ershad Z.

**Illustration**
Niyas, Kottiyam
Manoj, Kadappakkada

**Layout & Cover Design**
Harris, Crayon

**Printing**
Jose Arts Offset Press, Kollam


*"Creativity is the extension of your thought, thought is the extension of your horizons."*

ചരിത്രത്തെ
അടയാളപ്പെടുത്തുന്ന
നമ്മുടെ കാമ്പസ്സ്.......

വരാനിരിക്കുന്ന
കാലഘട്ടങ്ങളിലേക്ക്......
ഈ മഹദ്സ്ഥാപനത്തിൽനിന്നും
ഇനിയും പ്രതിഭകൾ
പടിയിറങ്ങിയെത്തും.......
ചരിത്രത്തിനു
ആമുഖമെഴുതാൻ.......



T.K.M. COLLEGE OF ARTS & SCIENCE

അതിരുകളില്ലാത്ത...
അറിവിന്റെ ലോകം തുറന്നുവെച്ച...
കടൽപോലെ സ്നേഹം തന്ന...
ഈ അക്ഷരഗോപുരത്തിന്
വന്ദനം



കിം ഫുക്ക്
വിയറ്റ്നാമിന്റെ ദുഃഖപുത്രി...
നിന്റെ കണ്ണുനീർ വീണ് ഈ ഭൂമി
വീണ്ടും നനയുന്നു...





മുന്നിലെ വെളിച്ചം അകന്നു
പോകുമ്പോഴും ആ കണ്ണുകളിലെ
നിസ്സഹായത കാണാൻ
അവർക്ക് കഴിഞ്ഞില്ലെന്നോ....?





നിങ്ങൾക്ക്,
നിങ്ങളുടെ കണ്ണുനീരിന്,
ആ കണ്ണുനീരിലൂടെ
മനുഷ്യത്വത്തിന്റെ
ഒരു കണമെങ്കിലും ഉള്ളിൽ
വറ്റാതെ, ചോർന്ന് പോകാതെ
സൂക്ഷിക്കുന്നവർക്കും വേണ്ടി.....

# Our Founder



JANAB A. THANGAL KUNJU MUSALIAR



കാലത്തോടും ചരിത്രത്തോടും
ഒപ്പം നടന്ന് പ്രതിഷേധിക്കുകയും
പ്രതികരിക്കുകയും ചെയ്ത്
ഒടുവിൽ ആരുമാകാതെ
കാമ്പസ്സിന്റെ പടിയിറങ്ങിയവർക്ക്......

# T.K.M. COLLEGE TRUST

**Chairman**



**Janab Shahal Hassan Musaliar**

**Secretary**



**Janab Kamaluddin Musaliar**

**Treasurer**



**Janab Jalaluddin Musaliar**




I am very glad to learn that the College Magazine of 2003-04 "Dew of thoughts" is ready for the release. I understand the Magazine has been contributed with variety of articles in different languages. I take this opportunity to congratulate the magazine committee Mr. Ershad Z. in particular for their ardent effort to bring out the magazine in this form.

With all good wishes

**Prof. K.A. Hashim**
Principal



# മുഖക്കുറിപ്പ്

പിന്നിട്ട പാതകളിൽ
സുവർണ്ണരേഖ പതിപ്പിക്കാൻ
കഴിയുന്നത് പ്രതിഭകൾക്കാണ്.
പിന്നിട്ട പാതകളിൽ
ഒരു വെള്ളിവരയെങ്കിലും വീഴ്ത്തുമ്പോൾ
ജീവിതം ചരിത്രത്തിന്റെ ഭാഗമായി മാറുന്നു
എന്നു ഞങ്ങൾ തിരിച്ചറിയുന്നു....
മതേതരത്വത്തിന്റെ മഹാമൂല്യങ്ങൾ
ആകാശത്തോളമുയർത്തിയ ചരിത്രനിമിഷങ്ങളിലൂടെ
നാം കടന്നുപോകുകയാണ്......
ഇന്ദ്രപ്രസ്ഥത്തിന്റെ, ഇടനാഴികളിൽനിന്നും
ഇറങ്ങിവന്നവർ....
നമുക്കിടയിൽ വീണ്ടും വിഷമകൂടിയുതാൻ
കാത്തിരിക്കുകയാണ്...
നവോത്ഥാനനാടിന്റെ വിദ്യാഭ്യാസമൂല്യങ്ങൾ
നാലാൾ കൂടുന്ന കവലകളിൽ
ലേലം വിളിക്കുന്നവർ കേരളീയ
ജീവിതത്തിന്റെ ബാധ്യതയായി മാറുന്ന
നേർക്കാഴ്ചകൾക്ക് നാം മൂകസാക്ഷിയാകരുത്....
അക്ഷരാഗ്നി കൊളുത്തി അധാർമ്മികതയുടെ
രാവണൻകോട്ടകളിൽ നമുക്ക്
ചിന്തയുടെ പ്രസന്നത നിറയ്ക്കണം....
ഇച്ഛാശക്തിയുടെയും, നിശ്ചയദാർഢ്യത്തിന്റെയും
പ്രതിരൂപമായി നമുക്ക് മാറണം.....
അതിനായ്
അക്ഷരകളരികളിൽ നിന്നും
അഗ്നി കൊളുത്തി തലമുറയെ
പ്രത്യാനയിക്കാനുള്ള ബാധ്യത നമുക്കേറ്റെടുക്കാം.....

ഇർഷാദ്
എഡിറ്റർ

# Dew of thoughts




## Memoir


| | | | | |
|---|---|---|---|---|
| 1. | കലാലയ രാഷ്ട്രീയത്തിന്റെ അനിവാര്യത | - | സമ്പത്ത് | 12 |
| 2. | കഥയുടെ കലാഭൈരവൻ | - | അഭിലാഷ്. എസ്. | 13 |
| 3. | ഓർമ്മകൾ ഉണർത്തുന്ന പടവുകൾ | - | റെഷിൻ എസ്. | 21 |
| 4. | ഹൃദയം പ്രണയകാലങ്ങളിലാണ് | - | അമീർ | 25 |
| 5. | Love Letter....... | | Liji Beegam | 27 |
| 6. | നിനക്ക് | - | സജീർ | 31 |


## Memories


| | | | | |
|---|---|---|---|---|
| 1. | ആകാശത്തിന്റെ അതിരുകളിൽ ബോംബ് വീഴുമ്പോൾ | - | അനുബ് | 34 |
| 2. | ലോകമേ ഈ യാത്ര എങ്ങോട്ട്? | - | ശ്രീകല | 38 |
| 3. | നീതിബോധത്തിന്റെ കാവൽവിളക്ക് (അഭിമുഖം) | | | 43 |
| 4. | ഇതിഹാസങ്ങളുണ്ടാകുന്നത് | - | ഇർഷാദ് | 49 |
| 5. | തളിരിട്ടുണരുന്ന സംഗീതം | - | സുജിത്രാ നായർ | 53 |
| 6. | Kerala: The Suicide Capital | | Shinoj K. Shamsuddin & Nadia Muhammaed | 63 |
| 7. | Teen Tunes | - | Swapna | 69 |
| 8. | അവൾ | - | അനു വി. നായർ | 71 |







## *Mentations*


1. My Own Worlds - Megha 76
2. Campus Beats (Survey) - 77
3. നിന്നെപ്പോലെ നിന്റെ അയൽക്കാ..... - അൽ ജാസിം 79
4. സ്നേഹം - ശബാന 80
5. യാത്ര - ഷിജി 83
6. വിവർത്തനം - ഷൈമാ ബീവി 87
7. താളം പിഴയ്ക്കുന്നവർ - നജീബ് 91


## *Manoeuvre*


1. സത്യജിത് റേയുടെ ലോകം - നിയാസ് 95
2. കലാലയങ്ങളിലെ അടിയന്തരാവസ്ഥ - ഷിഹാമ് 100
3. Health Addition - Athira 103
4. പ്രകാശം പരത്തിയ മനുഷ്യസ്നേഹി... - തൽഹത്ത് 107
5. സഖീ നീയറിയാൻ - വിനോദ് 108
6. നീ - രതീഷ് 113
7. ഞാനും എന്റെ ജീവിതവും - ബാബുരാജ് 113




# Editorial Board

Chief Editor



Prof. K. A. Hashim

Staff Editor



Prof. P.I. Shaji

Student Editor



Ershad Z.

Staff Advisor



Prof. A.A. Karim

## Sub Editors



Ameer



Anoob



Thalhath



Sajeer



Ratheesh



Faizal

ജീവിതത്തിന്റെ
ക്ലൈമാക്സ്....... വിധിയുടെ
കൈകളിൽ സമർപ്പിക്കുന്നു.....

അജ്ഞാനിക്ക് ജ്ഞാനവും
ജ്ഞാനിക്ക് കർമ്മവും
കർമ്മിക്ക് ത്യാഗവും
ത്യാഗിക്ക് ജീവിതവും

സ്വാതന്ത്ര്യത്തിന്റെ
അതിരുകളില്ലാത്ത
ആകാശങ്ങൾ കടംതരുന്നു.....



# Memoir

പുറംതോടിനുള്ളിൽ
ഉണർന്നിരിക്കുന്ന
ജീവിതത്തിന്റെ ശേഷിപ്പിലേക്ക്......

# കലാലയ രാഷ്ട്രീയത്തിന്റെ അനിവാര്യത

പ്രിയപ്പെട്ട കൂട്ടുകാരെ,

അനിവാര്യമായ കലാലയരാഷ്ട്രീയനിരോധനത്തിലൂടെ നിങ്ങൾക്ക് നഷ്ടമാകുന്നത് നിങ്ങളുടെ സ്വപ്നങ്ങളും സങ്കല്പങ്ങളും മാത്രമല്ല, മറിച്ച് നിങ്ങളുടെ മൗലിക അവകാശങ്ങളും കൂടിയാണ്.

നിങ്ങളൊരു കലാലയം ആരംഭിക്കുമ്പോൾ നിങ്ങൾക്ക് ഒരു ജയിൽകൂടി അടച്ചിടാമെന്ന് വിക്ടർ ഹ്യൂഗോയുടെ വാക്കുകൾ നിർജ്ജീവമാകുന്ന ഒരു കാലഘട്ടത്തിലൂടെയാണ് ഇനി നിങ്ങൾ കടന്നുപോകേണ്ടത്. എന്തുകൊണ്ടെന്നാൽ വരുംകാലങ്ങളിൽ നമുക്ക് കാണേണ്ടിവരുന്നത് അരാഷ്ട്രീയ വാദവും വർഗ്ഗീയ ഫാസിസ്റ്റ് ചിന്തകൾകൊണ്ട് അരാജകത്വം എല്ലാ അർത്ഥത്തിലും അരങ്ങുവാഴുന്ന ഒരു കലാലയ അന്തരീക്ഷത്തിലൂടെയാണ് നിങ്ങൾ നയിക്കപ്പെടുന്നത്. ഇതിന് കാരണമാകുന്നത് കലാലയരാഷ്ട്രീയ നിരോധനമാണ്.

ഒരു വിദ്യാർത്ഥിയുടെ പ്രധാന കടമ പഠിക്കുക എന്നുള്ളതാണെന്നും പക്ഷേ അവൻ പഠിക്കേണ്ടത് പുസ്തകത്തിലെ അക്ഷരങ്ങളും വ്യാഖ്യാനങ്ങളും മാത്രമാണെന്നും അവന്റെ സമൂഹത്തെക്കുറിച്ചും അവന്റെ ത്യാഗങ്ങളെക്കുറിച്ചും നൊമ്പരങ്ങളെക്കുറിച്ചും കൂടി പഠിക്കണം. എന്തുകൊണ്ടെന്നാൽ ഏതൊരു സമൂഹത്തേയും രൂപപ്പെടുത്തുന്നത് ആ സമൂഹത്തിന്റെ കണ്ണീരേറ്റുവാങ്ങുന്നവരാണ്. എങ്കിൽ സംസ്കാര സമ്പന്നമായ ഏതൊരു സമൂഹത്തേയും രൂപപ്പെടുത്തുന്നത് ആ കാലഘട്ടത്തിലെ വിദ്യാർത്ഥികളാണ് എന്നുള്ള തിരിച്ചറിവ് അധികാരവർഗ്ഗത്തിന് മനസ്സിലാക്കിക്കൊടുക്കുവാൻ നിങ്ങൾക്ക് ഇനിയും കഴിയേണ്ടിയിരിക്കുന്നു. വിദ്യാർത്ഥിയുടെ ആവശ്യങ്ങൾക്കും അവകാശങ്ങൾക്കുംവേണ്ടി രക്തസാക്ഷിത്വം വഹിച്ച ധീര സഖാക്കളുടെ ആർജ്ജ്വത്വം ഉൾക്കൊണ്ട് വരുംകാലങ്ങളിൽ നിങ്ങളുടെ മൗലിക അവകാശങ്ങൾക്കും പുതിയ ദിശാബോധത്തിനും വേണ്ടി പൊരുതാൻ നിങ്ങൾക്ക് കഴിയണം.

സമ്പത്ത്
യൂണിയൻ ചെയർമാൻ

# കഥയുടെ കലാഭൈരവൻ



മലയാളിക്ക് നിളാനദിപോലെ പ്രിയപ്പെട്ടവയാണ് എം.ടി. യുടെ കൃതികളും. ഒരു എഴുത്തുകാരന്റെ ബലം അയാളുടെ ഭാഷയാണ്. അസാമാന്യമായ കൈയൊതുക്കത്തോടുകൂടി മലയാളം എഴുതാൻ സാധിക്കുന്നു എന്നതുതന്നെയാണ് എം.ടി. യെ വ്യത്യസ്തനാക്കുന്നതും. എം.ടി. യുടെ കൃതികളെ നമ്മൾ ഹൃദയത്തോടുചേർത്ത് നിർത്താനാഗ്രഹിക്കുന്നത് അദ്ദേഹത്തിന്റെ ഭാഷയുടെ ഒടുങ്ങാത്ത ചന്ദനഗന്ധംകൊണ്ടുകൂടിയാണ്.

സാഹിത്യത്തിൽ മാത്രമല്ല സിനിമയിലും ഭാഷയുടെ ബലംകൊണ്ട് അത്ഭുതങ്ങൾ സൃഷ്ടിക്കാൻ എം.ടി.യ്ക്ക് കഴിഞ്ഞു. ആധുനികമായ രചനാസങ്കേതങ്ങൾ അവലംബിക്കുമ്പോഴും ഓരോ മലയാളിയുടേയും കാല്പനിക സ്വപ്നങ്ങളിൽ എം.ടി.യുടെ ഭാഷയും കഥാപാത്രങ്ങളും ഉറങ്ങാതിരിപ്പുണ്ട്. സമകാലികസിനിമയിലും സാഹിത്യത്തിലും എം.ടി.ക്കൊപ്പം വന്നവരും പിമ്പേവന്നവരും വള്ളുവനാടൻ ഭാഷയുടെ പ്രേതരൂപങ്ങളുമായി, വികലമായ അനുകരണങ്ങളുമായി അരങ്ങുവാഴുന്ന ഒരു കാലത്തിരുന്നാണ് നാം ഗൃഹാതു

രത്വത്തോടെ എം.ടി.യിലെ എഴുത്തുകാരനെ അഭിമുഖീക രിക്കുന്നത്.

എം.ടി.യുടെ രചനകൾ മലയാളിയുടെ സാമൂഹിക-സാം സ്കാരിക ജീവിതത്തിൽ എത്രമാത്രം സ്വാധീനം ചെലുത്തി യിട്ടുണ്ട്? സിനിമയിലും സാഹിത്യത്തിലും അതുവരെ നില നിന്നുവന്ന ഐതീഹ്യങ്ങളെ തലകീഴ്മറിക്കാൻ അഥവാ ഒരു പുനർവായനയ്ക്ക് വിധേയമാക്കാൻ എം.ടി.ക്ക് കഴിഞ്ഞു. സിനിമയിൽ ഒരു വടക്കൻ വീരഗാഥ എന്ന ക്ലാസിക് തിരക്ക ഥയിലൂടെയും സാഹിത്യത്തിൽ രണ്ടാമൂഴം എന്ന നോവലി ലൂടെയും എം.ടി.യിലെ പ്രതിഭ നിർവ്വഹിച്ചത് ഈ ചരിത്ര ദൗത്യമായിരുന്നു.

**ചതിയൻ ചന്തു : കഥയും ജീവിതവും**

ചതിയൻ ചന്തുവിന്റെ കൊടുംക്രൂരതകളെപ്പറ്റി നിങ്ങൾക്കെ ന്തറിയാം?

കനത്തസ്വരത്തിൽ ആരോമലുണ്ണി : ആവശ്യത്തിലേറെ.

ചന്തു : ഇരുമ്പാണി തട്ടി മുളയാണിവെച്ച് പൊൻകാരംകൊ ണ്ട് ചുരികവിളക്കാൻ കൊല്ലന് പതിനാറ് പണം കൊടുത്ത വൻ ചന്തു. അടുത്തേയ്ക്ക് വന്ന് കുറേക്കൂടി സ്വരമുയർത്തി :- മാറ്റം ചുരിക ചോദിച്ചപ്പോൾ മറന്നുപോയെന്ന് കളവുപറ ഞ്ഞവൻ ചന്തു. (അയാളുടെ രോഷംകണ്ട് ചെറുപ്പക്കാർ നടു ങ്ങുന്നു.) മടിയിൽ അങ്കത്തളർച്ചയോടെ കിടക്കുന്ന വീരന്റെ വയറ്റിൽ കുത്തുവിളക്കിന്റെ തണ്ടുതാഴ്ത്തി മാറാൻ കൂട്ടത്തി ലേക്ക് ചാടിരക്ഷപെട്ടവൻ ചന്തു.

(ആക്രോശംപോലെ)

കൊടുംചതികൾ പിന്നെയെന്തൊക്കെ പാടിനടക്കു ന്നുണ്ട് പാണർ നിങ്ങളുടെ നാട്ടിൽ?

അയാൾ ശാന്തത കൈവരുത്തുന്നു. പ്രയാസപ്പെട്ട് ഒരു നെടുവീർപ്പോടെ തിരിഞ്ഞുനടക്കുന്നു. നടക്കുമ്പോൾ : നിങ്ങൾ കേട്ടതൊക്കെ ശരിയാണ്, തെറ്റുമാണ്.

സീൻ 6 പകൽ അരിങ്ങോടരുടെ വീട് - പടിപ്പുര

പാണന്മാർ പാടിനടന്നത് ചതിയൻ ചന്തുവിന്റെ കഥക ളായിരുന്നു. അങ്കം കഴിഞ്ഞ് വിശ്രമിക്കാനായി മച്ചുനൻ ചന്തു വിന്റെ മടിയിൽ തലചായ്ച്ചുകിടന്ന ആരോമലുണ്ണിയെ, കുത്തുവിളക്കുകൊണ്ട് കൊലപ്പെടുത്തിയ ഒരു ദുഷ്ടകഥാ പാത്രമാണ് വടക്കൻപാട്ടുകളിൽ ചന്തു.

**"സിനിമയിലും സാഹിത്യത്തിലും അതുവരെ നില നിന്നുവന്ന ഐതീഹ്യങ്ങളെ തല കീഴ്മറിക്കാൻ അഥവാ ഒരു പുനർവായനയ്ക്ക് വിധേയമാ ക്കാൻ എം.ടി.ക്ക് കഴിഞ്ഞു. സിനി മയിൽ ഒരു വടക്കൻ വീരഗാഥ എന്ന ക്ലാസിക് തിരക്കഥയിലൂ ടെയും സാഹിത്യത്തിൽ രണ്ടാ മൂഴം എന്ന നോവലിലൂടെയും എം. ടി.യിലെ പ്രതിഭ നിർവ്വഹിച്ചത് ഈ ചരിത്ര ദൗത്യമായിരുന്നു."**

വടക്കൻപാട്ടുകൾ ഒരു കാലഘട്ടത്തിന്റെ രാഷ്ട്രീയ- സാമൂഹ്യചരിത്രം കൂടിയാണ്. വാമൊഴിയായി രൂപംകൊണ്ട്, പാടിപ്പതിഞ്ഞ കൃതികളാണവ. പലപല കാലഘട്ടങ്ങളിൽ ഉള്ളടക്കത്തിൽ പുതിയ കൂട്ടലും കിഴിക്കലുമൊക്കെ നടന്ന തായി രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ ഇതുവരെ ഉണ്ടായിട്ടുള്ള എല്ലാ മാറ്റങ്ങൾക്കൊടുവിലും ചന്തു ചതിയ നായിത്തന്നെ തുടരുന്നു. 'ചതിയൻ' എന്ന മാറാമുദ്ര നെറ്റി യിൽ ചാർത്തി നൽകപ്പെട്ടെങ്കിലും ചന്തുവിന്റെ വീരത്വം ആരും നിഷേധിച്ചില്ല. എല്ലാ അടവുകൾക്കുംമീതെ അറിവു ള്ളവനാണ് ചന്തുവെന്ന് വടക്കൻപാട്ടുകളിൽനിന്ന് വ്യക്തമാ കുന്നുണ്ട്. അതുകൊണ്ടാകണം ആരോമലിന് തുണ

പോകാൻ പുത്തൂരംവീട് ഒന്നടങ്കം ചന്തുവിനോട് കേണപേക്ഷിക്കുന്നതും.

ചന്തുവിനെക്കുറിച്ച് വടക്കൻപാട്ടുകളിൽനിന്നും മലയാളിക്കറിയാവുന്ന ചരിത്രത്തിന്റെ ചുരുക്കം ഇതാണ്. ആരോമലിനെ ചതിച്ചുകൊന്ന ദുഷ്കീർത്തിയുമായി അലയേണ്ടി വന്നവൻ. ഒടുവിൽ പുത്തൂരംവീട്ടിലെ ഇളംമുറയുടെ കൈകൊണ്ട് മരണമേറ്റുവാങ്ങേണ്ടിവന്നവൻ.

കാലങ്ങളായി പാടിവന്ന ഈ കഥയുടെ പഴുതുകൾക്കിടയിൽനിന്നാണ് എം.ടി. എഴുതുന്നത് നോക്കുക. "ചന്തുവിന്റെ തലവെട്ടിവന്ന് നാടുവാഴിയിൽനിന്നും ദേശവാഴിയിൽനിന്നുമൊക്കെ സമ്മാനം വാങ്ങി ചെറുപ്പക്കാർ എന്ന് പാട്ടിലുണ്ട്. അമ്മമാരും മുത്തശ്ശനും നാടുവാഴി-ദേശവാഴികളുമൊക്കെ അവരെ വാഴ്ത്തിയിരിക്കും. ചന്തു അവർക്ക് അതിനുള്ള അവസരം ഉണ്ടാക്കിക്കൊടുത്തതായി സങ്കല്പിക്കാനാണ് എനിക്ക് താല്പര്യം തോന്നിയത്. ഒരുപാട് കയ്പുകൾ ചവച്ചിറക്കി എല്ലാവരിൽനിന്നും അകന്നുകഴിയുന്ന അയാൾക്ക് അസ്തിത്വം ദാരുണമായ ഒരു പീഡനമാണ്. അതവസാനിപ്പിക്കാൻ പറ്റിയ ഒരു മുഹൂർത്തമാണ് മുന്നിലെത്തിയത്. തനിക്ക് പിറക്കാതെപോയ മക്കളാണ് വെല്ലുവിളിയുമായി മുമ്പിൽ. അവരെ തോല്പിച്ചതുകൊണ്ടോ കൊന്നതുകൊണ്ടോ തനിക്കിനി ഒന്നും നേടാനില്ല. വെട്ടിയെടുത്ത തന്റെ തലകണ്ട് ഉണ്ണിയാർച്ചയടക്കം പുളകംകൊള്ളുന്ന നിമിഷം അയാൾ രോഷത്തോടെ, പകയോടെ മനസ്സിൽ കണ്ടിരിക്കും. ശരി, അവർ സന്തോഷിക്കട്ടെ. ആഘോഷിക്കട്ടെ എന്ന് ചിന്തിച്ചുപോയാൽ അത്ഭുതപ്പെടേണ്ടതില്ല."

ചന്തു ചതിയനായി മാറിയതിന്റെ കഥയല്ല 'ഒരു വടക്കൻ വീരഗാഥ'. മറിച്ച് വടക്കൻപാട്ടുകൾക്കിടയിൽ മറഞ്ഞു കിടന്ന യഥാർത്ഥ ചന്തുവിനെ എം.ടി. കണ്ടെത്തുകയായിരുന്നു. മമ്മൂട്ടിയുടെ കിടയറ്റ അഭിനയവും എം.ടി.യുടെ കുറിക്കുകൊള്ളുന്ന ഡയലോഗുകളുംകൂടി ഒത്തുചേർന്നപ്പോൾ മലയാളിയുടെ മനസ്സിൽ ഉറച്ചുപോയ ഒരു വലിയ മിത്തിന് ഇളക്കം സംഭവിക്കുകയായിരുന്നുവെന്ന് കാലം സാക്ഷ്യപ്പെടുത്തുന്നു.

"ചന്തു ചതിയനായി മാറിയതിന്റെ കഥയല്ല 'ഒരു വടക്കൻ വീരഗാഥ'. മറിച്ച് വടക്കൻപാട്ടുകൾക്കിടയിൽ മറഞ്ഞുകിടന്ന യഥാർത്ഥ ചന്തുവിനെ എം.ടി. കണ്ടെത്തുകയായിരുന്നു. മമ്മൂട്ടിയുടെ കിടയറ്റ അഭിനയവും എം.ടി.യുടെ കുറിക്കുകൊള്ളുന്ന ഡയലോഗുകളുംകൂടി ഒത്തുചേർന്നപ്പോൾ മലയാളിയുടെ മനസ്സിൽ ഉറച്ചുപോയ ഒരു വലിയ മിത്തിന് ഇളക്കം സംഭവിക്കുകയായിരുന്നുവെന്ന് കാലം സാക്ഷ്യപ്പെടുത്തുന്നു."

രണ്ടാമൂഴക്കാരൻ : കഥയും ജീവിതവും

ഭീമൻ മന്ദഹസിച്ചു. പിന്നെ ദ്രൗപതിയുടെ
നെറ്റിത്തടം തഴുകി.
ദ്രൗപതി ഒരിക്കൽക്കൂടി കണ്ണുകൾ തുറന്നടച്ചു.
ശരീരം നിശ്ചലമായി. വിയർപ്പിൽ മുങ്ങിയ
ശിരസ്സ് അയാൾ താഴെവെച്ചു. ഇപ്പോൾ
താമരപ്പൂവിന്റെ സുഗന്ധമില്ല. മനുഷ്യ-
വിയർപ്പിന്റെ മണം.
ഭീമൻ എഴുന്നേറ്റു.
മുമ്പേ നടന്നുപോയവർ അകലെയെത്തി-
ക്കഴിഞ്ഞു മഹാമേരുവിൽ എവിടെയോ
വീഴാത്തവരെ സ്വീകരിക്കാൻ ദേവരഥം

d e w o f t h o u g h t s

ഒരുങ്ങിനിൽക്കുകയാവും

ഗിരിനിരകൾ നോക്കിക്കൊണ്ടു പിന്നേയും ഭീമൻ സംശയിച്ചു. താഴെ മലയിടുക്കിൽ കാടിന്റെ പച്ചത്തലപ്പുകൾ കണ്ടു.

വീണവരുടെ ആത്മാവുകളും വീരസ്വർഗ്ഗത്തിൽ എത്തിച്ചേരുന്നു. വിശപ്പില്ലാത്ത, വിയർപ്പില്ലാത്ത, പൂക്കൾ വാടാത്ത, സ്വർഗ്ഗം. കാമക്രോധാദികളില്ലാത്തവർക്കുള്ള ലോകം.

ഒഴിഞ്ഞുകിടക്കുകയാണിപ്പോൾ രണ്ടാംപീഠം. അവിടെ ഇരിക്കാൻ താനാഗ്രഹിക്കുന്നുണ്ടോ?

അല്ല, ഞാൻ ഇരിക്കേണ്ടിയവനല്ല.

വിജനതയിൽനിന്ന് വിജനതയിലേക്കു കടക്കുമ്പോഴൊക്കെ തന്റെ കണ്ണുകൾ തേടുന്നുണ്ടായിരുന്നു. അജ്ഞാതവനങ്ങളിൽ അലഞ്ഞുതിരിയുന്ന ശത്രു. അശ്വാത്ഥാമാവിന്റെ രൂപം.

ഇല്ല, ഞാൻ ജിതേന്ദ്രിയനായിട്ടില്ല.

വീണുകിടക്കുന്ന ദ്രൗപദി മദ്ധ്യവയസ്സിലും സുന്ദരിയാണെന്നു തോന്നിയ ഭീമൻ ജിതേന്ദ്രിയനല്ല.

സ്ത്രീയെ പങ്കിടുന്നതിൽ സ്വാർത്ഥതയുടെ രോഷം പുകഞ്ഞുകൊണ്ടിരുന്നതിൽ എന്നും ക്ഷത്രിയനുണ്ടായിരുന്നില്ല. അലറി കാടുകുലുക്കിയ കാട്ടാളനായിരുന്നു മനസ്സിൽ.

അകലത്തെ കാടുകളുടെ പച്ചപ്പിലേക്കുനോക്കിനിന്നപ്പോൾ, നഷ്ടപ്പെട്ട ശക്തി ഒഴുകി തിരിച്ചെത്തുന്നതുപോലെതോന്നി. കാട്, ആനമേയുന്ന ഈന്തൽപ്പടർപ്പുകൾ, കാട്ടാടുകളുടെ കൊമ്പുരഞ്ഞു തീപാറുന്ന ശിലാശൃംഗങ്ങൾ. വേട്ടക്കാരുടെ കൊലവിളികൾ. കാട്ടാളരുടെ കളിത്തട്ടായ കാട്. അവിടെയെങ്ങോ കാമത്തിന്റെ തീപ്പൊരികൾ കെടാതെ കാത്ത് ഒരു കറുത്ത സുന്ദരി അലയുന്നുണ്ട്. അവിടെയെങ്ങോ, വ്രണംപൊട്ടിയ ശിരസ്സുമായി ഒരു ശത്രുവും അലയുന്നുണ്ട്. അത് രണ്ടുമുള്ളപ്പോൾ ഒഴിഞ്ഞുകിടക്കുന്ന രണ്ടാമത്തെ പീഠത്തിനു താനർഹനല്ല. ചെങ്കുത്തായ വഴിയിലൂടെ ഇടറാത്ത കാലുകൾ അമർത്തിച്ചവിട്ടി, വീണുകിടക്കുന്ന ശ്യാമമേഘംപോലെ താഴത്തുകാണുന്ന വനഭൂമിയിലെത്താൻവേണ്ടി ഭീമസേനൻ നടന്നു.

അപ്പോൾ വഴികാട്ടാൻവേണ്ടി, വെള്ളിപ്പറവകൾ മേഘങ്ങളിൽനിന്ന് ഇറങ്ങി വ്യൂഹം ചമച്ച് മുമ്പേ, താഴ്വരയിലേക്കു പറന്നു.

**രണ്ടാമൂഴം എം.ടി.**

മഹാഭാരതകഥയിൽ ഭീമനെക്കുറിച്ച് രണ്ട് പക്ഷമില്ലായിരുന്നു. ധർമ്മത്തിനനുസരിച്ച് പ്രവർത്തിച്ചത് പാണ്ഡവരാണെന്നും അല്ല കൗരവരാണെന്നും വാദപ്രതിവാദങ്ങളുണ്ട്. എന്നാൽ അവിടെയെല്ലാം ഭീമൻ പടയ്ക്കും പന്തിക്കും പുറത്തായിരുന്നു. പാഞ്ചാലിക്കുവേണ്ടി കല്യാണസൗഗന്ധികം തേടിയിറങ്ങി പരിഹാസ്യനായ ഭീമസേനനേയേ നമ്മൾ വായിച്ചിരുന്നുള്ളൂ. എത്ര തിന്നാലും മതിയില്ലാത്തവൻ, രാക്ഷസിയോടൊപ്പം രമിച്ചവൻ അങ്ങനെ ശപിക്കപ്പെട്ടവനായി ഭാരതകഥയിലെ ചർച്ചചെയ്യപ്പെടാതെപോയ ഒരു കഥാപാത്രമായിരുന്നു ഭീമൻ.

**"മഹാഭാരതകഥയിൽ ഭീമനെക്കുറിച്ച് രണ്ട് പക്ഷമില്ലായിരുന്നു. ധർമ്മത്തിനനുസരിച്ച് പ്രവർത്തിച്ചത് പാണ്ഡവരാണെന്നും അല്ല കൗരവരാണെന്നും വാദപ്രതിവാദങ്ങളുണ്ട്. എന്നാൽ അവിടെയെല്ലാം ഭീമൻ പടയ്ക്കും പന്തിക്കും പുറത്തായിരുന്നു. പാഞ്ചാലിക്കുവേണ്ടി കല്യാണസൗഗന്ധികം തേടിയിറങ്ങി പരിഹാസ്യനായ ഭീമസേനനേയേ നമ്മൾ വായിച്ചിരുന്നുള്ളൂ. എത്ര തിന്നാലും മതിയില്ലാത്തവൻ, രാക്ഷസിയോടൊപ്പം രമിച്ചവൻ അങ്ങനെ ശപിക്കപ്പെട്ടവനായി ഭാരതകഥയിലെ ചർച്ച ചെയ്യപ്പെടാതെപോയ ഒരു കഥാപാത്രമായിരുന്നു ഭീമൻ. ഈ പതിവുരീതിയെ തിരുത്തിയെഴുതിയത് എം.ടി. ആയിരുന്നു."**

ഈ പതിവുരീതിയെ തിരുത്തിയെഴുതിയത് എം.ടി.യാ യിരുന്നു. 'രണ്ടാമൂഴം' എന്ന മാസ്റ്റർപീസിലൂടെ എം.ടി. അവ തരിപ്പിച്ചത് ഇതുവരെ ആർക്കുമറിയാത്ത ഭീമസേനൻ എന്ന മനുഷ്യന്റെ ചിത്രമായിരുന്നു.

ഭാരതയുദ്ധത്തിൽ കേന്ദ്രസ്ഥാനം വഹിച്ചത് ഭീമനായി രുന്നു. നേർക്കുനേരെ നിന്ന്, പോരടിച്ചത് ഭീമനായിരുന്നു. എതിർപക്ഷത്ത് ഭീമനുണ്ട് എന്ന അറിവ് ശത്രുക്കളുടെ ഉറ ക്കംകെടുത്തിയിരുന്നു. പക്ഷെ യുദ്ധം ജയിച്ചിട്ടും ഒന്നും നേടാത്തവനായി, അലയാനായിരുന്നു ഭീമന്റെയും വിധി. ഭീമന്റെ ജീവിതത്തിലെ ഏറ്റവും വലിയ സ്വാധീനം ദ്രൗപദി മാത്രമായിരുന്നു. ഭാരതയുദ്ധത്തിൽ ഏറ്റവും വർദ്ധിച്ച സാഹ സികത പ്രദർശിപ്പിച്ചത് അർജ്ജുനനോ കർണ്ണനോ ആയി രുന്നില്ല എന്ന തിരിച്ചറിവ് എം.ടി.ക്കുണ്ടായിരുന്നു.

എം.ടി.യുടെ അഭിപ്രായത്തിൽ; ശക്തി ശാപവും ഭാരവുമായ ഭീമനെ പിന്തുടർന്ന് മഹാഭാരത്തിന്റെ പ്രപഞ്ച ത്തിലൂടെ സഞ്ചരിക്കുമ്പോൾ ഊശാന്താടിയും പെരുവയറും വലിയ ഗദയും ചേർന്നതല്ല ഈ കഥാപാത്രമെന്ന് വ്യക്തമാ കും. കാമമോഹവൈരാഗ്യങ്ങൾ മറച്ചുപിടിക്കേണ്ട ബാദ്ധ്യ തയില്ലാത്ത പ്രാകൃതനായ യോദ്ധാവ്. തത്ത്വചിന്തകളുടേയും ആര്യ നിയമങ്ങളുടേയും കെട്ടുപാടുകളില്ലാത്ത വെറും മനു ഷ്യൻ. ആ കിരാതന്റെ നിഷ്കളങ്കത ദ്രൗപദിയുമായുള്ള ബന്ധത്തിൽ പലേടത്തും പ്രകടമാകുന്നുണ്ട്. കല്ല്യാണസൗ ഗന്ധികപ്പൂവുമായി തിരികെയെത്തുന്ന ഭീമന് ബാക്കിയാവു ന്നത് പൂവിന്റെ കഥതന്നെ മറന്ന ദ്രൗപദിയും മറ്റുള്ളവരുടെ പരിഹാസവും മാത്രമാണ്.

ഇങ്ങനെ ഒരു മനുഷ്യൻ എന്നനിലയിൽ ഭീമൻ അനുഭ വിച്ച ആത്മീയവും മാനസികവുമായ ഒറ്റപ്പെടലുകളും തിര സ്കാരവുമാണ് രണ്ടാമൂഴത്തിലെ കേന്ദ്രപ്രമേയം. "മഹാ ഭാരത്തിലെ ചില മാനുഷിക പ്രതിസന്ധികളാണ് എന്റെ പ്രമേയം. ആ വഴിക്ക് ചിന്തിക്കാൻ അർത്ഥഗർഭമായ നിശ്ശ ബ്ദതകൾ കഥ പറയുന്നതിനിടയ്ക്ക് കരുതിവച്ച കൃഷ്ണ ദ്വൈപായനന് പ്രണാമങ്ങൾ.

ഇതിഹാസങ്ങൾക്കിടയിലെ നിശ്ശബ്ദതകളിൽനിന്ന് എം.ടി. പുതിയ കഥകളുണ്ടാക്കുന്നു. ഒരു പെരുന്തച്ചന്റെ സൃഷ്ടിവൈഭവത്തോടെ അദ്ദേഹം അത് നിർവ്വഹിക്കുന്നു ണ്ട്. വ്യാസഭാരതത്തിലും വടക്കൻപാട്ടുകളിലും ഇനിയും ഒരു പാട് നിശ്ശബ്ദമായ, നിഗൂഢമായ ഇടങ്ങളുണ്ട്. പ്രതിഭയുള്ള എഴുത്തുകാരൻ അവയ്ക്ക് പുതിയ ആവിഷ്കാരങ്ങൾ നൽകുന്നതിന് എം.ടി.യുടെ കൃതികൾ സാക്ഷ്യം പറയുന്നു.

കുറിപ്പുകൾ

1. ഒരു വടക്കൻ വീരഗാഥ - തിരക്കഥ എം.ടി.
2. രണ്ടാമൂഴം (നോവൽ) - എം.ടി.
3. വടക്കൻപാട്ടുകളുടെ ചരിത്രം - കേരള ഫോക്ലോർ അക്കാദമി.

**''ഇതിഹാസങ്ങൾക്കിട യിലെ നിശ്ശബ്ദതകളിൽനിന്ന് എം.ടി. പുതിയ കഥകളുണ്ടാക്കു ന്നു. ഒരു പെരുന്തച്ചന്റെ സൃഷ്ടി വൈഭവത്തോടെ അദ്ദേഹം അത് നിർവ്വഹിക്കുന്നുണ്ട്. വ്യാസഭാര തത്തിലും വടക്കൻപാട്ടുകളിലും ഇനിയും ഒരുപാട് നിശ്ശബ്ദമായ, നിഗൂഢമായ ഇടങ്ങളുണ്ട്. പ്രതി ഭയുള്ള എഴുത്തുകാരൻ അവയ്ക്ക് പുതിയ ആവിഷ്കാ രങ്ങൾ നൽകുന്നതിന് എം. ടി.യുടെ കൃതികൾ സാക്ഷ്യം പറ യുന്നു."**



**ABHILASH S.**
III B.Com.

# കഥയറിയാത്ത കാഥികൻ

പേന പിടിച്ച അയാളുടെ കരങ്ങൾ കടലാസിലൂടെ തെന്നിനീങ്ങിയപ്പോൾ അതിൽ കുറെ അക്ഷരങ്ങൾ പിറവിയെടുക്കുകയായിരുന്നു. സായാഹ്നങ്ങളുടെ മഞ്ഞപ്രഭയിലോ പ്രഭാതങ്ങളുടെ ............ അനുവാദമില്ലാതെ മനസ്സിലേയ്ക്ക് കടന്നുവന്ന ഒത്തിരി സാങ്കല്പികതകൾ. മാംസളമായ ശരീരങ്ങളോ ജീവസ്സുറ്റ ആത്മാവോ അവൾക്കുണ്ടായിരുന്നില്ല. ഗാഢമായ ചിന്തകൾക്ക് തിരികൊളുത്താതെ കയറിവന്ന അതിഥിയെ സ്വീകരിക്കുവാനെന്നോണം ആ സാങ്കല്പികതകളെ അദ്ദേഹം കഥകൾ ആയി രൂപാന്തരപ്പെടുത്തി. പുതുമഴയിലെ ഈയാമ്പാറ്റകളെപ്പോലെ ചിറകുവച്ച് പറക്കുന്ന യാഥാർത്ഥ്യങ്ങളായി ക്രമേണ അവകൾ മാറുവാൻ തുടങ്ങി. ചേതനയില്ലാത്ത ശിലാഫലകത്തെ ജീവസ്സുറ്റതാക്കിമാറ്റുന്ന മാന്ത്രികശില്പിയുടെ നിർവൃതി ആയിരുന്നു അപ്പോൾ അയാളുടെ മനസ്സിന്. കാലം കടന്നുപോയി. ആ കഥകൾ വളർന്ന് വലുതായി. വിശ്വപ്രശസ്തങ്ങളായി. പുസ്തകങ്ങൾ ആയി പരിണമിച്ചു. വേദികളിൽ അവതരിപ്പിക്കപ്പെട്ടു. കാഥികൻ വിഖ്യാതനായി. പണവും പുരസ്കാരങ്ങളും തേടിയെത്തി. പക്ഷേ, സാത്വികനും ശാന്തനുമായ ആ കഥാകാരന്റെ പേനത്തുമ്പിലൂടെ അക്ഷരത്തുണ്ടുകൾ നിശബ്ദമായി അപ്പോഴും പൊഴിഞ്ഞുവീണുകൊണ്ടേയിരുന്നു. പ്രതികൂലതകളോ കാലുഷ്യതകളോ ആ പ്രവാഹത്തെ ബാധിച്ചതേയില്ല. അവിചാരിതമായി കടന്നുവരുന്ന ജീവിതവൈതരണികളെ വഴിയിൽകാത്തുനിർത്തി അയാൾ തന്റെ ജോലിയിൽ വ്യാപൃതനായിക്കൊണ്ടിരുന്നു..... കൗമാരവും യൗവ്വനവും കാലത്തിന്റെ ചുവടുപിടിച്ച് അവയ്ക്കുപിന്നാലെ കൂടിയത് അയാളറിഞ്ഞതേയില്ല. മോഹങ്ങൾക്കും സ്വപ്നങ്ങൾക്കും കുടിയേറാനിടം കൊടുക്കാതെ അവകളോട് അയാൾ യാത്രാമൊഴി ചൊല്ലി. ഓളങ്ങളില്ലാത്ത കായൽപ്പരപ്പിലൂടെ തെന്നിനീങ്ങുന്ന ചെറുതോണിപോലെ ആയിരുന്നു ആ ജീവിതനൗകയുടെ സഞ്ചാരം.

സുദീർഘമായ സുഖനിദ്രപോലെ ആ ജീവിതവഴിയിലൂടെ അയാൾ അനവരതം ചലിച്ചുകൊണ്ടേയിരുന്നു. നിദ്രയിലെ പേക്കിനാവുപോലെ ഒരു ദിനം വാർദ്ധക്യം അയാളെ വിളിച്ചുണർത്തി. "എന്താ എഴുത്ത് നിർത്തിയോ?" മന്ദഹാസം പൊഴിക്കുന്ന മുഖത്തോടെ അയാൾ മറുപടി പറഞ്ഞു. ഇല്ല കഥകൾ ഇനിയും ഒരുപാടുണ്ട്. പക്ഷേ, അവകൾ ഒന്നും പഴയതുപോലെ സാങ്കല്പികതകളോ കാൽപ്പനികതകളോ അല്ല. ജീവനുള്ള യാഥാർത്ഥ്യങ്ങൾ മാത്രം. പേന പിടിച്ച് തഴമ്പിച്ച കൈകൾ താളുകളിലൂടെ ചലിപ്പിച്ച് ഓർമ്മപുസ്തകത്തിന്റെ അവസാനപേജിൽ അയാൾ കുറിച്ചിട്ടു. "ഈ അവസാന സമയത്തും എനിക്ക് എഴുതുവാൻ അറിയാതെ പോയ ഒരു കഥയുണ്ട്. എന്റെ ജീവിതകഥ." ■

**JASIR B.**
IInd Islamic History

dew of thoughts



Reshin S.
III Physics

# ഓർമ്മകൾ ഉണർത്തുന്ന പടവുകൾ

ഒരു കൂട്ടുകാരൻ എന്നതിലുപരി ഒരു അനുജനെപ്പോലെ എന്നെ സ്നേഹിച്ച്; ഹൃദയത്തിൽ സ്നേഹവും നന്മയും സൂക്ഷിക്കുന്ന എന്റെ സമ്പത്തിനെയും അഭിലാഷിനെയും നിയാസിനെയും ഓർമ്മിച്ചുകൊണ്ട്.

വേർപാടും വേദനയും നിറഞ്ഞുനിൽക്കുന്ന ക്യാമ്പസ് അന്തരീക്ഷം. ഫിസിക്സ് ലാബിൽനിന്നും മനംമടുപ്പിക്കുന്ന പരീക്ഷണങ്ങൾ നടത്തിക്കഴിഞ്ഞ് ക്യാമ്പസിന്റെ വിശാലതയിലേക്കിറങ്ങിയപ്പോൾ പുതിയൊരു അനുഭൂതി തോന്നി. ക്യാമ്പസ് വിജനമായിരുന്നു. വിദ്യാർത്ഥികളെല്ലാംതന്നെ ക്ലാസ്സുകൾ കഴിഞ്ഞ് അവരവരുടെ ലക്ഷ്യസ്ഥാനത്തേയ്ക്ക് യാത്രയായി. മനസ്സിൽ എന്തൊക്കെയോ ഓർമ്മിച്ചുകൊണ്ട് ഞാൻ കാമ്പസിന് പുറത്തേയ്ക്ക് നടന്നു. യാദൃശ്ചികമായി എന്റെ കണ്ണുകൾ ലൈബ്രറിയിലേയ്ക്ക് പോകാനുള്ള ആ പടവുകളിലേയ്ക്ക് പോയി. എന്റെ കലാലയദിനങ്ങളിൽ തിയറി ക്ലാസ്സുകൾ കഴിഞ്ഞ് ഞാനും സമ്പത്തും ചില ദിവസങ്ങളിൽ അഭിലാഷും നിയാസും ആ ദിവസത്തെ കലാലയാനുഭവങ്ങൾ പങ്കുവയ്ക്കാറുള്ള ആ പടവുകൾ. ആ പടവുകൾ എന്നെ ഇനിയുള്ള പ്രകാരം ചിന്തിക്കാനിടയാക്കി.

ഞാൻ ക്ലാസ്സ് കഴിഞ്ഞാൽ ആദ്യം തിരക്കുന്നത് സമ്പത്തിനെയായിരിക്കും. ലൈബ്രറിയിലോ കോളേജ് ആഡിറ്റോറിയത്തിലോ അവൻ കാണും. കാമ്പസിൽ അവിടവിടെയായി കുറേപ്പേരെ കാണാൻ കഴിയും. സമയംചെല്ലുമ്പോൾ അവരും യാത്രയാകും. ഞാനും സമ്പത്തും ജിംനേഷ്യത്തിലേയ്ക്ക് നടക്കും. അവിടെ നിയാസും അഭിലാഷും അവരുടെ ശാരീരികക്ഷമത വർദ്ധിപ്പിക്കാനുള്ള ശ്രമത്തിലായിരിക്കും. കുറച്ചുനേരം അവിടെ ചെലവഴിച്ചതിനുശേഷം ഞങ്ങൾ ലൈബ്രറിയിലേക്കുള്ള ആ പടവുകളിൽ വിശ്രമിക്കും. മൂന്നാം വർഷ ഗണിത ശാസ്ത്ര വിദ്യാർത്ഥികളായ സജു, ഷാ, നസ്സിം എന്നിവർ അവരുടേതായ സന്തോഷങ്ങളും



സ്വകാര്യതകളും അവിടെ പങ്കുവയ്ക്കുന്നത് കാണാം. ചിലപ്പോൾ അവരുടെ സ്വകാര്യതകളിൽ ഞങ്ങളും പങ്കുചേരാറുണ്ട്.

നിറമുള്ള ആ സായാഹ്നങ്ങളിൽ ഞങ്ങൾ എന്തെല്ലാം സംസാരിച്ചു.? എന്തിനെയെല്ലാം കുറിച്ച് സംസാരിച്ചു.? എന്നു ചോദിച്ചാൽ ഒന്നിനെക്കുറിച്ചും സംസാരിക്കാതിരുന്നില്ല എന്ന് മറുപടി പറയേണ്ടിവരും. സമ്പത്തിന് കൂടുതലിഷ്ടം കവിതകളോടാണ്. കാമ്പസിന്റെ നിശബ്ദതയിൽ പേരറിയാത്ത ആ മരത്തിന്റെ സാന്നിദ്ധ്യത്തിൽ ആ മരം പേരറിയാത്ത ഒരു മരമായി മാത്രം എന്നും എന്നിൽ നിലനിൽക്കട്ടെ. വയലാറിന്റെയും ഒ.എൻ.വി.യുടെയും ബാലചന്ദ്രൻ ചുള്ളിക്കാടിന്റെയും കവിതകൾ ഞാൻ സമ്പത്തിനുവേണ്ടി ചൊല്ലുമായിരുന്നു. സമ്പത്തിന്റെ പ്രിയപ്പെട്ട വരികളായിരുന്നു.

"പേരറിയാത്ത പെൺകിടാവേ
നിന്റെ നേരറിയുന്നു ഞാൻ പാടുന്നു."

(കോതമ്പു മണികൾ-ഒ.എൻ.വി.)

"വിശ്വസംസ്കാരവേദിയിൽ
പുത്തനാം അശ്വമേധം നടത്തുകയാണു ഞാൻ
ഈശ്വരനല്ല, മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ"

(അശ്വമേധം-വയലാർ)

"കനകമൈലാഞ്ചി നീരിൽ തുടുത്ത നിൻ
വിരൽ തൊടുമ്പോൾ കിനാവ് ചുരന്നതും
നെടിയ കണ്ണിയെ കൃഷണകാന്തങ്ങൾ തൻ
കിരണമേറ്റന്റെ ചില്ലകൾ പൂത്തതും"
(സന്ദർശനം-ചുള്ളിക്കാട്)

"എന്റെ കവിതകൾ
പൂത്തുനിൽക്കുന്ന മരങ്ങളില്ല
മഞ്ഞുതുള്ളിയുടെ സ്നേഹസ്പർശമില്ല
എന്തെന്നാൽ; ഞാൻ കാണുന്നത്
തെരുവിലൊഴുക്കുന്ന ചോരയാണ്"
(പാബ്ലോ നെരൂദ)

ഇങ്ങനെ അനേകം കവിതകൾകൊണ്ട് സാന്ദ്രമാകാറുള്ള ഞങ്ങളുടെ സായാഹ്നങ്ങൾ. അഭിലാഷും നിയാസും ഞങ്ങളോടൊപ്പം ചേർന്നാൽ പിന്നെ ചൂടുപിടിച്ച ചർച്ചയായിരിക്കും; കോളേജ് ഇലക്ഷനെപ്പറ്റിയോ, യൂണിയൻ പ്രോഗ്രാമുകളെ സംബന്ധിച്ചോ ഉള്ള ചർച്ച ഞങ്ങൾ അവിടെനിന്ന് യാത്രയാകുന്നത് ഒരു നിറഞ്ഞ മനസ്സുമായിട്ടായിരിക്കും.

കോളേജിൽ ഞങ്ങളുടെ അവസാനവർഷം നിർമ്മിച്ച ആ പടവുകൾ ഞങ്ങളുടെ ഓർമ്മയാകുന്ന പുസ്തകത്തിലെ താളുകളിൽ സ്നേഹം കൊണ്ട് എഴുതപ്പെട്ട കുറെ സ്മരണകൾ സമ്മാനിക്കുന്നു. എല്ലാറ്റിനും സാക്ഷിയായി. ആ പേരറിയാത്ത ഇത്രയും എന്നെ ചിന്തിപ്പിച്ചത് വേർപാട് എന്ന വേദനയാണ്. നാളെ ദിവസങ്ങൾ കൊഴിഞ്ഞുപോകുംതോറും ഞാനും സമ്പത്തും അഭിലാഷും നിയാസും ഞങ്ങളുടെ ഓർമ്മകളുമായി ക്യാമ്പസിനോട് വിടപറയും.

കലാലയത്തിൽ വീണ്ടും സ്നേഹസായാഹ്നങ്ങൾ വിടരും. നിശബ്ദതയുണ്ടാവും. ആ നിശബ്ദതയ്ക്ക് കൂട്ടായി നിങ്ങളാരെങ്കിലും ഞങ്ങളുപേക്ഷിച്ച് പോകുന്ന ആ പടവുകളെ തേടി ചെല്ലും. അവിടെയിരുന്ന് നിങ്ങൾ നിങ്ങളുടെ സ്വപ്നങ്ങളും സ്വകാര്യതകളും പ്രണയവും സന്തോഷവും ദുഃഖവും പങ്കുവയ്ക്കുമ്പോൾ തൊട്ടടുത്തുനിൽക്കുന്ന, ഞാൻ പേരറിയാൻ ഇഷ്ടപ്പെടാത്ത ആ മരത്തിലേയ്ക്ക് നിങ്ങൾ നോക്കിയാൽ ആ വൃക്ഷം നിങ്ങളോട് ഇങ്ങനെ സംസാരിക്കും. "കൂട്ടുകാരെ, നിങ്ങൾക്ക് മുമ്പേയുള്ള കലാലയസായാഹ്നങ്ങളിൽ സമ്പത്തും അഭിലാഷും നിയാസും റെഷിനും അവരുടെ ചർച്ചകൾ കൊണ്ടും കവിതകൾ കൊണ്ടും പാട്ടുകൾകൊണ്ടും ധന്യമാക്കിയിരുന്നു. അവർ നിറഞ്ഞ മനസ്സുകളുമായി അവിടെനിന്നും യാത്രയായി. നിങ്ങളും അങ്ങനെതന്നെയായിരിക്കട്ടെ. മനസ്സിൽ സ്നേഹവും നന്മയും മാത്രം സൂക്ഷിക്കുക. അവർ യാത്രയായപ്പോൾ എനിക്ക് നഷ്ടമായ സന്തോഷം നിങ്ങൾ എനിക്ക് തിരികെ നൽകുക. നാളെ നിങ്ങളും ഈ കലാലയത്തിന്റെ പടവുകളിറങ്ങും. പക്ഷേ, ഞാനിവിടെത്തന്നെ നിൽക്കും. പുതിയ കൂട്ടുകാരെ തേടി, എന്റെ കടയ്ക്കൽ ഒരു മരം വെട്ടുകാരൻ അവന്റെ വായ്ത്തല രാകിത്തേച്ച് കോടാലി വയ്ക്കുന്നതു വരെ."

---

# കാല്പനിക വസന്തം

പൊൻപ്രഭയേറും സൂര്യശോഭയുമായ്
വന്നണയുന്നൊരീ കാല്പനികം.
ജന്മത്തിൻ പുണ്യദിനങ്ങളാ കാലം
മനതാരിൽ തെളിയുന്നു നവഭാവനകൾ.
സുഖശീതളഭാവനകൾ മൊട്ടിട്ടുവിരിയുന്ന
എൻ ഹൃദയാംഗണത്തിൻ മലർവനിയിൽ
വർണ്ണമെഴുന്നൊരു പൂമ്പാറ്റയായ് ഞാൻ
നിർണ്ണയം പൂന്തേൻ നുകർന്നിരിക്കും
പൂവിൻ നിന്നുതിരുമാ മോഹസുഗന്ധത്തിൻ
തിരതല്ലുമാനന്ദം മനസ്സിനുള്ളിൽ
സൗഹൃദമേകുമീ പുത്തനുണർവ്വുമായ്
ഭാവനകൊണ്ടു കളം വരയ്ക്കും
കാലം നയിക്കുന്ന തേരിൽ ഋതുക്കളും
കാല്പനികസത്യവും വന്നുപോകും.

**KRISHNASREE**
Ist Botany

# Campus Clicks

























# ഹൃദയം പ്രണയകാലങ്ങളിലാണ്

dew of thoughts

ഇനി എന്റെ കാമ്പസിന് പ്രണയമില്ല. ഇനി എന്റെ കാമ്പസിന് രാഷ്ട്രീയമില്ല. ഇന്റർനെറ്റ് കഫേയിലെ നനുത്ത ഇരുട്ടിൽ, ഐസ്ക്രീം പാർലറുകളിലെ തണുപ്പു കിനിയുന്ന നവമുനകളിൽ, തണൽമരങ്ങളില്ലാത്ത ഇടവഴികളിൽ എവിടെയാണ് നമ്മൾ നമ്മുടെ പ്രണയവും രാഷ്ട്രീയവും മറന്നുവച്ചത്. മുദ്രാവാക്യങ്ങളുടെ ആരവങ്ങളൊഴിഞ്ഞ ഒരു തലതെറിച്ച കാലത്തിരുന്ന് ഞാനോർക്കുകയാണ്. നമ്മൾ പ്രണയിച്ചിരുന്ന ആ കാലം.

"ഇനി എന്റെ കാമ്പസിന് പ്രണയമില്ല. ഇനി എന്റെ കാമ്പസിന് രാഷ്ട്രീയമില്ല. ഇന്റർനെറ്റ് കഫേയിലെ നനുത്ത ഇരുട്ടിൽ, ഐസ്ക്രീം പാർലറുകളിലെ തണുപ്പു കിനിയുന്ന നവമുനകളിൽ, തണൽമരങ്ങളില്ലാത്ത ഇടവഴികളിൽ എവിടെയാണ് നമ്മൾ നമ്മുടെ പ്രണയവും രാഷ്ട്രീയവും മറന്നുവച്ചത്. മുദ്രാവാക്യങ്ങളുടെ ആരവങ്ങളൊഴിഞ്ഞ ഒരു തലതെറിച്ച കാലത്തിരുന്ന് ഞാനോർക്കുകയാണ്. നമ്മൾ പ്രണയിച്ചിരുന്ന ആ കാലം"

ആ പഴയ പ്രണയലേഖനത്തിന്റെ ഇതൾവിടർത്തുമ്പോൾ എന്റെ ഹൃദയത്തിന്റെ മിടിപ്പുകൾ നീയറിയുന്നുണ്ടാവും. എന്റെ വിരലുകളുടെ ഗന്ധം നിന്നെ ഓർമ്മങ്ങളുടെ മതിൽക്കെട്ടുകളിൽ ചുഴറ്റിയെറിയുന്നുണ്ടാവും. തീർച്ച.

പ്രിയപ്പെട്ടവളേ,

നീയിപ്പോൾ എന്തെടുക്കുകയാവും?

നീ എന്നെ സ്വപ്നം കണ്ടുകിടക്കുകയാണ് എന്നു കരുതാനാണ് എനിക്കിഷ്ടം. ഞാനിപ്പോൾ സ്വപ്നങ്ങളുടെ ഭാഷ പഠിക്കുകയാണ്. ഇതുവരെയും എനിക്കറിയാൻ കഴിയാതിരുന്ന ഒരു ഭാഷ. കായലിന്റെ തീരത്ത് ഒറ്റയ്ക്കിരിക്കാറുള്ള വൈകുന്നേരങ്ങളിൽ, പെട്ടെന്ന് ഇരുൾ വന്നുവീഴുമ്പോൾ, അവസാനത്തെ വള്ളവും ആളില്ലാതെ ദൂരേയ്ക്ക് ഒഴുകിനീങ്ങിപ്പോകുന്നത് കാണുമ്പോൾ, മനസ്സ് വല്ലാതെ തേങ്ങിയിരുന്നു. ഈ തീരത്ത് ഞാൻ മാത്രം ഏകനായതുപോലെ...

എന്റെ ഹൃദയത്തിന്റെ ഒരറയിൽ ഞാൻ ഒരുപിടി കുന്നിമണികൾ സൂക്ഷിച്ചിരുന്നു. എന്റെ രക്തത്തിന്റെ ചൂടേറ്റാകണം എന്റെ ഏകാന്തതയിൽ അവ നക്ഷത്രങ്ങളെപ്പോലെ തിളങ്ങിയിരുന്നു. ആ നക്ഷത്രങ്ങളുടെ പ്രണയമേറ്റുവാങ്ങാൻ പെട്ടെന്നൊരുദിനം നീ എത്തുമെന്ന് ഞാനോർത്തതേയില്ല.

ആദ്യമായി നിന്റെ കണ്ണുകളുടെ നിഷ്കളങ്കത എന്നെ പൊതിഞ്ഞത് ഞാനോർക്കുന്നു. കോളേജിലേയ്ക്ക് പോകുന്ന വഴിയിൽ നിൽക്കുന്ന ആ വാകമരം നീയോർക്കുന്നോ? അന്നത് പൂക്കാറേയില്ലായിരുന്നു. കഴിഞ്ഞ മൂന്നുവർഷവും ഞാനതുവഴി

പോകുമ്പോഴൊക്കെ ഉണങ്ങിവരണ്ട ആ വാകമരം അവിടുണ്ടായിരുന്നു. ശക്തിയായി, ഒരു കാറ്റുവന്നുവിളിച്ചാൽ അത് മറിഞ്ഞുവീഴുമെന്ന് തോന്നിയിരുന്നു.

ഒരു പൂവുപോലുമില്ലായിരുന്ന ആ ദിനങ്ങളിലും ഞാൻ അതിനു ചുവട്ടിൽ കുറച്ചുസമയം നിൽക്കാറുണ്ടായിരുന്നു. എന്തോ എനിക്കതിനോട് വല്ലാത്തൊരിഷ്ടം തോന്നിയിരുന്നു. പിന്നീട് അപ്രതീക്ഷിതമായി പെയ്ത ഒരു മഴയിൽ എന്റെ വാകമരം തളിർത്തു. തുടർച്ചയായ അവധിദിവസങ്ങളുടെ ഇടവേളയ്ക്കുശേഷം ഞാനത് വീണ്ടും കാണുമ്പോൾ അത് നിറയെ പൂവിട്ടിരുന്നു. ചുവന്ന വാകപ്പൂക്കൾ എന്നെ നോക്കി ചിരിക്കുന്നുണ്ടായിരുന്നു. എന്റെ മനസ്സും വല്ലാതെ നിറഞ്ഞു. അന്ന് അങ്ങനെ നിൽക്കുമ്പോഴായിരുന്നല്ലോ, നീ എന്നെ ആദ്യമായി കണ്ടത്. നീ എന്തിനാണ് അന്ന് എന്നെ നോക്കി ചിരിച്ചത്.

പിന്നീട് നാം എത്രയോ വട്ടം കണ്ടിരിക്കുന്നു. എത്രയോ മണിക്കൂറുകൾ സംസാരിച്ചിരിക്കുന്നു. എന്നിട്ടും നിന്റെ അന്നത്തെ ചിരിയുടെ രഹസ്യം നീ ഇതുവരെയും പറയാത്തതെന്താണ്? എന്റെ ഹൃദയത്തിൽ ഞാൻ സൂക്ഷിച്ചുവച്ചിരുന്ന കുന്നിമണികളുടെ രഹസ്യം ഞാൻ പറയാതെ നീ എങ്ങനെയാണ് അറിഞ്ഞത്? എന്റെ വിഷാദമൂകമായ ഏകാന്തത നിനക്ക് ഇഷ്ടമാണെന്ന് പറഞ്ഞ ദിവസം എന്റെ മനസ്സ് ഒരു തുമ്പിയെപ്പോലെ പറന്നുനടക്കുകയായിരുന്നു.

നീ അടുത്തുനിൽക്കാറുള്ളപ്പോൾ എന്റെ സിരകളിൽ നിറയാറുള്ള നിന്റെ ഗന്ധം ഇപ്പോൾ ഈ മുറിയിലുണ്ട്. പുറത്ത് മഴ പെയ്യുന്നുണ്ട്, നിർത്താതെ. പുതുമണ്ണിന്റെ ഗന്ധമുയരുന്നു. നിന്റെ ശരീരത്തിനും അതേ ഗന്ധമാണെന്ന് എനിക്കുതോന്നുന്നു.

ഇത് അവസാനത്തെ മെഴുകുതിരിയാണ്. ഇത് സ്വയം എരിഞ്ഞുതീരുകയാണ്. ഞാനും നിനക്കായി ഉരുകുകയാണ്. പ്രിയപ്പെട്ടവളെ, ഞാൻ അവസാനിപ്പിക്കട്ടെ... ഇനി എല്ലാം നേരിൽ പറയാം. ഒരു സമുദ്രം മുഴുവൻ ഒളിപ്പിച്ചിരിക്കുന്ന നിന്റെ കണ്ണുകളെ സ്വപ്നംകണ്ട് നിന്റെ സ്വപ്നത്തിലെ...........

**"ഇത് അവസാനത്തെ മെഴുകുതിരിയാണ്. ഇത് സ്വയം എരിഞ്ഞുതീരുകയാണ്. ഞാനും നിനക്കായി ഉരുകുകയാണ്. പ്രിയപ്പെട്ടവളെ, ഞാൻ അവസാനിപ്പിക്കട്ടെ... ഇനി എല്ലാം നേരിൽ പറയാം. ഒരു സമുദ്രം മുഴുവൻ ഒളിപ്പിച്ചിരിക്കുന്ന നിന്റെ കണ്ണുകളെ സ്വപ്നംകണ്ട് നിന്റെ സ്വപ്നത്തിലെ..........."**



**AMEER**
IInd Islamic History





**LIJI BEEGUM N.**
IInd Physics

# Love Letter *from* Miss Electricity *to* Mr. Magnetism

My dear Magnetism,

I first say you in the 'choke' park yesterday and from that moment my young heart is continously oscillating.

In 'TAN-A' position you were sitting in the region of two mutually perpendicular magnetic fields. You were looking so attractive that the north pole of my heart was at once moved towards your south pole. The reflection of your eyes made a real image of my heart on the C.R.T. screen. The deflection on your face and frequency of your voice can magnetic my iron body. No resistance can resist my attraction for you. I request you now to meet me at the 'Post Office Box', near the 'Wheat Stone Bridge' on 'Faraday' (Friday) at kilo-watt hour.

If you don't come, the circuit of my heart will collapse and I will commit suicide by jumping in the 'Electron River'from the 'Neutral Point'. So please meet me. Let me end this letter with lots of 'ohms'.

Yours chargefully

Electricity

# ശാഠ്യം

കണ്ടു ഞാനങ്ങ് ദൂരെ
വേണ്ട കണ്ടില്ലെന്നു നടിച്ചു.
ഈഡിപ്പെസെന്നെ വിളിച്ചു.
വിധിയുടെ മുഖവുര കീറിഞാനെറിഞ്ഞു.
അകലങ്ങൾക്കൊടുവിലടുപ്പം വച്ചു.
ഞാനടുപ്പമറിയാതെ നടിച്ചു.
അപ്പോളൊയെന്നാരോ-
ആർത്തുവിളിച്ചു.
ഞാനൊരു ചെകിടൻ ചമഞ്ഞു.
കണ്ടെന്നുവരുത്തിയൊന്നു ചിരിച്ചു.
പക്ഷേ, മിണ്ടില്ലെന്നു ശഠിച്ചു.
സീയൂസെന്നെ വാഴ്ത്തി.
ഞാനൊരു കുബേരനായി ചമഞ്ഞു.
കണ്ണുയർത്തി ചിരിച്ചു.
കണ്ടില്ലെൻ വിധിയെങ്ങ്
പോയെന്നോർത്തു!



**NASIM M.**
Ist BCom.




*When opressed or depressed*
*When deeply distressed*
*Under a mountain of worry*
*'Just Smile'*
*When you have promises to keep*
*Miles to go before you sleep*
*Just stop for a while and*
*then 'Smile'*
*When tragedy strikes with its might*
*And dearest ones depart*
*Have a good cry for a while*
*then 'Smile'*
*When wrongly criticised*
*Ridiculed or slandered*
*Don't be sour and bitter, but 'Smile'*
*Its a magic cure, my friend*
*To keep you mind sane and sounel*
*All year round*
*so 'Smile'*



**DHANYA N.**
IInd Bio-chemistry

# നഷ്ടസ്വപ്നം

അശ്രുപൊഴിയുന്ന നിൻ നയനങ്ങളിൽ ഞാൻ കണ്ടു
ഏതോ വിങ്ങലിൻ ഓർമ്മകൾ
കണ്ണിമവെട്ടാതെ നീയെന്നെ നോക്കി
സ്നേഹമാം വലയത്തിൽ ചേർത്തിടുമ്പോൾ
ഒന്നാകുവാൻ കൊതിച്ചു നാം നിലാവും
ചന്ദ്രനും പോൽ.
ആരും കൊതിക്കുമാ അനുരാഗ നിമിഷങ്ങൾ
ആർക്കായ് നാം കടം കൊടുത്തു.
ഓർമ്മയിൽ വന്നുമെന്നാലെന്റെ മുഖം
ഓർക്കാതിരിക്കുവാൻ നീ ശ്രമിക്കുന്നുവോ
ഒരു നിറകുടം തുളുമ്പുന്ന വേഗതയിൽ
ഇന്നു നീയെനിക്കൊരു സ്വപ്നസുന്ദരി
പോൽ നഷ്ടമായി.
മറവിതൻ പൂച്ചെണ്ട് സമ്മാനമായ്തന്ന്
എൻ ഹൃദയത്തെ നീ സ്വീകരിക്കുമോ
നഷ്ടസ്വപ്നത്തിൻ ദുഃഖസ്മൃതിയിൽ
എല്ലാം പ്രണയിനിക്കേകിക ആത്മാർത്ഥ
കാമുകൻ ഇന്നു ഞാൻ.

**SAJINA SALIM**
Ist Botany

# നിലയ്ക്കാത്ത സൗഹൃദം

വിട പറയില്ല ഞാൻ വിലപിക്കയില്ല ഞാൻ
വനമാല കോർക്കില്ല, വാദ്യം മുഴക്കില്ല
വന്നുപോകുന്ന സൗഹൃദമോർത്തെന്നും
വാടിക്കൊഴിയുന്ന മലർവാടിയാകില്ല ഞാൻ
കണ്ടുകണ്ടെന്റെ സ്വപ്നങ്ങൾ പൂക്കുമ്പോൾ
കരളിൽ നിറയുന്ന ഹരിതഭംഗിയായി
കാണാൻ കൊതിക്കുന്നു നിങ്ങളെൻ ചാരത്ത്
കാലം കഴിവോളം കളിച്ചിരുന്നെങ്കിൽ
പെയ്തൊഴിയുന്ന പേമാരിപോലെ
കൊയ്തൊഴിഞ്ഞ വിളനിലം പോലെ പിരിയുമ്പോൾ
കണ്ണിൽ നിറയും സ്നേഹാശ്രുക്കളെ ആരും
കാണാതിരിക്കട്ടെ-നിൻമുഖമെന്നും മായാതിരിക്കട്ടെ
തല തല്ലി പിരിയുന്നു തിരമാലകൾ
തല വെട്ടി ഉറയുന്നു മാനവന്മാർ
തണലായിരിക്കട്ടെ നമുക്കീ സൗഹൃദമെന്നും
തലോടിടട്ടെ നമ്മളിലായിരം ഭാവുകങ്ങൾ



**VEENA L. PILLAI**
IInd Chemistry



SAJEER
Ist B.Sc.Chemistry

കവിത

# നിനക്ക്



നീ അവനെ ആഗ്രഹിക്കുന്നതുപോലെ തീവ്രമായി
ഞാൻ നിന്നെയും ആഗ്രഹിക്കുന്നുണ്ട്.
നീ അവനോട് പറയുവാനായി
കരുതിവയ്ക്കാറുള്ളതുപോലെ-
സ്നേഹം പുരണ്ട വാക്കുകൾ
ഞാൻ നിനക്കായും കരുതിവയ്ക്കാറുണ്ട്.
നീ അവനായി കാത്തിരിക്കുന്നതുപോലെ
ഞാൻ നിനക്കായും കാത്തിരിക്കുന്നുണ്ട്.
നീ അവനെ ദൈവമാക്കുന്നതിനാൽ
നീ വിശ്വാസിയാകുന്നതിനാൽ
അവിശ്വാസിയായിട്ടും
ഞാൻ നിന്നിലെ ദൈവരൂപങ്ങളെ
തൊടാനാഗ്രഹിക്കുന്നു.
നീ അവനായി ആത്മഹത്യക്കൊരുങ്ങവേ
ഞാൻ നിന്നെ ജീവിതത്തിലേയ്ക്ക്
തിരികെ നടത്തുമ്പോഴും
നിനക്കായി മരണപ്പെടാനാഗ്രഹിച്ചു.
നീ ഒരു കുട്ടിയെപ്പോലെ
അവനു വിധേയയാകാൻ ആഗ്രഹിച്ചപ്പോൾ
ഞാൻ നിന്നിലെ അമ്മയെ തിരയുകയായിരുന്നു.
നീ അവനോട് സംസാരിക്കുവാൻ
ഇടനാഴികളിലും അക്കേഷ്യാച്ചുവട്ടിലും
കാത്തുനിൽക്കുമ്പോൾ
മറുവശത്ത് എപ്പോഴും ഞാനുണ്ടായിരുന്നു.
ഒടുവിൽ
നിന്റെ മാര്യേജ് രജിസ്റ്ററിൽ
സാക്ഷിക്കോളത്തിൽ ഒപ്പുവയ്ക്കുമ്പോൾ
എന്റെ കൈ വിറച്ചതേയില്ല.

യാത്ര മുറിഞ്ഞു,
കിനാവിൽ ശവം കൊത്തി
രാപ്പാടിയെങ്ങോ മറഞ്ഞു,
നടുങ്ങുന്ന വർത്തമാനത്തിൻ,
ദുരൂഹസമസ്യകൾ കൊത്തിയുടച്ചു
കൊരുക്കാൻ തുടങ്ങി നാം.......



# Memories



# ആകാശത്തിന്റെ അതിരുകളിൽ ബോംബ് വീഴുമ്പോൾ

**സെപ്തംബർ 11**

**ലോ**കത്തെ ഞെട്ടിച്ചുകൊണ്ട് സാമ്രാജ്യഭീകരനായ അമേരിക്കയുടെ അഭിമാനസ്തംഭമായ വേൾഡ് ട്രേഡ് സെന്ററിന്റെ മാനംമുട്ടുന്ന ഗോപുരങ്ങളിലേക്ക് അമേരിക്കയുടെ തന്നെ ഉല്പന്നമായ ലാദന്റെ ചാവേർവിമാനങ്ങൾ ഇടിച്ചിറങ്ങി.

കരിദിനമായി ചരിത്രം രേഖപ്പെടുത്തിയ സെപ്തംബർ 11ന് ന്യൂയോർക്കിൽ ലോകംകണ്ടത് ആഗോളവത്കരണം എന്ന ആശയത്തിന്റെ മേലുള്ള ആക്രമണം കൂടിയായിരുന്നു. ഇതിനുള്ള അമേരിക്കൻ മറുപടി അഫ്ഗാനിസ്ഥാനിൽ ബോംബ് വിതറിക്കൊണ്ടായിരുന്നു. താലിബാന് ഇത്രനാളും ആയുധം നൽകിവന്ന അമേരിക്ക തന്നെ അവരെ തുരത്താനെന്ന വ്യാജേന നിരവധി നിരപരാധികളായ അഫ്ഗാനികളുടെ ജീവനെടുത്തു.

**"കരിദിനമായി ചരിത്രം രേഖപ്പെടുത്തിയ സെപ്തംബർ 11ന് ന്യൂയോർക്കിൽ ലോകംകണ്ടത് ആഗോളവത്കരണം എന്ന ആശയത്തിന്റെ മേലുള്ള ആക്രമണം കൂടിയായിരുന്നു."**

**ഇനി ഇറാക്കിലേക്ക്**

സെപ്തംബർ 11 ന്റെ തുടർച്ചകളിൽ ഒന്നായിരുന്നു ഇറാക്കിലെ അമേരിക്കൻ ആക്രമണവും ഇറാക്ക് പണ്ടേ അമേരിക്കയുടെ എതിരാളികളുടെ പട്ടികയിലുണ്ട്. കുവൈറ്റ് യുദ്ധത്തിനുശേഷം U.N.O. യിൽ തങ്ങളുടെ



സ്വാധീനം ഉപയോഗിച്ച് ഇറാക്കിന്റെമേൽ ഉപരോധങ്ങളുടെ ഒരു നീണ്ട നിര അടിച്ചേൽപിച്ച് ആ രാഷ്ട്രത്തെ തകർക്കാൻ അമേരിക്ക ശ്രമിച്ചുവരികയായിരുന്നു. എന്നാൽ സദ്ദാം ഹുസൈൻ എന്ന ഒറ്റയാൾ പട്ടാളത്തിന്റെ ചെറുത്തുനിൽപ്പിനുമുമ്പിൽ ഒന്നും വിലപ്പോയില്ല. ഒടുവിൽ ഇല്ലാത്ത രാസായുധത്തെക്കുറിച്ചുള്ള വ്യാജറിപ്പോർട്ടുകളുമായി അമേരിക്ക രംഗത്തെത്തി.

യുദ്ധങ്ങൾക്ക് മനുഷ്യചരിത്രത്തോളംതന്നെ പഴക്കമുണ്ട്. എല്ലാ യുദ്ധങ്ങളും ആധിപത്യത്തിന്റെയും കീഴടങ്ങലിന്റെയും ആവർത്തനങ്ങളായിരുന്നു., ഒപ്പം ആയിരക്കണക്കിന് മനുഷ്യജീവനുകൾ ഹോമിക്കപ്പെടുന്നു എന്ന യാഥാർത്ഥ്യത്തിന്റെ തിരിച്ചറിവില്ലായ്മയും ഉണ്ടായിരുന്നു.

**"എല്ലാ യുദ്ധങ്ങളും ആധിപത്യത്തിന്റെയും കീഴടങ്ങലിന്റെയും ആവർത്തനങ്ങളായിരുന്നു., ഒപ്പം ആയിരക്കണക്കിന് മനുഷ്യജീവനുകൾ ഹോമിക്കപ്പെടുന്നു എന്ന യാഥാർത്ഥ്യത്തിന്റെ തിരിച്ചറിവില്ലായ്മയും"**

രണ്ട് ലോകമഹായുദ്ധങ്ങൾ നമ്മൾ കണ്ടുകഴിഞ്ഞു. രണ്ടിലും മനുഷ്യവംശത്തിന് സങ്കല്പിക്കാൻ കഴിയാത്ത ക്രൂരതയുടെ വിളയാട്ടങ്ങൾ ഉണ്ടായിരുന്നു. ഹിറ്റ്ലറും മുസ്സോളനിയും ചരിത്രത്തിൽനിന്ന് തൂത്തെറിയപ്പെടാത്തത് അവർ വെടിവെച്ചുവീഴ്ത്തിയ ലക്ഷക്കണക്കിനുള്ള ജനതയുടെ ചോരപ്പാടുകൾകൊണ്ടാണ്. എന്നാൽ ചരിത്രത്തിൽനിന്ന് നമ്മൾ പുതിയ പാഠങ്ങൾ ഒന്നും പഠിച്ചില്ല., ഈ പുതുനൂറ്റാണ്ടിലും.

**നോക്കുകുത്തിയാകുന്ന U.N.O.**

ഐക്യരാഷ്ട്രസഭയുടെ രൂപീകരണം ഒരു യുദ്ധരഹിത ലോകത്തിന് തുടക്കമാകുമെന്ന് നമ്മൾ കരുതി. എന്നാൽ ഹിറ്റ്ലർ അമേരിക്കയുടെ രൂപത്തിൽ പുനർജ



നിക്കുന്നതോടെ കാര്യങ്ങൾ തകിടംമറിയുകയായിരുന്നു. ലോകപോലീസിന്റെ കുപ്പായമണിഞ്ഞ് എല്ലാവരേയും തങ്ങളുടെ ചൊൽപ്പടിയിൽ നിർത്തി അതുവഴി തങ്ങളുടെ വ്യാപാര-രാഷ്ട്രീയ താല്പര്യങ്ങൾ സംരക്ഷിക്കാനുള്ള അമേരിക്കൻ ശ്രമങ്ങളുടെ ബാക്കിപത്രമാണ് നാല്പത്തഞ്ചിനു ശേഷമുള്ള ലോകചരിത്രം. ഒളിഞ്ഞും തെളിഞ്ഞുമുള്ള യുദ്ധങ്ങൾ ആവർത്തിക്കപ്പെട്ടു. വിയറ്റ്നാമിലും ക്യൂബയിലും മറ്റ് ലാറ്റിൻ അമേരിക്കൻ രാഷ്ട്രങ്ങളിലും കൂട്ടക്കുരുതികളുണ്ടായി. മദ്ധ്യസ്ഥന്റെ വേഷമിട്ട് കുവൈറ്റിലും മറ്റ് അറബ് രാജ്യങ്ങളിലും നാശത്തിന്റെ വിത്തുവിതച്ചു. ഇത്തവണ കൂട്ടിന് ബ്രിട്ടനടക്കമുള്ള യൂറോപ്യൻരാജ്യങ്ങളുമുണ്ട്.

**"ലോകപോലീസിന്റെ കുപ്പായമണിഞ്ഞ് എല്ലാവരേയും തങ്ങളുടെ ചൊൽപ്പടിയിൽ നിർത്തി അതുവഴി തങ്ങളുടെ വ്യാപാര-രാഷ്ട്രീയ താല്പര്യങ്ങൾ സംരക്ഷിക്കാനുള്ള അമേരിക്കൻ ശ്രമങ്ങളുടെ ബാക്കിപത്രമാണ് നാല്പത്തഞ്ചിനു ശേഷമുള്ള ലോകചരിത്രം."**

### എണ്ണയുടെ രാഷ്ട്രീയം

ലോകത്തിൽ ഏറ്റവും കുറഞ്ഞ ചിലവിൽ എണ്ണ ല്പാദിപ്പിക്കുന്ന രാഷട്രങ്ങളിലൊന്നാണ് ഇറാക്ക്. എന്നാൽ അമേരിക്കയെപ്പോലുള്ള രാഷ്ട്രങ്ങളിലെ എണ്ണയുല്പാദനച്ചിലവ് ഭീമമാണ്. അതുകൊണ്ടുതന്നെ ഇറാക്കിൽ തങ്ങളുടെ ഒരു പാവഗവൺമെന്റ് സ്ഥാപിക്കേണ്ടത് അമേരിക്കയുടെ ആവശ്യമായിരുന്നു. അതിനായി ഐക്യരാഷ്ട്രസഭ അടക്കമുള്ള ലോകസംഘടനകളെ അവർ ഉപയോഗപ്പെടുത്തി.

സെപ്തംബർ 11ലെ ഭീകരാക്രമണത്തെക്കുറിച്ച് വാചാലമാകുന്ന അമേരിക്ക അവർ കൊന്നൊടുക്കിയ ലക്ഷക്കണക്കിനുവരുന്ന ജനങ്ങളെ മറന്നുപോകുന്നു. മുസ്ലീം




ഭീകരത എന്നപേരിൽ ലോകമെമ്പാടും, മുസ്ലീംങ്ങൾ ഭീകരരാണെന്ന ആൽക്കരമായ പ്രചാരണവുമായാണ് അമേരിക്ക യുദ്ധം നടത്തുന്നത്. ഒരു ലാദന്റെ പേരിൽ ഒരു ജനതയെമുഴുവൻ കൊന്നൊടുക്കുന്നതിനെ ആർക്ക് ന്യായീകരിക്കാൻ കഴിയും.

**ജയിക്കാത്ത യുദ്ധം**

യുദ്ധം അന്യായമാണ്. അമേരിക്ക ഒരു യുദ്ധവും ജയിക്കില്ല. ഇരുപതുകൊല്ലത്തെ വിയറ്റ്നാം യുദ്ധം നൽകുന്ന പാഠമതാണ്. ഭീകരരെപ്പോലെ സ്വയംനശിച്ചുകൊണ്ട് സർവ്വനാശംവരുത്താനല്ലാതെ അമേരിക്കക്ക് യുദ്ധം വഴു ഒന്നും നേടാനില്ല. ചരിത്രത്തിനുനേരെ കണ്ണടക്കാതെ കരളുരുകി അമേരിക്ക സ്വയംവിമർശിക്കട്ടെ. ലോകസമാധാനത്തിന്റെ തുടക്കം അതായിരിക്കും. ലോകമെമ്പാടും ഭീകരപ്രസ്ഥാനങ്ങൾക്കും യുദ്ധങ്ങൾക്കുമെതിരെ ജനങ്ങളുടെ പ്രതിഷേധമുയരട്ടെ.....

**"ഒരു ലാദന്റെ പേരിൽ ഒരു ജനതയെമുഴുവൻ കൊന്നൊടുക്കുന്നതിനെ ആർക്ക് ന്യായീകരിക്കാൻ കഴിയും."**



**ANOOB**
IInd B.Com.



# ലോകമേ ഈ യാത്ര എങ്ങോട്ട് ?



SREEKALA
IInd Maths

മന്ത്രോച്ചാരണങ്ങളിൽ ഒഴുകി ചന്ദനലേപനം ചെയ്ത
നിൻ മുഖചരായ ഇന്നെന്തേ മാറി?
വസന്തഹേമന്തങ്ങൾ മന്ദമാരുതനാൽ തഴുകി
കുളിർപ്പിച്ചൊരാ നിൻ മേനിയഴകെങ്ങ്?
കാലത്തിൻ കുത്തൊഴുക്കിൽപ്പെട്ട്
നിന്റെ മുഖചരായ മാറുന്നുവോ?
ബ്രഹ്മ-വിഷ്ണു-മഹേശ്വരന്മാർ തൻ വിളനിലമായിയീ
ഭൂമിയിന്നു ദൈത്യന്മാർ തൻ കളിക്കളമോ?
ക്ഷീരാമൃതുകൾ നിറഞ്ഞൊഴുകിയ കണ്ഠങ്ങളിലിന്നു
പെപ്സിയും കൊക്കക്കോളയുമോ?
ധവളവർണ്ണങ്ങളാൽ കളകളംപാടിയൊഴുകിയ
പുഴകളിലിന്നു കാലാപാനിയോ?
ഏകലവ്യഭരതലക്ഷ്ണന്മാർ ജന്മംകൊണ്ടയീ ലോകമിന്ന്
ബുഷിന്റെയും സദ്ദാമിന്റെയും ബിൻലാദന്റെയും സാമ്രാ
ജ്യമോ?
വീഴുന്നുവോ നീ കാലത്തിന്റെ ഇന്നലെകൾ മറന്ന്
നാളെയുടെ കറുത്ത ചുഴിയിലേയ്ക്ക് സ്വയമേ.
അറിയുക നിൻ ജീവനായ, നിശ്വാസമായ
ഹരിതവർണ്ണപ്രകൃതിയുടെ ക്ഷതത്തെ
കരകയറൂ നീ സ്വയം കരകയറ്റൂ നിൻ പുത്രരെ
മാറ്റൂ അവരെ നാളെയുടെ സുന്ദര സ്വപ്നങ്ങളായി,
വെള്ളരിപ്രാവായി.





MAHIMSHA R.S
IInd Botany

# Union Inauguration

## ക്രാന്തി-'03









VEENA L. PILLAI
IInd Chemistry

# Life History of Computer



Since the time is immemorial, there existed a need for a machine which could do numerical computations. The first attempt for making such a computing machine was made by Charles Babbage during the mid-19th century. Babbage and Ada developed an 'analytical engine'. They also postulated the five main components, namely, input unit, output unit, an 'arithmetic mill' (now know as ALU), storage or memory unit and control unit.



However, a major break through was made around mid-20th century when a practical general purpose electronics computer was designed in England. This computer was made to decipher the German military codes used in the Second World War.

Later, another general-purpose electronic computer was designed by the University of Pennsylvania by the name ENIAC (Electronic Numerical Integrator And Calculator). The ENIAC was extremely large and consisted of around 18,000 values. Its weight was 30 tones.

In 1945, John Von Neuman introduced the concept of stored programming. Based on this, he designed a computer known as EDVAC (Electronic Discrete Variable Automatic Computer) in which a set of instructions, known as program, was stored in the memory of the computer.

The program was written in the language of computer, known as programming language. Von Neuman's concept laid the foundation of the modern computers. Neuman's computer is also known a series computer as the stored instructions are executed sequentially by the computer for any run.

As time passes on new and new inventions have been made. The impact of these inventions were great on computers. The first computer weighed about 30 tones but now hand-held laptops are available. The commencement of internet has also played a crucial role in the day to day development of computers. Computer play important role in education as well as entertainment. Latest technology enhances the chances of 'internet telephony'. It uses the Net to send audio between two or more computer users in real time so the users can converse. Similarly the most modern technology "Blue Tooth" is likely to rule the communication scenario in the coming years. It will be one of the key technology for wireless networking at home and office. Since Blue-tooth-enabled devices do not need line of sight for operation, many interesting applications based on blue tooth technology are likely to come up.

Now the significance of computer lies not so much in where it is today, but in

where it will be in five or ten years time. Despite its remarkable early success, it is still a technology in its fancy, very much at begining of its growth curve. These are a number of possible future scenario's for PC, but one fact is clear - whichever future develops, it is likely to be based on the public tele-communication network. Modern achievements like internet telephony and the developing Blue tooth technology ensures the replacement of older transmission technology with faster ones. All these changes will be assimilated into the network and will ultimately improve it to the benefit of users everywhere in the world. We have yet miles to go.

## സ്നേഹപൂർവ്വം നിനക്കായ്

അനശ്വനിർമ്മല നിൻസ്നേഹമാനസം
വെറുപ്പിന്റെ പടലത്താൽ മറച്ചുവച്ചു.
അഴകുണരുന്നൊരു നിന്റെ വദനത്തിൽ
ഗൗരവമാം കരിനിഴൽ പരത്തി.
ആരുമെനിക്കൊരു യോഗം വരുത്തായ്
ആളല്ലന്നിങ്ങനെ ഭാവിപ്പിച്ചു.
നീ ധന്യയെങ്കിലും ചേരില്ലനിൻ മുഖത്താ-
പാൽ പുഞ്ചിരി ഒന്നൊഴികെ.
നിൻ ചില പുഞ്ചിരിച്ചീളുകൾ എൻ ഹൃത്തിൽ
അസ്വസ്ഥതയുടെ വിത്തുകൾ പാവുമ്പോൾ
നിൻനറും പുഞ്ചിരി അമൃതധാരയെപ്പോലെ
മെല്ലെയടുക്കുന്നു എൻ അസഹ്യതയെല്ലാം.
ഒരു നറും പുഞ്ചിരി ചെഞ്ചുണ്ടിൽ വിരിയുമ്പോൾ
നീ ഒരു സ്വപ്നദേവതയാകുന്നു.
ഒരുനാൾ നീ എൻ മനവാതിൽ തുറക്കുന്നു.
മറുനാൾ നീയെന്നെ അറിയാതെയകലുന്നു.
നിൻവാർമുടിയിൽ ഞാൻ വിരലോടിക്കുമ്പോൾ
നിന്നിൽ തെളിയുന്നരാഭാവമെല്ലാം
ആസ്വദിക്കുന്നു ഞാനതെന്നുമെന്നും
എങ്കിലുമെൻ പ്രിയസ്നേഹിതേ ഒരുനാളും
എന്നിലേയ്ക്കെറിയല്ലേ നിൻ കോപദൃഷ്ടി
പറയുവാനേറെ നിന്നെക്കുറിച്ചുണ്ടിന്ന്
പറഞ്ഞാൽത്തീരില്ലൊരിക്കലൊരുനാളും
സമയമതിനെന്നെ അനുവദിക്കുന്നില്ലെടോ
നിർത്തട്ടെ ഞാനിപ്പോൾ എൻ
പ്രിയസ്നേഹിതേ.....



**RAJI R.**
IInd Bio-Chemistry

## കാലം മാറുമ്പോൾ

കാലവർഷമുറഞ്ഞുകൂടിയ
മേഘപാളികൾ മാഞ്ഞുപോയ്
ചോലവൃക്ഷമണെക്കുമാറ്റിന
കാലവും കരവിട്ടുപോയ്
ജാലകങ്ങൾ കുളിർത്തകാറ്റു-
ലയാതയ്ക്കണെനാളുകൾ
നീണ്ടുകാലമിതേതുകർമ്മ
ഫലം വരുത്തിയ പാടുകൾ
ദാഹനീരുതിരഞ്ഞു ജീവികൾ
പാഞ്ഞുപാരിടമാകെ
കാരത്തമണ്ണു തുരന്നു താഴ്ചകൾ
തേടി നീരുതെളിക്കുവാൻ
വാഴ്ചകൾക്ക് സുഖം വരുത്തിയ
ജീവിതം മണിമേടയിൽ
കാഴ്ചകൾക്കു തെളിച്ചു ചാരുത
ചാനലിൽ കളിയാടുവോർ
പാടമൊക്കെ നികത്തിനിലയം
നാടുനീളെയുയർന്നു വൻ-
കാടുവിറ്റു തുലച്ചു ഭരണം
കൈവരിച്ച കരുത്തുകൾ
ബുദ്ധിശക്തി പെരുത്തു മാനവ
ശക്തി വിള്ളലുയർത്തിടും
ശാസ്ത്രമെത്ര ജയിച്ചുമാനവ
സംസ്കൃതിക്കപരാധമായ്

**MUBEENA B.**
Ist Maths

സാക്ഷാത്കാരം

# നീതിബോധത്തിന്റെ കാവൽവിളക്ക് - വി.ആർ. കൃഷ്ണയ്യർ



ഗതകാല ജീവിതത്തിന്റെ ഭാണ്ഡം പേറുന്ന ഒരു മണിമാളികയും വീട്ടുമുറ്റത്ത് വിദേശ നിർമ്മിത വാഹനങ്ങളും പിന്നെ കുറെ പാറാവുകാരും എല്ലാറ്റിനുമുപരി കോലാഹല കലുഷിതമായ ഒരന്തരീ ഷവും പ്രതീക്ഷിച്ചാണ് ഞങ്ങൾ എറണാ കുളത്തെ തിരക്കേറിയ എം.ജി. റോഡിലെ C.L. ആനന്ദ് ലൈനിലെ സത്ഗമയ എന്നുപേരുള്ള ജസ്റ്റിസ് V.R. കൃഷ്ണയ്യരുടെ വീട്ടിലെത്തിയത്. C.L. ആനന്ദ് ലൈൻ അപ്പോൾ വിജനമായിരു ന്നെങ്കിലും തൊട്ടടുത്ത ഫ്ളാറ്റുകളിൽനിന്നുള്ള ശബ്ദം വളരെ മൂകമായ് ഞങ്ങളെ അസ്വസ്ഥരാ ക്കുന്നുണ്ടായിരുന്നു.

M.G. റോഡിൽ നിന്ന് നോക്കുമ്പോൾ വാര കൾ അകലെയല്ലാതെ സത്ഗമയ എന്ന ബോർഡ് ഞങ്ങൾ കാണുന്നുണ്ടായിരുന്നു. ഞങ്ങളോടൊപ്പം എറണാകുളത്തെ പ്രശസ്തനായ ഒരു ഫോട്ടോ ഗ്രാഫർ കൂടിയുള്ളതിനാൽ വീട് കണ്ടുപിടിക്കാൻ ബുദ്ധിമുട്ട് തോന്നിയില്ല. ഫ്ളാറ്റുകൾക്കിടയിൽ വീർപ്പുമുട്ടുന്നപോലെ തോന്നുന്ന ഒരു ചെറിയ വീടിനെ ലക്ഷ്യമാക്കി ഫോട്ടോഗ്രാഫർ നടന്ന പ്പോൾ ഞങ്ങൾ തെല്ലൊന്നാശങ്കപ്പെട്ടു. കയറിച്ചെ ല്ലുമ്പോൾ KBF 7021 എന്ന പഴയ മോഡൽ അംബാ സഡർ കാർ വീടിന് മുന്നിൽ കിടക്കുകയാണ്. എറണാകുളം നഗരത്തിലെ കോലാഹലങ്ങൾക്കി ടയിൽ ഞങ്ങൾ ഒരിക്കലും ഇതുപോലൊരു കാറിനെ പ്രതീക്ഷിരുന്നില്ല.

വീട് ഇതാണെന്ന് ഫോട്ടോഗ്രാ ഫർ ചൂണ്ടിക്കാണിക്കുമ്പോൾ ഞങ്ങളും വി. ആർ. കൃഷ്ണയ്യർ സാറും തമ്മി ലുള്ള അന്തരം കേവലമൊരു ഭിത്തിമാ ത്രമായിരുന്നു. ഇന്ത്യൻ ന്യായാധിപ ചരിത്രത്തിന്റെ കാവലാളായി കാലങ്ങൾ കഴിച്ചുകൂട്ടിയ നീതിന്യായ പീഠത്തിലെ ഇതിഹാസ നായകൻ നമുക്ക് മുന്നിൽ അല്ലെങ്കിൽ അദ്ദേഹത്തിന്റെ മുന്നിൽ ഞങ്ങൾ എത്തിപ്പെട്ടുപോയതിന്റെ സന്തോഷം അല്ലെങ്കിൽ അഭിമുഖീകരി ക്കേണ്ടിവരുമെന്ന മടി ഒരുനിമിഷം ഞങ്ങളെ നിശബ്ദരാക്കി.

നീതിനിർവ്വഹണത്തിൽ മിതത്വവും സമത്വവും പാലിച്ച ന്യായാധിപ ചരിത്ര ത്തിന്റെ നെടുനായകൻ ഇവിടെ ജീവി ക്കുന്നു ആർഭാടങ്ങളും അരോപണങ്ങളു മില്ലാതെ, പെട്ടെന്ന് ഞങ്ങൾ തിരിച്ചറിഞ്ഞു.

ഉയർച്ച താഴ്ചകളിൽ തന്നോടൊപ്പം ഉണ്ടായിരുന്ന പ്രിയപ്പെട്ട വാഹനം KBF 7021 ന്റെ രൂപത്തിൽ പുറത്ത് കിടക്കുമ്പോൾ കാലം ക്രൂര മായിവന്ന് കവർന്നെടുത്ത ....... വർഷങ്ങൾക്കു മുമ്പ് പ്രിയപത്നിയുടെ ഛായചിത്രത്തിനു താഴെ യായ് നീതിയും അനീതിയും തുല്യമായ് തർക്ക രഹിതമായ് പകർന്നുകൊടുക്കാൻ തന്നെ പ്രാപ്ത മാക്കിയ നിയമപുസ്തകങ്ങൾക്കും പിന്നെ ഖലീൻ ജിബ്രാൻ കവിതകളും വിവിധ യൂണിവേഴ്സിറ്റി കൾ നൽകിയ ഡോക്ടറേറ്റുകളുടെ ചാരെ ജീവി ക്കുകയാണദ്ദേഹം തീർത്തും ഏകാന്തനായി.

ചിന്തകൾക്ക് കത്തിമുനയിറക്കുന്ന പ്രായം അദ്ദേഹത്തെ ഒരു തരത്തിൽ അസ്വസ്ഥനാക്കുന്നു ണ്ട്. പരിഭവങ്ങളും പുറംപൂച്ചുമില്ലാത്ത നിഷ്കള ങ്കത അദ്ദേഹത്തെ ഈ പ്രായ പീഢകൾക്കിട യിലും തളർത്താതെ ശിഷ്ടകാല പ്രയാണത്തിന് ചൊടിപ്പ് പകരുന്നുണ്ട്. സുഭാഷ് പാർക്കിലെ വൈകുന്നേരങ്ങളിൽ പതിവു നടത്തമായിരി ക്കണം അദ്ദേഹത്തെ ഒരുപക്ഷേ ഈ പ്രായത്തിന്റെ അവശതയിലും ആത്മവിശ്വാസം കൈവിടാത്ത മനുഷ്യസ്നേഹിയാക്കിയത്.



ഞങ്ങളുടെ ഉദ്ദേശ്യങ്ങൾ സാധിച്ചപ്പോൾ പുറംപൂച്ചുകളില്ലാതെ ഞങ്ങളെ യാത്രയാക്കിയ അദ്ദേഹത്തിനുമുന്നിൽ ശിരസ് നമിച്ച് തിരിച്ചിറങ്ങുമ്പോൾ മിതത്വം മുഖമുദ്രയാക്കിയ എളിമയുടെ പ്രതിരൂപമായ ഒരു മനുഷ്യനെ ആദ്യമായി അല്ലെങ്കിൽ തീർത്തും അപ്രതീക്ഷിതമായ് കണ്ടുമുട്ടിയ പ്രതീതിയായിരുന്നു ഞങ്ങൾക്ക്.



1915 നവംബർ 15 മലബാറിലെ Advocate V.V. രാമയ്യറുടെ മകനായി ജനിച്ച ശ്രീ വി.ആർ. കൃഷ്ണയ്യറുടെ ജീവിതം ഒരു ...... ആയിരുന്നില്ല. വൈതരണികളും വിലങ്ങുതടികളും അതിജീവിച്ചുകൊണ്ട് നടത്തിയ അറിവിന്റെ പ്രയാണം കാരമുള്ളുകൾ നിറഞ്ഞ പൻഥാവിലൂടെയായിരുന്നു. നിയമ വിജ്ഞാനമെന്ന പരിധിയില്ലാത്ത പാരാവാരത്തിന്റെ പവിഴപ്പുറ്റുകളെ ഹൃദയത്തോട് ചേർത്തുകൊണ്ട് പ്രശസ്തിയുടെ പാരമ്യത്തിലെത്തി നിൽക്കുന്നു. തീഷ്ണതയ്ക്ക് സഹിഷ്ണുതയുടെയും രാഷ്ട്രീയത്തിന് ആദർശശുദ്ധിയുടെയും പാണ്ഡിത്യത്തിന് മനുഷ്യത്വത്തിന്റെയും പരിവേഷങ്ങൾ നൽകിയ ഇദ്ദേഹത്തിനെ ഒന്നു വിശേഷിപ്പിക്കാൻ പ്രയാസമെങ്കിലും വാക്കുകൾക്ക് അപര്യാപ്തത അനുഭവപ്പെടുമെങ്കിലും അതിനായ് രാജ്യത്തിന്റെ പരമോന്നത നീതിപീഠമായ സുപ്രീംകോടതിയുടെ ഒരു വാചകം കടമെടുത്തോട്ടെ.

**"Rarest of the Rare" – "അപൂർവ്വങ്ങളിൽ അത്യപൂർവ്വം"**

നിരവധി ക്രിമിനൽ, സിവിൽ, ഭരണഘടനാ വ്യവഹാര പ്രക്രീയകളിലൂടെ തന്റെ പ്രതിഭയ്ക്ക് തെളിവ് നൽകിയ ശ്രീ. കൃഷ്ണയ്യർ 1957ലെ ഇ.എം.എസ്. മന്ത്രിസഭയിൽ നീതിന്യായം ഉൾപ്പടെ പ്രധാനപ്പെട്ട പല വകുപ്പുകളുടെയും ചുമതലയുള്ള മന്ത്രിയായിമാറി. അദ്ദേഹത്തിന്റെ നീതിന്യായ സപര്യയിൽ രാഷ്ടീയവും മന്ത്രിസ്ഥാനവും കേവലം ഒരിടവേളയായ പ്രത്യയത്തിൽ തോന്നുമെങ്കിലും കാലംകണ്ട ഒരു മികച്ച രാഷ്ട്രീയ ക്രാന്തദർശിയാണ് ശ്രീ. വി.ആർ. കൃഷ്ണയ്യർ. ഒരു മന്ത്രിയെന്നനിലയിൽ അതിലുപരി ബഹുമുഖകഴിവുള്ള ഒരു ഭരണാധികാരിയെന്നനിലയിൽ അതിലും ഉപരി ഒരു നല്ല കമ്മ്യൂണിസ്റ്റ്കാരനെന്നനിലയിൽ ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരമില്ലാതാകുന്ന ഒരു തികഞ്ഞ സോഷ്യലിസ്റ്റ് ആശയത്തിന്റെ ശക്തനായ വക്താവായിരുന്നു അദ്ദേഹം. പങ്കാളിത്ത വികസനത്തിന്റെ മുഖ്യധാരയിലേക്ക് സാധാരണക്കാരനെ കൈപിടിച്ചുകൊണ്ടുവരിക എന്ന അദ്ദേഹത്തിന്റെ സ്വപ്നം ഒരു പരിധിവരെ സാക്ഷാത്ക്കരിക്കപ്പെട്ടിട്ടുണ്ട്.



ഇന്ന് ഭരണകൂടത്തിന്റെ കർത്തവ്യമായി കണക്കാക്കപ്പെടുന്ന പാവപ്പെട്ടവനുള്ള സൗജന്യ നിയമ സഹായം ഭരണകൂടത്തിന് ഒരു സുപ്രഭാതത്തിൽ ഉദിച്ച വിവേകമല്ല. മറിച്ച് തനിക്ക് മുമ്പാകെ വന്ന ഒരു കേസിൽ ഭരണഘടനയുടെ 21-ാം അനുചോദത്തെ വ്യാഖ്യാനിച്ചുകൊണ്ട് നടത്തിയ വിധിപ്രസ്ഥാവനയിലൂടെ ഉരുത്തിരിഞ്ഞതാണ്.

"ശിക്ഷ കുറ്റവാളിയുടെ മനഃസംസ്കരണത്തിന് സഹായകരമാകണം" എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. കൊല്ലുന്നവനെ കൊന്നുകൊണ്ട് ശിക്ഷിക്കുന്ന ആരാച്ചാരും കൊലപാതകിയല്ലേ? എന്ന സംശയത്തിലേക്ക് നമ്മുടെ നിയമ സമൂഹവും നിയമ സംഹിതകളും ചിന്തിക്കാൻ തുടങ്ങിയത് ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ വധശിക്ഷയെക്കുറിച്ച് നടത്തിയ പരാമർശത്തിന്റെ വശമായിട്ടായിരുന്നു. ഇതേ പരാമർശങ്ങൾ അങ്ങ് U.S. ലെ ഭരണകൂടത്തെയും നീതിന്യായ വ്യവസ്ഥയെയും ഇരുത്തി ചിന്തിപ്പിക്കുകയും ഫലത്തിൽ കുറ്റവാളികളായ പലരെയും 'yoga' ഉൾപ്പടെയുള്ള മനഃസംസ്കരണ ഉപാധികൾക്ക് വിധേയരാകുവാൻ അങ്ങ് അമേരിക്കയിലെ കോടതികളും നിർദ്ദേശിച്ചു.

1980 നവംബർ മാസത്തിൽ രാജ്യത്തെ പരമോന്നത നീതിപീഠത്തിന്റെ (Super Annuation) പടവുകൾ ഇറങ്ങുമ്പോൾ ശിഷ്ടകാലം വിശ്രമത്തിനുവേണ്ടിയുള്ളതല്ല എന്നദ്ദേഹത്തിനറിയാമായിരുന്നു. നിയമ വിഷയങ്ങളിൽ ശിൽപശാലകളിൽ നിയമ പ്രഭാഷണങ്ങൾ എന്നിവ അദ്ദേഹത്തിന്റെ ദിനചര്യകളുടെ ഭാഗമാണ്. അഭിഭാഷക ന്യായാധിപൻമാരും Rtd. ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുടെ വസതിയായ സത്ഗമയയിൽ സ്ഥിരം സന്ദർശകരാണ്. കേവല സന്ദർശനം മാത്രമല്ല സംശയനിവാരണത്തിനും കൂടിയുള്ള അവസരങ്ങളായിട്ടാണ് അവർ എത്തുന്നതെന്ന് അദ്ദേഹത്തിന്റെ പേഴ്സണൽ സെക്രട്ടറി മേനോൻ ചേട്ടൻ പറഞ്ഞു.



# One and Only friend

*To My Dear Friend........*
*I'll be greatful to you all my life*
*All my life I'll remember you,*
*Your deeds and your words.*
*Inever knew a friend meant so much*
*Until i came to know you.*
*You were there by my side*
*In all my joys and sorrows...*
*Though we fought for silly reasons*
*It only deepened our friendship*
*You taught me the real values of friendship*
*By just being there always for me*
*And though I have not told you*
*So far, about my feelings*
*I hope you know how much you*
*mean to me*
*I don't take this opportunity to thank you*
*For all what you've done*
*Nor do i say sorry for all tha troubles*
*Cos friends means "no sorry, no thank you"*
*But still.......*

**SHANIMA**
IInd Bio-chemistry

dew of thoughts

# FRIENDSHIP

*A Gift in life to be treasured forever.*

A friend is the most treasured possession and friendship is a beautiful gift from God. This would be a miserable place to live in, if not for a friendly ear to listen live in, if not for a friendly ear to listen to our troubles and a friendly hand to help us when we are in need.

I remember a while ago I met a stranger who gave me a nice smile... a smile that sowed a special seed... a seed of friendship!! The seed flourished into a strong, steady and solid friendship! A friendship is as though as an oak tree. A friendship tree that was full of fun and laughter. A friendship where we shared our greater joys and greatest disasters. We discovered many interesting things together. You saved me heaps of time. But sometimes things don't work that well... But the most important thing that we discovered was our little friendship tree which fortunately wasn't cactus tree. But our friendship was so so so strong that nothing could shatter it. A friendship that is the best gift in lite !!! On the I will treasure forever... We form more special and strong bonds with certain people who have similar interests like us as we grow older. We should respect and understand our friends. We should be always sincere in frendship with all these qualities there can be a true friendship. Friendship cannot be measured but it can only be treasured. A true friend is a friend who shares his happiness as well as his sorrows. A friend in need is a friend indeed. Yes, a friend who help the other in changer is true friend. When you're with someone with warmth to share... and kindness to extend. Someone who really knows you then you know you're with a friend.

Friendship is a ship which never breaks down in any wind. It is not a "Titanic Ship". Friendship is a relationship which cannnot be measured but only be tresured!

"So keep loving friends"



**SHAN P.**
IIIrd BA Islamic History



# Arts Day Celebrations


















ക്രാന്തി-'03





# ഇതിഹാസങ്ങളുണ്ടാകുന്നത്.....

ഇ.എം.എസ്. കാലത്തിനൊപ്പം നടക്കുകയായിരുന്നില്ല; കാലത്തിനുമുമ്പേ നടക്കുകയായിരുന്നു.

**ആരായിരുന്നു ഇ.എം.എസ്.?**

രാഷ്ട്രീയക്കാരൻ, വിപ്ളവകാരി, എഴുത്തുകാരൻ, ചരിത്രകാരൻ, പ്രഭാഷകൻ ഏത് കള്ളികളിലാണ് നാം ഇ.എം.എസിനെ ഉൾപ്പെടുത്തുക. ഇ.എം.എസ്. ഇതെല്ലാം ആയിരുന്നു ഉപരി നന്മയുടെ തിരികെടാത്ത ഒരു മനുഷ്യസ്നേഹിയായിരുന്നു അദ്ദേഹം.

ഇ.എം.എസ്. അവശേഷിപ്പിച്ചുപോയത് നേരിന്റെ രാഷ്ട്രീയമാണ്. 'സന്യാസത്തിന്റെ ചുവയുള്ള' രാഷ്ട്രീയമെന്ന് ഓ. വി. വിജയൻ വിശേഷിപ്പിച്ചത് വെറും വാക്കല്ല. മുഖ്യമന്ത്രിയായിരിക്കെ വീടുപണിയാൻ ഹൗസിംഗ് ബോർഡിൽനിന്ന് വായ്പയെടുക്കുന്ന ആ വലിയ മനുഷ്യന്റെ ചിത്രം അത്ര പെട്ടെന്ന് നമുക്ക് മറക്കാൻ കഴിയുമോ? J.N.U. വിലെ ജീൻസ്ധാരിയും വയനാട്ടിലെ കർഷകനും E.M.S. എന്ന മൂന്നക്ഷരത്തിൽ വിപ്ലവത്തിന്റെ കനൽവെളിച്ചം ദർശിച്ചിരുന്നു.

യവനപുരാണങ്ങളിൽ പ്രൊമത്യൂസ് എന്നൊരു കഥാപാത്രമുണ്ട്. ദേവന്മാർ ഒളിപ്പിച്ചുവെച്ച അഗ്നി മോഷ്ടിച്ചുകൊണ്ടുവന്ന് മനുഷ്യരാശിയെ അന്ധകാരത്തിൽനിന്നും മോചിപ്പിച്ച മനുഷ്യസ്നേഹിയായ പ്രൊമിത്യൂസിന് കഠിനമായ ശിക്ഷയനുഭവിക്കേണ്ടിവന്നു. വർഷങ്ങളോളം, കരളുപിളർക്കുന്ന കഴുകന്മാരുടെ ചിറകടിയൊച്ചകൾക്കുനടുവിൽ, ഒരു വലിയ പാറയിൽ ബന്ധനസ്ഥനായി കിടക്കേണ്ടിവന്നു, ആ മനുഷ്യസ്നേഹിക്ക്. ഒടുവിൽ പ്രൊമിത്യൂസ് സ്വതന്ത്രനാക്കപ്പെട്ടു. മനുഷ്യന്റെ സർഗ്ഗാത്മകതയുടേയും സ്വാതന്ത്ര്യമോഹത്തിന്റേയും പ്രതീകമാണ് പ്രൊമിത്യൂസ്. പ്രൊമിത്യൂസിന്റെ സ്വാർത്ഥരഹിതമായ സേവനങ്ങളെയാണ് ഇ.എം.എസ്സിലൂടെ നമ്മൾ ഇന്ന് ഓർത്തെടുക്കുന്നത്.

**രാഷ്ട്രീയക്കാരൻ, വിപ്ളവകാരി, എഴുത്തുകാരൻ, ചരിത്രകാരൻ, പ്രഭാഷകൻ ഏത് കള്ളികളിലാണ് നാം ഇ.എം.എസിനെ ഉൾപ്പെടുത്തുക.**

**ചരിത്രം**

1909 ജൂൺ 13-ാം തീയതി ഇന്നത്തെ മലപ്പുറം ജില്ലയിലെ ഏലംകുളം ദേശത്ത് ഏലംകുളം മനയ്ക്കലെ പരമേശ്വരൻ നമ്പൂതിരിപ്പാടിന്റെയും വിഷ്ണുദത്ത അന്തർജ്ജനത്തിന്റെയും മകനായാണ് ഇ.എം.എസ്. എന്ന ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാട് ജനിച്ചത്. ഉന്നതമായ സവർണ്ണ ഹിന്ദു ഭൂപ്രഭുകുടുംബത്തിൽനിന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയിലേയ്ക്ക് വരുന്ന ഒരു വ്യക്തി, വർഗരഹിതമായ ഒരു സമൂഹം കെട്ടിപ്പടുക്കുകയാണ് എന്റെ ലക്ഷ്യം എന്നുപറയുമ്പോൾ, ജനങ്ങളുടെയിടയിൽ അത് ആശയക്കുഴപ്പമുണ്ടാക്കുക സ്വാഭാവികമാണ്. ഈ വൈരുദ്ധ്യം തരണം ചെയ്യുന്നതിനായി, 1940 കളിൽ തന്റെ സ്വത്ത് മുഴുവൻ അദ്ദേഹം കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് സംഭാവനചെയ്തു.

വിദ്യാർത്ഥിജീവിതകാലത്തുതന്നെ തന്റെ അഗാധമായ ബുദ്ധിവൈഭവത്തിലൂടെ ഇ.എം.എസ്. ശ്രദ്ധേയനായിരുന്നു. നിരന്തര വായനയിലൂടെയും സംവാദങ്ങളിലൂടെയും വളർത്തിയെടുത്ത മാർക്സിയൻ തത്ത്വചിന്തയിലെ പാണ്ഡിത്യവും ചരിത്രദാർശനിക വീക്ഷണവും നമ്പൂതിരിപ്പാടിന്റെ ഗുണവിശേഷങ്ങളിൽ ചിലത് മാത്രമായിരുന്നു. ഇ.എം.എസ്. മുഖ്യമന്ത്രിയാകുന്നതിന് 10 വർഷം മുമ്പ്, 1947ൽ കുറ്റിപ്പുഴ കൃഷ്ണപിള്ള 'പ്രസന്നകേരള'ത്തിൽ എഴുതി: "പഠിക്കാതെയും ചിന്തിക്കാതെയും എന്തെങ്കിലുമൊക്കെ എഴുതിക്കൂട്ടുന്ന സ്വഭാവം ഇ.എം. എസ്സിനില്ല. അദ്ദേഹം കേരളത്തിലെ ഒരു യഥാർത്ഥ പണ്ഡിതനാകുന്നു. അന്യാദൃശമായൊരു മികവും തെളിമയുമുണ്ട് ആ പാണ്ഡിത്യത്തിലും, ആ ചിന്തയിലും. അവഗാഢമായ ആലോചനയുടെ ഫലമായിട്ടാണ് അദ്ദേഹം വിപ്ലവമാർഗ്ഗത്തിലെത്തിച്ചേർന്നിട്ടുള്ളത്. കളങ്കമറ്റ കരളുറച്ച ഒരു പോരാളിയായിത്തന്നെ അദ്ദേഹം അതിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു."

ഇ.എം.എസ്. മാർക്സിസം, ലെനിനിസത്തിന്റെ വെളിച്ചത്തിലാണ് ദേശിയ-അന്താരാഷ്ട്രീയ സംഭവങ്ങളെ വിലയിരുത്തുന്നത്. ആ വിധത്തിൽ ആഗോള കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളിലെത്തന്നെ എണ്ണപ്പെട്ട ഒരു സൈദ്ധാന്തികനായിമാറാൻ അദ്ദേഹത്തിന് സാധിച്ചു. തന്റെ സ്വകാര്യജീവിതത്തെ സാമൂഹ്യജീവിതവുമായി പൂർണ്ണമായി ലയിപ്പിച്ചെടുക്കുവാനും ഇ.എം. എസിന് സാധിച്ചിരുന്നു.

**ഇ.എം.എസ്. മാർക്സിസം, ലെനിനിസത്തിന്റെ വെളിച്ചത്തിലാണ് ദേശിയ-അന്താരാഷ്ട്രീയ സംഭവങ്ങളെ വിലയിരുത്തുന്നത്. ആ വിധത്തിൽ ആഗോള കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളിലെത്തന്നെ എണ്ണപ്പെട്ട ഒരു സൈദ്ധാന്തികനായിമാറാൻ അദ്ദേഹത്തിന് സാധിച്ചു. തന്റെ സ്വകാര്യജീവിതത്തെ സാമൂഹ്യജീവിതവുമായി പൂർണ്ണമായി ലയിപ്പിച്ചെടുക്കുവാനും ഇ.എം.എസിന് സാധിച്ചിരുന്നു.**

കേരള സംസ്ഥാന രൂപീകരണത്തിനുശേഷം നടന്ന ആദ്യത്തെ തിരഞ്ഞെടുപ്പിൽ 1957-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽവന്നപ്പോൾ ഗവൺമെന്റിന് നേതൃത്വംനൽകിയത് ഇ. എം.എസ്. ആയിരുന്നു. കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും ദീർഘവീക്ഷണത്തോടുകൂടിയ ഒരു ഭരണാസംവിധാനമായിരുന്ന അത്. അതാത് വിഷയങ്ങളിൽ പഠിച്ചും പ്രാപ്തിയുമുള്ളവരായിരുന്നു മന്ത്രിമാർ. ഭൂപരിഷ്കരണം, വിദ്യാഭ്യാസം തുടങ്ങിയ സുപ്രധാനരംഗങ്ങളിൽ ശ്രദ്ധേയമായ മാറ്റങ്ങൾക്ക് തുടക്കംകുറിക്കാൻ ആ ഭരണത്തിന് സാധിച്ചു. എന്നാൽ 28 മാസത്തിനപ്പുറം ആ സർക്കാരിനെ അംഗീകരിക്കാൻ കേന്ദ്രംഭരിച്ച കോൺഗ്രസ്സുകാർക്കായില്ല. നെഹ്റു പ്രധാനമന്ത്രിയും ഇന്ദിരാഗാന്ധി കോൺഗ്രസ്സ് പ്രസിഡന്റുമായിരുന്ന ആ കാലയളവിലാണ് വിമോചനസമരത്തിന്റെപേരിൽ ഇ.എം.എസ്. മന്ത്രിസഭ പിരിച്ചുവിടപ്പെട്ടത്. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ഭരണഘടനയുടെ 356-ാം വകുപ്പുപയോഗിച്ച് പിരിച്ചുവിട്ട മന്ത്രിസഭയായി അത് മാറി.

കേരളരാഷ്ട്രീയത്തിൽ മത-ജാതി ശക്തികളുടെ ഇടപെടലുകൾക്ക് തുടക്കംകുറിച്ചത് 59-ലെ വിമോചനസമരമായിരു

ന്നു. ചരിത്രത്തിലെ ഒരിക്കലും ഉണങ്ങാത്ത ഒരു മുറിവായി അത് ശേഷിക്കുന്നു. വിമോചനസമരകാലത്ത് അമേരിക്കയിൽനിന്നും ലക്ഷക്കണക്കിന് ഡോളർ മെത്രാന്മാർക്കും സന്യാസസഭകൾക്കും കിട്ടിയതായി ഫാദർ വടക്കൻ അദ്ദേഹത്തിന്റെ ആത്മകഥയിൽ (എന്റെ കുതിപ്പും കിതപ്പും) വെളിപ്പെടുത്തുന്നുണ്ട്. ഇന്ത്യയിലെ അമേരിക്കൻ അംബാസിഡറായിരുന്ന ഡാനിയേൽ പാട്രിക് മൊയ്നിഹാൻ A Dangerous Place എന്ന പുസ്തകത്തിൽ 1959 കാലഘട്ടത്തിൽ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ അട്ടിമറിക്കാനായി അമേരിക്കൻ ചാരസംഘടനയുടെ പണം വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

രാഷ്ട്രീയത്തിലിറങ്ങിയാലുടൻ അധികാരം സ്വപ്നം കാണുന്നവരുടെ നാട്ടിലാണ് ജന്മിത്വം ഉപേക്ഷിച്ച് ഒരു മനുഷ്യൻ പൊതുപ്രവർത്തിന് ഇറങ്ങിയത്. രാഷ്ട്രീയത്തിൽ മാത്രമല്ല സാഹിത്യ ചരിത്രത്തിലും ഇ.എം.എസ്. ഒരു വേറിട്ട ശബ്ദമായിരുന്നു. പുരോഗമനസാഹിത്യപ്രസ്ഥാനത്തിന് ആശയപരമായ അടിത്തറ പാകിയവരിൽ ഇ.എം.എസ്. പ്രധാനപങ്കുവഹിച്ചു. നാനാമേഖലകളിലായി ലേഖനങ്ങളും പഠനങ്ങളും ചരിത്രഗ്രന്ഥങ്ങളുമായി ആ വിജ്ഞാനസാഗരം പടർന്നുകിടക്കുന്നത് നമ്മെ അത്ഭുതപ്പെടുത്തും, തീർച്ച.

ഒരുവശത്ത് മാർക്സിയൻ സിദ്ധാന്തങ്ങൾ അനായാസം കൈകാര്യംചെയ്യുകയും മറുവശത്ത് പ്രായോഗികരാഷ്ട്രീയത്തിൽ, തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ എതിരാളികളുടെ മർമ്മം തുളയ്ക്കുന്ന കൗശലവുമായി സജീവമാകുകയുംചെയ്യുക എന്ന അസാധാരണത്വം ഇ.എം.എസിനുമാത്രം സ്വന്തം.

സംസാരിക്കുമ്പോൾ ഇ.എം.എസ്. വിക്കിയിരുന്നു. പക്ഷേ പ്രവർത്തിയിൽ ആശയദൃഢതയുടെ കാര്യത്തിൽ, മനുഷ്യസ്നേഹത്തിന്റെ കാര്യത്തിൽ, ധൈഷണികസംവാദങ്ങളിൽ ആ വലിയ മനസ്സ് 'വിക്കിയിരുന്നില്ല'. ഇത് പുനർവായനയുടെ കാലമാണ്. ഉടയാത്തതെന്ന് ഇതുവരെ കരുതിയിരുന്ന വിഗ്രഹങ്ങൾ പലതും ഒരു നിമിഷാർദ്ധംകൊണ്ട് തകർന്നുപോകുന്ന കാലം. പക്ഷേ ഒരു പുനർവായനയിലും തകരാത്ത ചിലരുണ്ട്; ബുദ്ധിയുടെ, അനുഭവത്തിന്റെ ഉലയിൽ ഊതിക്കാച്ചിയ ഇ.എം.എസിനെപ്പോലെ അപൂർവ്വം ചിലർ.

**സംസാരിക്കുമ്പോൾ ഇ.എം.എസ്. വിക്കിയിരുന്നു. പക്ഷേ പ്രവർത്തിയിൽ ആശയദൃഢതയുടെ കാര്യത്തിൽ, മനുഷ്യസ്നേഹത്തിന്റെ കാര്യത്തിൽ, ധൈഷണികസംവാദങ്ങളിൽ ആ വലിയ മനസ്സ് 'വിക്കിയിരുന്നില്ല'.**

**കുറിപ്പുകൾ**


1. ഇ.എം.എസ്. സമ്പൂർണ്ണകൃതികൾ Vol. I-VII ചിന്ത പബ്ലിക്കേഷൻസ്.
2. കാൽനൂറ്റാണ്ട്, ചെറിയാൻ ഫിലിപ്പ്
3. കേരളം മലയാളികളുടെ മാതൃഭൂമി, ഇ.എം.എസ്.
4. ചിന്ത, ഇ.എം.എസ്. പതിപ്പ്.


*Magazine Editor*

## The Former Students Association

The Alumni Association in Formulation a number of measures to strengthen the bonds between the Alumni & The Alma matter.



**Dr. A. Muhammed Haneefa**
President F.S.A.
T.K.M.C.Arts & Science



# തളിരിട്ടുണരുന്ന സംഗീതം

**Suchithra Nair**
IInd Physics

ശബ്ദം ഈ ഭൂമിയിലെ അനുപമമായ ഒരു അത്ഭുതപ്രതിഭാസമാണ്. ഭൂമിക്ക് സംസാരലോകമെന്ന പേര് സമ്പാദിച്ചുകൊടുത്തതും ശബ്ദമാണ്. ഓരോ ശബ്ദത്തേയും അവയുടെ ആന്തരികസ്വഭാവമനുസരിച്ച് വിശകലനം ചെയ്താൽ അവയ്ക്ക് അവയുടേതായ സംഗീതസ്വഭാവമുള്ളതായി കാണാം. പ്രകൃതിയിലുള്ള ഓരോ തന്തുവിലും ശബ്ദമുണ്ട്. സംഗീതമുണ്ട്. പുൽക്കൊടിയിലും ഇടതൂർന്ന മരങ്ങളിലും ശീതളമായി ഒഴുകുന്ന പുഴയിലും ഉഗ്രസ്വരൂപിണിയായി സംഹാരസ്വരൂപിണിയായി ആർത്തലയ്ക്കുന്ന വൻതിരമാലകളിലും സകല ജീവജാലങ്ങളിലും മണ്ണിലും വിണ്ണിലും എന്തിന് കരിങ്കല്ലിൽപോലും സംഗീതമുണ്ട്. സംഗീതം എന്നത് ഒരുതരം ഊർജ്ജമാണ്. ശബ്ദസ്രോതസ്സിന്റെ കമ്പനത്താൽ ഉത്ഭവിക്കുന്ന ഊർജ്ജതരംഗങ്ങൾ ഏതെങ്കിലും മാധ്യമത്തിലൂടെ സഞ്ചരിച്ച് നമ്മുടെ ശ്രവണേന്ദ്രിയമായ കർണ്ണത്തിനുള്ളിലെ കർണ്ണപടലത്തിൽ കമ്പനങ്ങൾ സൃഷ്ടിക്കുന്നു. ഈ കമ്പനത്തിനനുസൃതമായി നമ്മുടെ തലച്ചോറിലെ ശ്രവണകേന്ദ്രത്തിൽ ഉണ്ടാകുന്ന അപഗ്രഥനമാണ് കേൾവി. ഭൂമിയിലുള്ള എല്ലാ ജീവജാലങ്ങളും ശബ്ദമുണ്ടാക്കുന്നവയാണ്.

മൃഗങ്ങളെപ്പോലെ സസ്യങ്ങൾ സ്വയം ശബ്ദിക്കുന്നില്ല. പക്ഷേ, സസ്യങ്ങൾ ശബ്ദതരംഗങ്ങൾക്കനുസരിച്ച് പ്രതികരിക്കുന്നതായി ശാസ്ത്രം തെളിയിച്ചിട്ടുണ്ട്. നല്ല സൂര്യപ്രകാശം, ആവശ്യത്തിന് ജലം, വളം എന്നിവയോടൊപ്പം ശാന്തവും സ്വച്ഛവുമായ സംഗീതംകൂടി ലഭ്യമാകുന്ന സാഹചര്യത്തിൽ വളരുന്ന ചെടികൾ കൂടുതൽ പുഷ്പങ്ങളും ഫലങ്ങളും നൽകുന്നതായി തെളിയിക്കപ്പെട്ടിട്ടുണ്ട്. മൃഗങ്ങൾ പലവിധ ശബ്ദങ്ങൾ പുറപ്പെടുക്കുന്നുണ്ട്. വിശക്കുമ്പോൾ, ഭയപ്പെടുമ്പോൾ, ശത്രുവിനെതിരെ ആക്രമണത്തിന് മുതിരുമ്പോൾ, ഭക്ഷണം കാണുമ്പോൾ, ഇണയെ ആകർഷിക്കുമ്പോൾ തുടങ്ങി ഓരോ തരത്തിൽ ശബ്ദമുണ്ടാക്കുന്നുണ്ട്.

മനുഷ്യന്റെ കാര്യത്തിലും ഈ കഥകൾ ഒട്ടും വ്യത്യസ്തമല്ല. ആദ്യ കരച്ചിലാണ് ആദ്യ ശ്വാസം. പിഞ്ചിളം പൈതലിന്റെ അസ്തിത്വം നിലനിർത്തുന്ന പ്രാണൻ അല്ലെങ്കിൽ ജീവൻ അഥവാ സത്ത എന്നൊന്നുണ്ടെന്ന് സ്ഥിരീകരിക്കുന്നതും ഈ കരച്ചിൽ എന്ന ശബ്ദപ്രകടനം കേട്ടിട്ടാണ്. മനുഷ്യൻ ഉണ്ടായ കാലം മുതൽതന്നെ ഉണ്ടായ ശബ്ദം എന്ന പ്രതിഭാസം മനുഷ്യന്റെ ഉൽപ്പത്തിക്കും വികാസത്തിനും അനുസൃതമായ മാറ്റങ്ങൾക്ക് വിധേയമായി. എന്നാൽ ശബ്ദമാകുന്ന പാലാഴി മഥനം ചെയ്തപ്പോൾ മനുഷ്യന് കിട്ടിയ അമൂല്യമായ അമൃതമാണ് സംഗീതം. ധന്വന്തരി കൊണ്ടുവന്ന അമൃതുപോലെതന്നെ സംഗീതപഞ്ചാമൃതത്തിന് ഏതു രോഗമുണ്ട് നശിപ്പിക്കാനാവാത്തതായിട്ട്? ശബ്ദസംബന്ധമായി മനുഷ്യന്റെ ഒരു വലിയ കണ്ടുപിടിത്തമാണ് സംഗീതം. ഓരോരുത്തരുടെ പ്രാണനിലും അടങ്ങിയിരിക്കുന്ന സംഗീതസാഗരത്തിന്റെ കണ്ടുപിടിത്തം ഒരു മനുഷ്യായുസ്സിൽ ചെയ്യാവുന്ന ഏറ്റവും വലിയ കാര്യമാണെന്ന് യാതൊരു സന്ദേഹവും കൂടാതെ പറയാം.

ഒരു ഗാനം അതിന്റെ മാധുര്യത്തോടെ, തികഞ്ഞ ഭാവത്തോടെ, സംഗീതത്തനിമയോടെ എങ്ങനെ തൊണ്ടയിൽ ഉത്ഭവിക്കുന്നുവെന്നറിയാമോ? സംഗീതത്തിനാവശ്യമായ ശബ്ദോൽപ്പാദനം പ്രധാനമായും നമ്മുടെ തൊണ്ടയിലുള്ള ശബ്ദപേടകത്തിലാണ് (Voice Box) നടക്കുന്നത്. ഇവിടെ നടക്കുന്ന പ്രക്രിയയിൽ എന്തെല്ലാം സംഭവിക്കുന്നുവെന്ന് നോക്കാം.

1. Voice Cord കളുടെ ശരിയായ കമ്പനം
2. ശ്വാസകോശത്തിൽനിന്നുള്ള ഉച്ഛ്വാസവായുവിന്റെ സമ്മർദ്ദവും ശ്വാസകോശത്തിന്റെ വ്യാപ്തിയും
3. തൊണ്ട, മൂക്ക്, വായ് എന്നിവ ശബ്ദത്തിന് നൽകുന്ന മുഴക്കം
4. ഉണ്ണാക്ക്, നാക്ക്, ചുണ്ട് എന്നിവ ഏറ്റെടുത്ത് നടത്തുന്ന ഉച്ചാരണം




5. മേൽ പറഞ്ഞവയെല്ലാം മസ്തിഷ്കത്തിലൂടെയും നാഡീവ്യൂഹത്തിലൂടെയുള്ള ഏകീകരണവും നിയന്ത്രണവും

ഒരു ഗാനത്തിന്റെ ശ്രുതി, ഭാവം, സ്വരസ്ഥാനം, എന്നിവ നിയന്ത്രിക്കുന്നത് ശബ്ദപേടകത്തിനകത്തും പുറത്തുമുള്ള പേശികളുടെ സങ്കോചവികാസങ്ങൾക്കനുസൃതമാണ്. നല്ലതുപോലെ ഉള്ളിലേയ്ക്ക് ശ്വാസമെടുത്തശേഷം പാടുന്നതാണ് തൊണ്ടയ്ക്ക് ഏറ്റവും അനുയോജ്യം. ഗാനത്തിന്റെ മാധുര്യം കുറയ്ക്കുന്നതിന്റെ പ്രധാനകാരണം തൊണ്ടയിലുണ്ടാകുന്ന രോഗങ്ങളാണ്. ഇതിൽ പ്രധാനമായവ ശബ്ദത്തിന്റെ സ്ഥിരമായ ദുരുപയോഗം കൊണ്ടുണ്ടാകുന്നവയാണ്. Vocal Cord ലെ കുരുപ്പുകൾ, നീർവീക്കം, മുറിവുകൾ, ക്യാൻസർ എന്നിവയാണ് അവയിൽ ചിലത്.

ഒരു ഗാനം ആലപിക്കുമ്പോൾ കേൾക്കുന്ന ഒരാൾക്ക് കർണ്ണാനന്ദകരമായി തോന്നുന്നത് ആ ഗാനത്തിന്റെ മാധുര്യംകൊണ്ടാണ്. ഒരു ഗാനത്തിന്റെ മാധുര്യം, അതിന്റെ അർത്ഥം, ഭാവം, ഈണം, ആലാപനശൈലി എന്നിവയെ ആശ്രയിച്ചിരിക്കും. ഇവയിൽ എല്ലാത്തിനും തുല്യപ്രാധാന്യമാണുള്ളതെങ്കിലും ശബ്ദവും ഭാവവും സർവ്വപ്രധാനമാണ്. ഇവയെ നല്ലരീതിയിൽ കൊണ്ടുപോകാൻ ഗളനാളത്തിന്റെ ആരോഗ്യം കാത്തുസൂക്ഷിക്കേണ്ടതുണ്ട്. ശബ്ദപേടകത്തിന്റെ ആരോഗ്യം കാത്തുസൂക്ഷിക്കുമ്പോൾത്തന്നെ ഒരു നല്ല ശബ്ദം സ്വായത്തമാക്കാനായി എന്തൊക്കെ ചെയ്യണം, എന്തൊക്കെ ചെയ്യരുത് എന്ന് ഇന്ന് വൈദ്യശാസ്ത്രം തെളിയിച്ചിരിക്കുന്നു. എന്നാൽ ഇതെല്ലാം അപൂർണ്ണങ്ങളാണ്. ഇവയിൽനിന്നെല്ലാം ഉയർന്നതും ഏറ്റവും അത്യന്താപേക്ഷിതവുമായ ഒന്നാണ് 'ഈശ്വരാനുഗ്രഹം'. സംഗീതം ഈശ്വരനാണ്. ഈശ്വരൻ തനിക്ക് സംഗീതവാസന എന്ന മഹത്തായ വരദാനം ഈശ്വരനിശ്ചയമായിട്ടുള്ള സേവ ജീവിതത്തിൽ അനുഷ്ഠിക്കാനാണ്. ഈ അവബോധം മനസ്സിലും ബുദ്ധിയിലും സ്പഷ്ടമാക്കിവയ്ക്കേണ്ടതുണ്ട്.

അതിനെ നിധിപോലെ കാത്തുസൂക്ഷിക്കാൻ എപ്പോഴും ശ്രദ്ധയുണ്ടാകണം. ഇതിലേയ്ക്കായി ഒരു ചെറിയ കൈവഴിയെന്നോണം, ആധുനിക വൈദ്യശാസ്ത്രം ഇങ്ങനെ പ്രസ്താവിക്കുന്നു. നല്ല ശബ്ദത്തെ സൂക്ഷിക്കാനും നിലനിർത്താനും ചില കൂട്ടം കാര്യങ്ങൾ ചെയ്യുക മറ്റുചിലത് ചെയ്യാതിരിക്കുക അല്ലെങ്കിൽ ഒഴിവാക്കുക.

1. ഓരോരുത്തരുടെയും ശബ്ദത്തിന് അവരവരുടെ ഗളനാളത്തിനനുയോജ്യമായ ശബ്ദപരിധിയുണ്ട്. ഇതിനെ സ്വാഭാവികപരിധിയെന്നു പറയുന്നു. നമ്മുടെ സാധാരണപരിധി കവിഞ്ഞ് 20Hz ഉയർന്നോ താഴ്ന്നോ പാടുകയാണെങ്കിൽ വലിയ കുഴപ്പമൊന്നും ഗളനാളത്തിനുണ്ടാവുകയില്ല. എന്നാൽ അതിൽ കവിഞ്ഞുള്ള ഉപയോഗം Voice Card ന് തകരാറുണ്ടാക്കും.
2. ജലദോഷം, തൊണ്ടവേദന എന്നിങ്ങനെയുള്ള അസ്വസ്ഥതകൾ ഉള്ള സമയത്ത് സാധകം ചെയ്യാതിരിക്കുക, മലിനമായ അന്തരീക്ഷത്തിൽനിന്ന് കഴിവതും മാറിനിൽക്കുക. സകലവും മലിനമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് പരമാവധി സൂക്ഷ്മതയോടുകൂടി വേണം നമ്മുടെ സുരക്ഷയ്ക്കുവേണ്ടി പ്രവൃത്തിക്കേണ്ടത്.
3. ഭക്ഷണക്രമം അവനവന് അനുയോജ്യമായ രീതിയിൽ തെരഞ്ഞെടുത്ത് ചിട്ടപ്പെടുത്തുക. എന്നാൽ പൊതുവേ അമിതമായി പുളിപ്പുള്ളതും ശീതവുമായ ഭക്ഷണം ഉപയോഗിക്കാതിരിക്കുക.
4. സൂക്ഷിച്ചുചെയ്യേണ്ട ചില കാര്യങ്ങളെപ്പറ്റിയാണ് ഇതുവരെ പറഞ്ഞത്. എന്നാൽ ഉള്ള ശബ്ദത്തിന്റെ പൊലിമ തനതായ രീതിയിൽ സംരക്ഷിച്ചുനിർത്താൻവേണ്ടി ചെയ്യേണ്ട ചില അത്യാവശ്യപാഠങ്ങളുണ്ട്. അവയിൽ വളരെ പ്രധാനമാണ് കൃത്യമായ ശബ്ദസാധകം. സംഗീതസാധന എന്നും അവരവർക്ക് അനുയോജ്യമായ രീതിയിലും സമയത്തും ചെയ്യണം. ഒരിക്കലും അധികമാകരുത്.






എന്നാൽ അത്യാവശ്യത്തിന് ഉണ്ടായിരിക്കുകയും വേണം. മനോധർമ്മസ്വരങ്ങളെ രണ്ടാം കാലത്തിലോ മൂന്നാം കാലത്തിലോ പാടുന്നതിലൂടെ ഉച്ചാരണശുദ്ധിയും ആകാരത്തിലൂടെ തൊണ്ടയ്ക്ക് നല്ല വഴക്കവും കിട്ടുന്നു. ഇവ ചെയ്യുന്നതിലൂടെ ശബ്ദത്തിന്റെ സ്വരസ്ഥാനം, ശബ്ദത്തിന്റെ ഉയർച്ച എന്നിവയെ അനായാസം നിയന്ത്രണത്തിൽ കൊണ്ടുവരാനാകും. കൃത്യമായി മൗനവ്രതം പാലിക്കുക. സംസാരിക്കുന്നത് വളരെ പതിഞ്ഞ ശബ്ദത്തിലായിരിക്കണം. യോഗാഭ്യാസവിധിയിൽ പ്രതിപാദിക്കുന്ന ശ്വാസനിയന്ത്രണം, നല്ല ശബ്ദം സ്വായത്തമാക്കുന്നതിന് ഉത്തമമാണ്. യോഗാഭ്യാസക്രമത്തിൽ ശ്വാസനിയന്ത്രണ വ്യായാമങ്ങൾ, പ്രാണായാമം പോലെയുള്ള അഭ്യാസങ്ങൾ കണ്ഠശുദ്ധിക്കും കണ്ഠത്തിന്റെ നല്ല ആരോഗ്യത്തിനും ശ്വാസകോശത്തിന്റെ ആരോഗ്യത്തിനും നല്ലതാണ്.

5. ശ്വാസകോശത്തിൽ തുടങ്ങി, തൊണ്ടവഴി, വായിലൂടെയും മൂക്കിലൂടെയും പുറത്തുവരുന്ന സംഗീതത്തിന്റെ മാറ്റ് നന്നാവാൻ വേണ്ട മറ്റൊരു കാര്യമാണ് ശരീരാവയവങ്ങളുടെ ശരിയായ ഘടന. വരിതെറ്റിയ പല്ലും, വളഞ്ഞ പാലവുമുള്ള മൂക്കും ശസ്ത്രക്രിയവഴി ശരിയാക്കിയാൽ ശബ്ദത്തിന് വരുന്ന മാറ്റം അത്ഭുതാവഹമാണ്.
6. ധാരാളം വെള്ളം കുടിക്കുന്നത് തൊണ്ടയ്ക്ക് വളരെ നല്ലതാണ്. തൊണ്ടയുണക്ക് വരാതിരിക്കാനും കഫം ഉണ്ടാകാതിരിക്കാനും ഇത് സഹായകമാകും.

നാഭിയിൽനിന്ന് ഉത്ഭവിച്ച് ഹൃദയവും കണ്ഠവും കടന്ന് രസനകൾ നൽകുന്ന ഉച്ചാരണത്തോടുകൂടി വായിൽനിന്ന് വായുവിലേയ്ക്ക് ഒഴുകുന്ന വായ്പ്പാട്ടിനെപ്പറ്റി നൂറ്റാണ്ടുകൾക്കു മുമ്പേ ത്യാഗരാജസ്വാമികൾ ജഗൻമോഹിനി രാഗത്തിൽ പാടിയിരുന്നില്ലേ? അദ്ദേഹം സംഗീതത്തിലൂടെത്തന്നെ സംഗീതത്തെ അഭ്യസിപ്പിച്ചിരുന്നു. സംഗീതത്തിന്റെ കഥ യഥാർത്ഥത്തിൽ അദ്ദേഹം പറഞ്ഞിരുന്നു. ആ അനുഗ്രഹീത ആത്മാവ് അന്ന് ആലപിച്ചിരുന്ന കീർത്തനങ്ങളിലൂടെ. ഇന്ന് ശാസ്ത്രവും വൈദ്യവും ശരീരത്തെ കീറിമുറിച്ചശേഷം കണ്ടുപിടിച്ച പലതും അന്നത്തെ സംഗീതലോകത്തെ ചക്രവർത്തിമാരും പാടിയിരുന്നതുമാത്രമാണ്. ആ മഹാന്മാരുടെ പാണ്ഡിത്യത്തിനുമുന്നിൽ നാം വെറും കൈക്കുഞ്ഞുങ്ങൾമാത്രമാണ്. എന്നാൽ ശുദ്ധസംഗീതം അധഃപതിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോഴുള്ള ഗാനം പരിശോധിച്ചാൽ അതിൽ സാഹിത്യമില്ല, സംഗീതമില്ല, ശബ്ദകോലാഹലങ്ങൾ മാത്രമാണ്.

സംഗീതം ഒരു അമൃതാണ്. ഏതു രോഗത്തെയും അത് ശമിപ്പിക്കുന്നു. ഇതിനു കാരണം, രോഗം ശരീരത്തെ ബാധിക്കുന്നെങ്കിലും രോഗിയുടെ മനസ്സ് ദുർബ്ബലമായാൽ രോഗം പെട്ടെന്ന് മൂർച്ഛിക്കുന്നു. സംഗീതാമൃതമാകട്ടെ മനസ്സിനെ ചികിത്സിക്കുന്നു. അതിന് സൗമ്യതയുടെ സ്പർശം നൽകുന്നു. ശാന്തമാക്കുന്നു. എത്ര കഠിനമായ ജോലിയും സംഗീതത്തിന്റെ സാന്നിധ്യംകൊണ്ട് സരളമായി മാറുന്നതും പെട്ടെന്ന് ചെയ്തുകഴിയുന്നതും ശ്രദ്ധിച്ചിട്ടുണ്ടാവുമല്ലോ? സംഗീതാസ്വാദനവും ഒരു വലിയ കലയാണ്.

ഇന്ന് എന്റെ തൂലികത്തുമ്പിൽ നിന്നുതിർന്നുവീണ ഈ ലേഖനം എത്ര ശുഷ്കവും അപൂർണ്ണവുമാണ്. എന്റെ ഗുരുക്കന്മാരോടും രക്ഷാകർത്താക്കളോടും എന്റെ മസ്തിഷ്ക്കത്തിൽ ഈ ആശയപുഷ്പങ്ങൾ വിരിയിച്ചനുഗ്രഹിച്ച അദൃശ്യനായ ഈശ്വരശക്തിയോടും നമ്രശിരസ്കയായി പ്രാർത്ഥനാപൂർവ്വം ഈ ജ്ഞാനശകലം ഇവിടെ പര്യവസാനിപ്പിക്കുന്നു. ■

# നിരഞ്ജനയുടെ മൗനം



NITHYA RAJ
Ist English

ഗേറ്റിങ്കൽ ഒരുപാടുനേരം പിടിച്ചുനിന്നു നിരഞ്ജന. പരിചിതമായ ഒരു മുഖവും കാണുവാൻ അവൾക്ക് കഴിഞ്ഞില്ല. അവൾക്ക് വല്ലാത്ത ദേഷ്യം വന്നു. മുത്തശ്ശിക്കഥയിലെ രാജകുമാരനെയും, മയിൽപ്പീലികളും മഞ്ചാടിമണികളും സ്വപ്നം കണ്ടിരുന്ന അവൾക്ക് ടൂറിസ്റ്റ് ബസുകളും സാൻട്രോ കാറുകളും ഒന്നും പ്രിയങ്കരമായിരുന്നില്ല. അവൾ പണ്ടേ അങ്ങനെയായിരുന്നു. പലപ്പോഴും ഏകാന്തതയിലേക്ക് കൺനട്ട് അവളിരിക്കാറുണ്ട്. തന്റെ പ്രായത്തിലുള്ളവരുടെകൂടെ ഓടിച്ചാടി നടക്കേണ്ട സമയത്ത് അവൾ നിശബ്ദത വല്ലാതെ ഇഷ്ടപ്പെട്ടിരുന്നു. വീട്ടിൽ വിശേഷം വല്ലതും നടന്നാൽ അവൾ ഒതുക്കുകല്ലുകളിറങ്ങി കുളപ്പുരയുടെ വാതിൽക്കൽ ചെന്നിരിക്കും. പലരും തിരക്കി. “നിരഞ്ജന എന്തേ ഇങ്ങനെ ഒഴിഞ്ഞുമാറുന്നത്?” ഉത്തരം മാത്രം ആർക്കും അറിയില്ല. “അവൾ ചെറുപ്പത്തിലേ അങ്ങനെയാ. ഇങ്ങനെയുണ്ടോ പെൺകുട്ട്യോള്.” ബന്ധുക്കാരുടെ വക സംബോധന. ഏകയായിരിക്കുമ്പോൾ അവൾ അവളുടെ മുത്തശ്ശിയെക്കുറിച്ചോർക്കും. അവർ പറഞ്ഞുതന്ന കഥയിലെ കുതിരപ്പുറത്തുവരുന്ന ഇല്ലാത്ത രാജകുമാരനെയും വളപ്പൊട്ടുകളെയും മഞ്ചാടിമണികളെയും അവൾ സ്വപ്നം കാണും. രാജകുമാരനോടൊപ്പം കുതിരപ്പുറത്ത് പറക്കുന്നതായും അവൾ സങ്കല്പിക്കാറുണ്ട്.

പത്താംതരം കഴിഞ്ഞതോടെ എല്ലാവരും അമ്പരന്നു. നിരഞ്ജനയുടെ മൗനം അനുനിമിഷം കൂടുകയാണ്. അവൾ പലപ്പോഴും ചിന്തിക്കാറുണ്ട്. “താനെന്തേ ഇങ്ങനെയായി?” എല്ലാവരും കുറ്റപ്പെടുത്തുമ്പോൾ അവൾ തന്റെ അമ്മയെപ്പറ്റിയോർക്കാറുണ്ട്. അമ്മ തനിക്ക് എന്താശ്വാസമാണ് പകർന്നുതരുന്നത്. രാജകുമാരനും, കുപ്പിവളകളും വർണ്ണക്കടലാസുകളും ഇല്ലാത്ത ജീവിതം മരണത്തിനുതുല്യമാണെന്ന അമ്മയുടെ വാക്കുകൾ അവളെ വീണ്ടും മൗനത്തിലാഴ്ത്തി. ഒടുവിൽ അമ്മ മരിച്ചപ്പോൾ അമ്മയുടെ ചിന്തകളും സ്വപ്നങ്ങളും അവൾക്ക് കൂട്ടിനായെത്തി. ചിറകുള്ള കുതിരപ്പുറത്തുവരുന്ന രാജകുമാരനെ അവൾ സ്വപ്നം കാണാൻ തുടങ്ങി.

വിവാഹം കഴിഞ്ഞാൽ എല്ലാം മാറുമെന്നായിരുന്നു വീട്ടുകാരുടെ തീരുമാനം. പിന്നീട് എല്ലാം ധൃതിയിലായിരുന്നു. അമേരിക്കയിൽ ബിസിനസുകാരനായ ശങ്കർ ആയിരുന്നു അവളുടെ വരൻ. ചിറകുള്ള കുതിരപ്പുറത്തുവരുന്ന തന്റെ രാജകുമാരനെയും കാത്തിരുന്ന അവളെ തികച്ചും നിരാശപ്പെടുത്തിക്കൊണ്ടായിരുന്നു ശങ്കറിന്റെ വരവ്. കോട്ടും സ്യൂട്ടും അണിഞ്ഞ് സാൻട്രോയിൽ വന്നിറങ്ങിയ ശങ്കറിനെ തികച്ചും ഒരു കുറ്റവാളിയെപ്പോലെയാണ് അവൾ കണ്ടത്. അവളെയുംകൊണ്ട് അമേരിക്കയിലേയ്ക്ക് പറന്ന ശങ്കർ അവളുടെ ഈ പെരുമാറ്റം മനസ്സിലാക്കിയത് വൈകിയാണ്. എന്തോ കാര്യമായ തകരാറുണ്ടെന്ന് മനസ്സിലാക്കിയ അയാൾ അവളെ വെറുത്തില്ല. ഒരുപാട് സ്നേഹിച്ചു. എല്ലാ മനോരോഗവിദഗ്ദ്ധരെയും കാണിച്ചു. ഒടുവിൽ ഒരു കാരണത്തിൽ എല്ലാവരും എത്തിച്ചേർന്നു. ചെറുപ്പത്തിലുണ്ടായ കുറെ ആവശ്യമില്ലാത്ത സ്വപ്നങ്ങൾ. അവ പറഞ്ഞുതിരുത്തുന്നതിനുപകരം അവളുടെ വീട്ടുകാർ അതിനെ പ്രോത്സാഹിപ്പിച്ചു. അങ്ങനെ പുറംലോകം കണ്ടിട്ടില്ലാത്ത നിരഞ്ജനയ്ക്ക് അമ്മയുടെ അറിവിലെ മഞ്ചാടിമണികളും വർണ്ണക്കടലാസുകളും ഒക്കെയായി ജീവിതം. കാര്യങ്ങൾ എല്ലാം മനസ്സിലാക്കിയ ശങ്കർ അവളെ സ്നേഹത്തോടെ ചേർത്തുനിർത്തി.

കുട്ടികളില്ലാത്ത തനിക്ക് എന്തിനാണ് പാവക്കുട്ടികൾ എന്നു നാട്ടുകാരുടെ ചോദ്യം ഒഴിവാക്കാനായി ശങ്കർ രാത്രിയിൽ മാത്രം ടോയ്ഷോപ്പിൽ കയറിയിറങ്ങി. കുറെ വർണ്ണക്കടലാസും മഞ്ചാടിമണികളും മയിൽപ്പീലിത്തുണ്ടുകളും ശേഖരിച്ചു. നിരഞ്ജനയ്ക്കു മുന്നിൽ അയാൾ കുതിരപ്പുറത്തുവരുന്ന രാജകുമാരനായി. ഇതുകണ്ട് അവൾ പൊട്ടിച്ചിരിച്ചു. അവൾ ജീവിതത്തിലേയ്ക്ക് നടന്നടുക്കുകയായിരുന്നു. ഒരു തേങ്ങലോടെ, ആശ്വാസത്തോടെ. അയാൾ അത് തിരിച്ചറിഞ്ഞു. തന്റെ നിരഞ്ജനയെ തനിക്ക് തിരിച്ചുകിട്ടുകയാണ്. അമ്മയുടെ ശ്രാദ്ധത്തിനെത്തി. അമേരിക്കയിൽനിന്നും തിരിച്ചെത്തിയ നിരഞ്ജനയെക്കണ്ട് എല്ലാവരും ആശ്ചര്യപ്പെട്ടു. കാരണം മൗനം അവൾക്കിന്ന് തികച്ചും അന്യമായിരിക്കുകയാണ്.



**JASAR KHAN S**
Ist BA Islamic History

# ഇഖ്ബാലിന്റെ മധുരധ്വനികൾ

വൈജ്ഞാനിക മണ്ഡലത്തിലെ കത്തിജ്ജ്വലിക്കുന്ന സൂര്യൻ എന്നറിയപ്പെടുന്നു. അനുഗ്രഹീതനായ കാവ്യകോകിലം എന്നറിയപ്പെടുന്ന ഉറുദ് മഹാകവി അല്ലാമാ മുഹമ്മദ് ഇഖ്ബാലിന്റെ പത്ത് മൊഴിമുത്തുകൾ ഇതിൽ ചേർക്കുന്നു.

**1. വിജ്ഞാനം**

സിന്ദഗീ ഹൊ മേരീ പർവാനെ കീ സൂറത്ത് യാറബ്ബ്
ഇൽമ് കീ ശമാ സേ ഹോ മുജ്കോ മുഹമ്മ മുഹബ്ബത്ത് യാറബ്ബ്.

ചിത്ര ശലഭത്തിന് പ്രകാശത്തോടുള്ള അനുരാഗം ഞങ്ങൾക്ക് വിജ്ഞാനത്തോടാക്കിത്തരേണമേ നാഥാ.

**2. ഉത്തമൻ**

ഹൈം ലോഗ് വഹീജഹാം മേം അച്ഛേ ആരോ ഹൈം
ജോ കാം ദൂസരോം കെ

അന്യന് ഉപകാരപ്പെടുന്നവനാണ് ലോകത്ത് ഉത്തമരായിട്ടുള്ളവർ

**3. ഭാരതം**

റുലാതാഹേ തേരാ നെസ്സാരാ ഏ ഹിന്ദോസിതാൻ മുജ്കോ
കെഇബ്റത്ത് ഖൈസ് ഹെ തേരാ ഫസാനാസബ് ഫസാ നോം മേം.

ഓ ഭാരതമേ നിന്റെ അവസ്ഥ ഞങ്ങളെ കരയിപ്പിക്കുന്നു. എല്ലാ കഥകളേക്കാളും പഠനാർഹമാണ് നിന്റെ കഥനം.

**4. ദുഃഖം**

ഗോ സറാപ്പാ കയ്ഫേ ഇശ്റത്ത് ഹെ ശറാബേ
സിന്ദഹീ അശ്ക്ക് ഭീ രഖ്താഹേ ദാമൻ മേം സഹാബേ സിന്ദഗീ.

ജീവിതമാകുന്ന പാനീയം ആനന്ദവും ലഹരി പൂരിതവുമാണ്. എന്നാൽ ജീവിതമാകുന്ന മേഘപ്പാളികളിൽ അശ്രുകണങ്ങളും കാണപ്പെടുന്നു.

**5. മൈത്രി**

യാ ബാഹം പ്യാർക്കേ ജൽസേ ഹേ ദസ്തൂറേ മുഹബത്ത് വാളംധാ
യാ ബഹ്സ് മേം ഉർദു ഹിന്ദി ഹെ യാഖുർബാനിയാജും കാഹെ

(ബ്രിട്ടീഷ് ആധിപത്യത്തിനു മുമ്പ് ഭാരതത്തിൽ ഹിന്ദു മുസ്ലിം മൈത്രി എവിടെയും ധന്യമായിരുന്നു. പക്ഷേ ഉറുദു, ഹിന്ദി, ഗോഹത്യ മുതലായവ സംബന്ധിച്ചുള്ള കലഹം ഇന്ന് സാർവ്വത്രികമായിരിക്കുന്നു.)

**6. സത്യം പറയുക**

ജാൻ ജായേ ഹാത്ത് സേ ജായേ നഃ സത്ത്
ഹെ യഹീ ഇക്ക് ബാത്ത് ഹർ മദ്ഹബ് കാ തത്ത്.

ജീവൻ പോയാലും സമ്പത്ത് നശിച്ചാലും സന്തതം സത്യം പറയുക ഇതാണ് സമസ്തമതത്തിന്റേയും സത്ത.

**7. ഹിമാലയം**

പർബത്ത് വോ സബ്സേ ഊൻചാ ഹംസായഃ
ആസ്മാൻകാ വോ സൻതരീഹമാരാ വോ പാസ്ബാൻ ഹമാരാ.

സർവ്വോന്നതിയിൽ വിരാജിക്കുകയും ആകാശത്തിന്നയൽക്കാരനുമായ ഹിമാലയ പർവ്വതം നമ്മുടെ ദ്വാരപാലകനും കാവൽക്കാരനുമാണ്.

**8. സ്വദേശ സ്നേഹം**

ഹേ തർകേ വത്വൻ സുന്നത്തേ മഹ്ബൂബേ ഇലാഹീ
ദേ തുഭിനു ബുവ്വത്ത് കീ സദാഖത്ത് പ്പ ഗവാഹീ.

സ്വദേശ സ്നേഹം പ്രവാചകനായ മുഹമ്മദിന്റെ ചര്യയാണ്. നീയും നബിത്വ സത്യത്തിന് സാക്ഷിയാകൂ.

**9. സ്നേഹം**

മുഹബ്ബത്ത് കേ ശറൻ സേദിൽ സറാപ്പാ നൂറ്
ഹോതാഹെ സറാ ബീജ്സേ പൈദാരിയാസേ ത്വനറ് ഹോതാഹേ.

സ്നേഹത്തിന്റെ തീപ്പൊരിയിൽ മനസ്സഖിലം പ്രകാശം പ്രവഹിക്കുന്നു. ഒരു ചെറിയ വിത്തിന് ഒരു വലിയ തോട്ടം നിർമ്മിക്കാൻ കഴിയുന്നതുപോലെ.

**10. മരണം**

ജറസ് ഹോം നാലയേ ഘബീദഃ ഹെ മേരേ രഗ്വ പേ
മേം യഃഖാ മോശീ മേരീ വഖ്ത്തേറഹീലേ കർവാൻ തക്ക്ഹെ.

ഒരു മണിയിൽ അതിന്റെ ശബ്ദം ഗുപ്തമായിരിക്കുന്നതുപോലെ മനുഷ്യന്റെ നാഡീഞരമ്പുകളിൽ വിലാപവും അന്തർലീനമായിരിക്കുന്നു. യാത്രാ സംഘങ്ങൾ പുറപ്പെടുമ്പോൾ മണിനാദം മുഴക്കപ്പെടുന്നതുപോലെ ഈ ലോകത്തോട് വിടപറയുമ്പോൾ തന്റെ തിന്മകളോർത്ത് മർത്ത്യന്റെ അവയവങ്ങളും വിലപിക്കുന്നുണ്ടാകും.

# നിസ്സംഗത



ഓർമ്മകളുടെ ശവകുടീരത്തിൽ ആരോ കനൽ കോരിയിടുന്നു.
വൈകുണ്഻ത്തിനും മീതെ അത് പുകഞ്ഞുകത്തുന്നു.
സ്വപ്നങ്ങളുടെ ഇടനാഴിയിൽ കൂരിരുൾ പരക്കുന്നു.
മഞ്ഞവെളിച്ചമായ് അത് പുറത്തേയ്ക്ക് ഒഴുകുന്നു.
കരിവളയിട്ട കൈകളിൽനിന്ന് ജീവൻ ഊർന്നിറങ്ങുന്നു
ആശുപത്രിയിലെ മോർച്ചറിയിൽ അത് അനാഥമാകുന്നു
നിശബ്ദതയുടെ മരുഭൂമിയിൽ ചെമ്പകത്തെ കാറ്റ് തലോടുന്നു.
ത്രസിക്കാത്ത ചുണ്ടുകളിൽ അത് നീണ്ട നെടുവീർപ്പുകൾ ആകുന്നു.
മാറാല പിടിച്ച ചുവരുകൾക്ക് മീതെ മഴ കിനിഞ്ഞിറങ്ങുന്നു
ഒഴിഞ്ഞ പീഠത്തിന്മേൽ അത് ചിത്രങ്ങൾ വരയ്ക്കുന്നു.
ഉണങ്ങാത്ത കണ്ണീരിന്മേൽ കൺമഷി പടരുന്നു.
അത് രക്തം തണുത്ത ഭൂമിയുടെ നിസ്സംഗതയാകുന്നു

**SAJILA A.J.**
Ist Botany

# കാർവർണ്ണൻ



ഘനശ്യാമവർണ്ണാ നീ എൻ മനസ്സിൽ
മഴവില്ലിൻ നിറമാവുകയോ?
നിൻ മൃദുസ്മേരത്തിൻ ചന്ദനവർണ്ണമോ?
ചന്ദനത്തിൻ കുളിർകാറ്റേറ്റുഞാൻ
കാർമുകിലാവുകയോ...
കാർമുകിലിൻ നിറമെൻ മനസ്സിൽ
മഴയായ് പെയ്യുന്നുവോ?
ആ മഴയെൻ മനസ്സിൽ കല്ലോലിനിയാവുകയോ?
ആ കല്ലോലിനി ഒരു വീണാനാദമായ്
എൻ മനസ്സിൻ ഇരമ്പലായ് ധ്വനിക്കുകയോ
എൻ ജീവസ്പന്ദം ഒരു കടൽപക്ഷിയായ് മാറുകയോ?
ആ പക്ഷി ചേക്കേറുന്ന ചില്ലകൾ
മഴയായ് തല്ലിക്കെടുത്തുകയോ?
ഒടുവിൽ എൻ ജീവസ്പന്ദം
കടലിൽ അസ്തമയത്തിന്റെ ഇളം
ചായക്കൂട്ടിൽ രക്തവർണ്ണമായ്
കാർമേഘത്തിൻ മറവിലാവുകയോ?

**REMYA V.**
Ist Botany

# നിനക്കായ് സ്നേഹിതേ......

ഇനിയെത്ര നാളെയെൻ സ്നേഹിതേ
നിനക്കായി ഈ കാത്തിരിപ്പു തുടരവേ
സ്നേഹമാം പൂവിതൾ ഒന്നായി പൊഴിയവേ
അറിയാതെ നിൽപ്പൂയെൻ ശോകകോകിലം
കളമൊഴിയാം നിൻമലർവാക്കുകൾ
കേൾക്കാൻ ഇനിയെത്രനാൾ കാക്കണം.
അശോകമരം നിൻപുഷ്പങ്ങളെയെൻ
ഹൃദയത്തിലണിയാൻ ഇനിയും
എത്ര രാവുകൾ എൻ ഗോപികെ
മനസ്സിന്റെ സുന്ദരതീരങ്ങളിൽ
ഭാവുകം മാത്രം നേർന്നുകൊണ്ടു
നിൽക്കുന്നതന്നെയെന്നും; വരില്ലേ ?
കമനിയാം യെൻ തീർത്ഥഭൂമിയിൽ
ഇമ്പത്തോടെ കാത്തിരിപ്പൂയെൻ മനം-
അന്തിയോളം നിന്നാഗമനം
പ്രതീക്ഷിച്ചും വിതുമ്പിടുമ്പൊളൊക്കെ
കുണ്ഠിതമാംമെൻ മനസ്സിൽ
കലയായ് സൗന്ദര്യമായ് മൃദുലസ്വരമായ്
മാറുവാൻ ഇനിയും എത്ര രാവുകൾ
കുളിരായുല്ലാസമായ് അരികിൽ
ആശ്വാസമായ് തനുവിൽ തണുപ്പായ്
എന്നിലണിയാൻ കാതോർത്തു
നിൽപ്പൂ നിൻ നിഴൽ മാത്രം
അകലെ പൊന്നൊളി മയങ്ങവെ
അഴകിന്റെ നീഴകല നീ മാത്ര-
മെന്തെ വിഷാദത്തിൽ മുഴങ്ങവേ
അണയില്ലെയെൻ സ്മൃതിമണ്ഠപത്തിൽ
കാലം കാത്തുനിൽക്കുവാനില്ല ഭാവനെ
ഇനിയും നിനക്കായി പാടണോ
രചിയ്ക്കണോ? ജീവിതം പൂവണിയാൻ
വേഗം അണയുയെൻ മോഹിനി



Irfan
IInd Islamic History



SHALU MATHAI
IInd BCom.

# കാവ്യലോകം

നിദ്ര വിട്ടൊഴിഞ്ഞ വദനത്തിൽ
നിർവികാരത്തിൻ മ്ലാനത
അനന്തസാഗരത്തിൻ നടുവിൽ
താനേ ഒഴുകുന്ന ചെറുതോണിയും
കാലമാകുന്ന യാത്രയിലെപ്പോഴോ
പാപക്കുഴിയിൽ വീണുപോയി.
തകർന്നുടഞ്ഞ സ്വപ്നങ്ങളിൽ
പ്രതികാരത്തിൻ വിത്തുപാകി.
ഹാ! കിനാക്കളെ വിട ഇനി
ശാപവാക്കുകൾ തുണയുണ്ട്.
ചോരകുടിച്ച അന്തരംഗം
ഒരു ശിലയായി ഉറച്ചുപോയി
കത്തിജ്ജ്വലിച്ച പാപാഗ്നിക്ക്
തുണയായിനിന്നു ആയുധം.
ഏതോ നിമിഷത്തിൽ-
വീശിയടിച്ചു മന്ദമാരുതൻ
ദുഃഖചിന്തകൾ അകന്നുപോയി;
പാപം കഴുകി വെടിപ്പാക്കി.
ആത്മാവിൽ അന്തരംഗത്തിൽ
സ്വപ്നങ്ങൾ തളിരിട്ടു
കാവ്യലോകത്തിൽ കവിതയായി
ഹൃദയതാളങ്ങൾ തിളങ്ങിനിന്നു
രാഗമായ്.. കാവ്യമായി.. സംഗീതമായി



# Campus Clicks

















EXCLUSIVE

# KERALA : THE SUICIDE CAPITAL

Crystalling the dilemma of human existence, Shakespeare's Hamlet said: "To be or not to be, that is the question." Belonging to the State in distress, Keralites seem to be caught in this existential angst. Seized by a compulsive death wish, a sizable section of Keralites believe that life is not worth living and there is no point in prolonging the misery of existence. As suicide rates spiral across the State, the rot seems to be ravaging the society at large.

**Take the following cases :**

On January 2, Balan, his wife Sati and their 11-year-old daughter committed suicide at their residence near Cherpu in Thrissur district while their two sons who had also consumed poison, barely survived. Fiscal difficulties was the reason.

On January 7, Chandran, his wife Usha and three daughters belonging to a lower middle class family in Feroke near Kozhikkode took a similar decision after their struggle to stay afloat turned futile. They ended their lived carrying the burden of debts.

On February 7, in Chittor, Mohammed Iqbal (30), a farmer, committed suicide by consuming poison. The whole world turned upside down for him after receiving a notice from the bank asking him to pay back one and a half lakh rupees which he had taken as agriculture loan to cultivate sugarcane and coconut. The number of farmers who took the extreme step in the area has risen to six within a short spam of time.

Not a single day passes without reports, which speak of at least one such gruesome tragedy. According to the National Crime Records Bureau's report in 2000, Kerala ranks first in India in suicide rate with 31.5 per one higher than the national average (11.2). The State has the dubious distinction of being the suicide capital of India for the seventh time in succession. On an average, the State recorded more than 8,900 suicides in the year 2000, with three persons committing suicide a day. Kerala had a share of 10.1 percent suicided in the country while its population was only 3.4 percent of India's populace. In the decade 1999-2000, Kerala's suicide rate rose by 4.61 percent as against the population rate rise of 2.2 percent.

**Psycho-social Factors**

It is difficult to pinpoint the factor that contribute to the compulsive death wish. The reasons given for taking the drastic step include fiscal crisis, steep fall in the prices of agricultural produce, increasing rate of alcohol dependence, increasing of the family system, unrealistic career aspirations and severe competition in the field of education, the consumerist value system that prompts people to live beyond their means, and increasing rate of mental illness. The medical fratemily chooses to differ from the widely held view that the predominant reason for suicide in the State is the debt trap.

"There are multi factorial reasons

behind this tragic phenomenon." says Dr. P.N. Suresh Kumar, Director of Institute of Mental Health and Neurosciences (IMHANS) Kozhikode and Director of Thanal suicide prevention centre sponsored by the Indian Medical Association (Kozhikode branch).

Research has shown through psychological autopsies that bulk of the people who commit suicides suffered from treatable depression. Depression is a long-term illness with frequent recurrences or one which can lead to a chronic condition. Dr. Kumar says that educated unemployed people are prone to suicide since frustratikon and psychological turmoil land them into behavioural disorders like depression.

"Detecting the treating mental illness is a viable method than attempts at directly presenting suicide. If this principle is followed the number of suicides in the chronically ill can be brought down," says Dr. Kumar.

Many studies has revealed higher incidence of suicide attempts and suicides among alcoholics. Alcoholism is a medical illness with psychological underpinnings. "Suicide in alcoholics is often precipitated by financial contraints, chaos and crisis in the family, depression etc. The presence of alcoholism and depression in an individual increases the suicide risk enormously," he says.

The geographical location of the State too may have a role in the suicides. "The geographical over-protection of the State from natural calamities has made the typical Keralite an individual without much fortitude and emotional immunity. The people are living in a protected environment. So they can't face adverse situations, which throw normal life out of gear. Even a slightest provocation leads them to the edge," says Dr. Kumar.

Kerala witnesses a wave of suicides sweeping over the adolescent scene in the post-SSLC scenario every year. In 1998, about 20 students committed suicide in the State a week after the publication of the SSLC results.

"The pampered child-rearing practice in the nuclear family system contributes a lot to this tragic phenomenon. The children are so protected that they can't bear a setback to their will," says the physician.

**Family Murder Suicides**

Kerala also ranks first in the rate of family suicides. in 1999, about 60 families committed suicide. the despair and hopelessness related to family life arising out of severe financial crisis is reported and projected as the reason.

"The concern towards the children may be forcing the parents to wish that their children should not suffer after their exit from the world. it's a group murder. the individual who heads the family is forcefully dragging others to death," says Dr. Kumar.

The sociological perspectives on suicide originated with the book, Le suicide (1895) by Emilie Durkheim who proposed the view that suicide was to be viewed as part of an overall pattern of self-destruction in any given society. Large-scale social dynamics determine the probability of suicide in a member of the society. Durkheim suggested two factors to be the major determinants-social integration and cultural solidarity. Social integration refers to the degree of integration each individual has with the society. "The nuclear family system, which is devoid of social and emotional support, aggravates the feeling of being alone in an individual," says the Thanal Director.

From a sociological point of view, as long as the "culture of discontent" persists, the probability of suicide remains high. "The influence of consumerist culture

which prompts people to live beyond their means, the increasing prevalence of alcoholism, the competitive life style, all collaborate to set the tragedy of family murder suicides," adds Kumar. In a society, where the standard of living is measured by consumption of goods and services, the chances of emergence of the 'culture of discontent" are very high.

**Startling Figures**

Caught in the vortex of unprecedented debt trap caused by steep fall in the prices of agricultural produce and some other socio-economic factors, 1451 persons attempted to end their lives in 2001, according to the report titled *Kerala Economy 2002, published* by the State Department of Economics and Statistics. Due to alcoholism and subsequent behavioural disorder, 954 persons committed suicide, while 1529 persons embarked on the dangerous course of action to escape form the traumatic life gripped by deadly diseases. it is startling to see that 9572 persons attempted to commit suicide during the year.

During the decade 1987-97, the incidence of suicide in Kerala rose at a compound growth of 4.61 percent as against the population rate of 2.2 percent. It was 17 suicides per one lakh population in 1987, 27.3 in 1992, 28.5 in 1997, 29.3 in 1998 and 32.1 in 1999. During the six-year period (1995-2000), suicides peaked in the year 1999 to touch 9778 while in 2000 it dipped to 9304. On an average, there have been 8,900-plus suicides in the State each year since the mid-1990s.

The district-wise break up of findings brings out certain socio-economic reasons behind the emerging social tragedy. In the year 2000, Wayanad had the grim distinction of being at the top of the list accounting for 54.6 percent of suicides followed by Thiruvananthapuram at 46.73 percent, Idukki (46.19), Palakkad (38.82) and Kollam (37.5). Malappuram reported the lowest rate - 16.3 percent. The drastic fall in agricultural produce is considered as the main reason for the high rate of suicide in farmer-dominated districts.

Durkheim holds the view that the rates of suicide are very high in societies where there is a low degree of social integration. A strong integration fostered by religious faith explains the low rate of suicides among its followers in the predominantly Muslim district of Malappuram. [illegible] uicide is not allowed in the Holy Quran, deep rooted religious belief might be the reason for this 'lowest' rate. The protective influence of religion and cohesive social system plays a significant role in fostering an environment which is conducive to live life to its fullest," says Dr. Suresh Kumar.

He points to the fact that over the last few decades, dramatic changes have taken place in Kerala society. Family, the formidable social institution has undergone a lot of changes. "As a result of the new system, the family as a whole as well as the individual who heads the family has become emotionally and financially isolated. During crisis period, these families do not get care, support and attention from others. Since channels of communication are blocked between neighbouring families in urban community, the strains and stresses of each family become tremendous," he says.

He is of the opinion that a cohesive social system prevails in the Muslim community where there is enough room for sharing one's feelings and trauma with others. As far as the Hindu community is concerned, he says, pseudo egoism to some extent dominates the mindscape of the

majority. "They think that they are self-sufficient and there is no need to depend upon others for survival," says Kumar.

Dr. C J John, Chief Psychiatrist, Medical Trust Hospital, Kochi, and Founder Director and trustee of Maithri Suicide Counselling centre provides another insight into the troubled psyche of Keralites. "The suicide tendency of Keralites cannot be studied in isolation setting aside many evils like increase in divorce rate, high consumption of alcohol, and flesh trafficking," he says.

He points to the rapid changes that have taken place in the social scenario in the past 10 to 15 years, with the onslaught of consumerism and Western cultural invasion. "These drastic changes happened before the Kerala society was socially and psychologically geared up. This brought in a confused value system and confused orientation of life among the youngsters. They are a confused lot, unaware of what to do or what not. Even trivial hurdles are looked at as major crises," says Dr. John.

He too focuses on the nightmare of debts, where people borrow heavily without any resources to repay the amount. "In Kerala, one can hardly find a household free from debts. The loans may be either from a bank or from cut-throat financiers who levy unbearable interest," says the psychiatrist. He cites marital disharmony as one another reason behind the suicidal tendency. Here, drowry has a part to play. "Relations crumble like sand castles when they are defined on the basis of monetary benefits," says Dr. John.

"Usually suicide is defined as an aggression directed towards oneself. But in the case of Family Murder Suicides (FMS), it should be corrected as acts of terrorism turned inwards. In FMS, first the mother or the father murders the children, and after that they commit suicide. Here, two crimes-murder and suicide-take place simultaneously. In the case of suicide of lovers, once they realise that they cannot lead a life together, they decide to be together in death. In such cases, there is a pact between the lover and the beloved. But in the case of FMS, one doubts whether such a pact is there at least between the husband and wife. Even if it is there, the innocent children have no inkling that they are going to be murdered by their parents," he says.

He outlines two major problems that Kerala parents are saddled with: first, the burden of building a house, and second, the Herculean task of marrying off their daughter. "It is in the struggle to fulfill their duties that most often they end up their lives in suicide," says the doctor.

Adolescent suicide is also on the increase in the State, especially among those below the age of 15. The startling figures of Crime Records Bureau show that while 90 kids killed themselves in 1990, the figure rose to 136 in 1999, while 72 girls and 64 boys have committed suicide so far this year. "Suicide has become an easy option for students because of the faulty education system prevailing in the State. It is not a value-based one," says Dr. John.

The education system, which has undergone a sea change over the last decade, has led to unrealistic career aspirations and stiff competition. The school children are under great stress because of the overwhelming pressure exerted both by parents and teachers. As a result, failure in examinations is perceived to be a major disaster.

"The psychology behind murdering one's children is a different one. One

doubts whether the Malayalee parents believe that their children have a separate and unique identity of their own. They want their children to grow according to their likes and dislikes. Moreover, they even believe that without them their children have no existence. That is why, they want their children to be with them in death," reasons are the agony of abandonment by children and the sorrow of solitude, he adds.

Dr. John has an action plan (See box) ready to prevent suicidal tendencies. He believes that before committing suicide, every individual frantically search a way out of his or her problems. Dr.Suresh Kumar thinks that identification of the high-risk group needing urgent intervention, is crucial in suicide prevention. The chances of a person trying again after a failed suicide attempt is also rather high. The features denoting high risk are the presence of depression, addictive behaviour and alcoholism. There are help lines *(see box)* in different parts of the State that attempt to bale out people from suicidal troughs. *Thanal*, a project of the Indian Medical Association's Kozhikode branch, and *Mythri*, a similar venture based in Kochi and Thrissur, are some of the soothing centres that lend an ear to the agonised minds. Going by the rate of suicides, Kerala is indeed in dire need of more such healing places.

*With inputs from* ***Shinoj K Shamsuddin*** *and* ***Nadia Mohammed*** *in Kochi...*



# സ്വപ്നസാഗര നിമിഷങ്ങൾ

നീലനിലാസന്ധ്യയിൽ നിൻ കാൽചിലമ്പൊച്ച കേൾക്കവേ
നിൻ അനശ്വരമാം സൗന്ദര്യം ഞാനാസ്വദിച്ചു.
താപശരമേറ്റു നീറുമീ കരിമ്പാറക്കൂട്ടങ്ങളിൽ
നിന്നെ ഒരു നോക്കു കാണുവാൻ ഹൃദയം തുടിക്കുന്നുവോ?
വിടർന്ന ചെമ്പനിനീർപ്പൂവുപോലുള്ള നിൻ നയനങ്ങളിൽ
ഞാനെന്റെ പ്രിയതമയെ ദർശിച്ചുവോ?
അതിലെന്റെ ആത്മാവും അലിഞ്ഞു ചേർന്നിരുന്നുവോ?
എന്നരികിൽ നീ വന്നിട്ടും നിമിഷങ്ങളെ ഒരു
വേളയെങ്കിലും ഞാൻ സ്വപ്നം കണ്ടിരുന്നുവോ?
കൊടുംചൂടേറ്റു നീറുമീ വനാന്തരത്തിൽ ഒരു-
സാന്ത്വനമഴയായ് എന്നരികിൽ നീ വന്നിരുന്നുവോ?
ജീവിതസാഗരത്തിൽ മുങ്ങിത്താഴുമ്പോഴും
നാദസ്വരലയമായ് നീ വന്നിരുന്നുവോ?
വേദനയാൽ നീറുമെൻ മനസ്സിന്റെ പടിവാതിക്കൽ
ഒരു കൊച്ചുതെന്നലായ് നീ കടന്നുവന്നുവെന്നോ
എന്റെ ഹൃദയം വിതുമ്പുന്നുവോ സഖീ, നിന്നെ
ഒരുനോക്കു കണ്ടിടുവാൻ
എന്റെ ഹൃദയത്തിൽ നിന്റെ മൗനമേൽപ്പിച്ച മുറിവുകൾ
ഇന്നും മായാത്ത നിണപ്പാടുകൾപോലെ.
നശ്വര ജീവിതസ്വപ്നായനത്തിൽ തുഴഞ്ഞിടുമ്പോഴും
പിരിഞ്ഞുപോകും നിമിഷങ്ങളെ നാം സ്വപ്നം കണ്ടിരിന്നുവോ?
ജീവന്റെ ലയ നാദസ്വരമായ് നീയെൻ
ഹൃദയത്തിൽ ഇന്നും വസിക്കുന്നുവോ?



**ABHIJITH K.G.**
IInd B.Com.



# TEEN TUNES

*Teen, Teen, Teen*
*It starts at thirteen*
*Then will call them teens*
*To the age of nineteen.*
*They tune alike*
*Like the horn of a bike*
*Back at their elder*
*Without any boulders*
*Junk-Food is what they adore*
*But brotherhood, they simply ignore*
*Torn and tight are their dresses*
*Pepsi and cola is what they buy*
*with chips and snaks to make it gay*
*They dance with the pop*
*And duss like the west.*
*They put their legs deep dawn*
*into their boots,*
*And makes a thunder bolt at every spot*
*spent hours in front of the mirror*
*To admire their glamour*
*And this is how they spent their teenage.*
*To pass on to their twenties*
*And to the world of adult life.*



**SWAPNA C.G.**
IInd Bio-chemistry

# ഹൃദയവനിയാം സ്നേഹം

ഹൃദയവനിയിലെ താമരമൊട്ടുപോൽ
അന്ധകാരത്തിൽ ശോഭിക്കും
താരകംപോൽ ആഴിയിൽ ലഭിക്കും
മുത്തുപോൽ
രമണീയമാം ഭൂമിതൻ സ്രഷ്ടാവ്
കനിഞ്ഞുനൽകി വാത്സല്യമാം സ്നേഹം
സ്നേഹത്തിൻ പലരൂപങ്ങൾ
വിധിരൂപത്തിൽ നാം മനസ്സിൽ
കുടികൊള്ളുകയാം.
സ്നേഹമാം ത്യാഗത്തിൻ മുന്നിൽ
പ്രിയമല്ല യാതൊന്നുമേ
ഹൃദയവനിയിലെ താമരമൊട്ടുപോൽ
താരകംപോൽ, മുത്തുപോൽ
മർത്ത്യാ മനസ്സിലെ നിലയ്ക്കാത്ത
ജീവസ്പന്ദമായ്
മിഥ്യയിലെ ഏകമാം സത്യമായ്
അന്ത്യമില്ലാത്ത ചിന്മയമായ്
പ്രഭാവലയമായ് കുടികൊള്ളുന്ന
സത്യമാം സ്നേഹം

**SHARMILA A.K.**
Ist Bio-chemistry

# അവൾ



**ANU V. NAIR**
Ist BCom.

ഫലിതമായ്, നീയൊരുവളെ കാണുന്നുവെങ്കിൽ
അകലേയ്ക്കെറിയൂ ആ ദുഷ്ചിന്ത നീ
ഒരു പെണ്ണിൻ സ്വപ്നങ്ങളെറിഞ്ഞുടയ്ക്കുന്നവ-
നൊരുനാളും കിട്ടില്ലൊരുശാപമോക്ഷം.
ഇന്ന് നീ വീഴ്ക്കും ഒരുതുള്ളി കണ്ണീരും
പെരുമഴയായ് നിന്റെ ജീവിതയാത്രയിൽ
പെയ്തുതകർക്കുമ്പോളതിക്രമിക്കും നിൻ-
പശ്ചാത്താപത്തിന്റെ വിഭ്രാന്തനാളുകൾ
ഈർക്കിലിപന്തവുമായി നിൻചുറ്റിലും
നിൻപാപപിശാചുകൾ ആടിത്തിമർക്കുമ്പോൾ
പകച്ചുവിറച്ചുനീ ഭൂമിയിൽ വീഴുമ്പോൾ
കൈതാങ്ങി നിർത്തുവാനവളേ വരൂ
ഒരു നറും പുഞ്ചിരി നിലാവൊഴുക്കുന്നൊരാ
ചെഞ്ചോരച്ചുണ്ടിൽ വിതുമ്പലൊളിപ്പിച്ചു
ഹൃദയത്തിൽ സ്നേഹമാം അമൃതപാത്രവുമായി
അവളേവരൂ എന്നും അവളേ വരൂ.
അളന്നുകുറിച്ചൊരു സ്വർണ്ണനിധികളും
കറൻസിനോട്ടുകളുടെ കൂമ്പാരക്കെട്ടും
നിൻകണ്ണുകളെയെന്നും മഞ്ഞളിപ്പിക്കിലും
മറക്കുവാൻ കഴിയുമോ നിനക്കവളെ ഒരിക്കലും
മറക്കുവാൻ കഴിയുമോ? നിനക്ക് ഒരിക്കലും.



# College Day Celebrations

## യാത്ര-'04















# Menttations




ഹൃദയാകാശത്തിലേക്ക്
ഒരു സ്ഫടികജാലകം തുറക്കുന്നു.....
അതിരുകളില്ലാത്ത
മനസ്സിന്റെ ജാലകം.....
തിരിച്ചറിവിന്റെ
നിലപാടിൽനിന്ന്.....
ദൃഢചിന്തയുടെ
ഗഗന നീലിമയിലേക്ക്.....

# MY OWN WORLD

This world becomes wider and wider
Oh! it is beyond my reach
And my world is very short
How can I escape from a rotten world.
I can't spend my cursed life here
This world is rotten, cruel and trailed
But it is pure and chaste
Only with thy presence
Still, I can't spend my time in depair
For you are far away from me
I will go to another world a world
Where stars always twinkle
Angels wil ever sing and laugh
And will be no sufferings there
No tears, pains and angry
And all are happy immortals
There also I will keep up my waiting
For my sweet fragranced flower
Until the breakage of my soul
I will always be a lover of despair and waiting.



**MEGHA T.J.**
Ist B.Sc. Maths

---

# തീരങ്ങൾ തേടി

**JANCY N.H.**
Ist Maths

യാത്രയെങ്ങോട്ടേകാന്തപഥികാ ദുഃഖത്തിന്റെ-
ആർത്തലതല്ലും പാരാവാര തീരത്തേയ്ക്കോ
ആടുവാനിനിയെത്ര വേഷങ്ങളീ ജീവിത-
നാടകതിരശ്ശീല വീണുടഞ്ഞീടും വരെ
ഈ ദുരൂഹത ചൂഴ്ന്നു നിൽക്കുന്ന വഴിവക്കിൽ
ജീവിതപുൽമേടുകൾ തേടുന്നു നമ്മൾ പക്ഷേ,
വിധി മേച്ചിടുമാട്ടിൻ പറ്റങ്ങളായി പെരു-
വഴിയിൽ കൂട്ടംവിട്ടുപിരിയും പാന്ഥരല്ലേ?
കിനാവിന്റെ മടിത്തട്ടിൽ വീണൊന്നുമയങ്ങിയാൽ
കനകകൊട്ടാരങ്ങൾ കെട്ടിയുയർത്തുന്നു നാം
കണ്ണൊന്നു തുറക്കുമ്പോളാവർണ്ണസങ്കല്പങ്ങൾ
കണ്ണീരിൽ കടലാസുപൂക്കളാലലിയുന്നു.
സ്വപ്നങ്ങളിൽ സ്വർഗ്ഗങ്ങൾ നെയ്യുന്ന നമുക്കെന്തു
സ്വന്തമെന്നാശിക്കാനാറടി മണ്ണല്ലാതെ
ബന്ധങ്ങളിഴപൊട്ടിവീണു നാമൊടുവിൽ
അന്ത്യവിശ്രമത്തിനീ മണ്ണിലലിയുന്നു.
ജീവിതമെന്ന് കടൽത്തീരങ്ങൾതോറും
ഒരിറ്റു സ്നേഹംതേടി തളർന്നലഞ്ഞുവലയുമ്പോൾ
മോഹങ്ങൾതീർത്തതുരുത്തിലീ
സ്നേഹത്തിൻ തോണി ചെന്നടുത്തെങ്കിൽ!
ഈ അലയാഴി തിരതല്ലിയാർത്തിരമ്പുമ്പോൾ
ദൂരത്ത് കരകാണാതലയും യാത്രക്കാർ
വീറോടെ തുഴഞ്ഞുമുന്നേറുക പതറാതെ
ചാരത്തുണ്ടൊരു ലക്ഷ്യസ്ഥാനമെന്നറിഞ്ഞാലും!



## ടി.കെ.എം. കോളേജ് മാഗസിനുവേണ്ടി വിദ്യാർത്ഥികൾക്കിടയിൽ മാഗസിൻ കമ്മിറ്റി നടത്തിയ കാമ്പസ് സർവ്വേ. വിഷയം : പ്രണയം

"ആ പൂവ് നീ എന്തുചെയ്തു?
ഏത് പൂവ് ?
ആ ചുവന്ന റോസാപ്പൂവ്
എന്തിന് ?
ചവുട്ടിയരച്ച് കളഞ്ഞോ എന്നറിയാനാണ്.
കളഞ്ഞെങ്കിൽ?
അയ്യോ അത് എന്റെ ഹൃദയമായിരുന്നു."

ബഷീർ

പ്രണയം എന്നും കാമ്പസിന് പ്രിയപ്പെട്ടതാണ്. കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് പ്രണയത്തിന് അപചയങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിലും കാമ്പസ് ഇന്നും പ്രണയത്തെ നെഞ്ചോട് ചേർത്തു വെയ്ക്കുന്നു. ഇൻർനെറ്റ് കഫേയിലെ ഇരുണ്ട ക്യാമ്പിനുള്ളിൽ ശരീരശാസ്ത്രം പഠിച്ച് പ്രണയത്തിന് പുതിയ മാനം നൽകിയവരും പ്രണയത്തിന്റെ തകർച്ചയിൽ ജീവിതത്തിന്റെ പടിയിറങ്ങിപ്പോകാൻ ശ്രമിച്ചവരും ഇന്നും കാമ്പസ്സിന് സ്വന്തം ടി.കെ.എം.ലെ വിദ്യാർത്ഥികൾ പ്രണയത്തെ എങ്ങനെ സമീപിക്കുന്നു, അവരുടെ നിലപാടുകളിലൂടെ മാഗസിൻ കമ്മിറ്റി നടത്തിയ ഒരു യാത്ര........

ടി.കെ.എം. എന്നുകേൾക്കുമ്പോൾ ആദ്യമായി മനസ്സിലെത്തുന്നത് കാലത്തിന്റെ ചുവടുപിടിച്ച് കാലത്തിനുമുമ്പേപോയ ജനാബ് തങ്ങൾകുഞ്ഞ് മുസലിയാരെക്കുറിച്ചാണ്. ബോധപൂർവ്വം ഇത് ഞങ്ങളിവിടെ മറന്നോട്ടെ.

ബോഗൺവില്ലകളും വാകമരങ്ങളും കാവൽനിൽക്കുന്ന ടി.കെ.എമ്മിന്റെ പ്രസന്നമായ കാമ്പസ് ബെല്ലടിച്ചുകഴിഞ്ഞിരുന്നു. അഞ്ചുമിനിറ്റ് പൂട്ടിയാൽ ഒരുവേളപോലും തുറന്ന് തരാത്ത ആ ഇരുമ്പഴിക്കുമുന്നിൽ ഒന്നുപകച്ചുനിന്നു. അറിയാതെ ഒരുവാക്ക് പറഞ്ഞുപോയി. ഇന്നെങ്കിലും ഇതൊന്ന് തുറന്നുതന്നെങ്കിൽ. വിളിച്ചാൽ തിരിഞ്ഞുനോക്കാത്ത ഈ വാച്ചർ ആ ഇരുമ്പുകസേരയിൽ മുടുറപ്പിക്കുന്നപോലെ തോന്നി. നിർനിമേഷനായി ഞാൻ മറുവാതിൽക്കലെത്തിയ പക്ഷേ... പുറത്തിറങ്ങാൻ മടിക്കുന്ന കിന്റർ ഗാർടനിലെ പിഞ്ചുകുഞ്ഞുങ്ങളെപ്പോലെ ആർത്തലക്കുന്ന പ്രിയപ്പെട്ട കൂട്ടുകാർ ക്ലാസ്സുമുറിക്കകത്തിരുന്നു ഞരങ്ങുന്നത് ഞാൻ കണ്ടു. നിമിഷങ്ങൾക്കകം ഞാനും അതിലൊരാളാകാൻ പോകുകയാണെന്ന സത്യം എന്നെ വല്ലാതെ നൊമ്പരപ്പെടുത്തി.

കാർഗിലിലെ മലമടക്കുകളിൽ സൈനികരഹസ്യം കൈമാറുന്ന സൈനികരെപ്പോലെ നിഗൂഢമായ് എന്തോ കൈമാറാൻ വിതുമ്പുന്ന ഒരു പെൺകുട്ടിയും കെണിയിലകപ്പെട്ട എലിയെപ്പോലെ പതറുന്ന ഒരാൺകുട്ടിയും അങ്ങ് ദൂരെയന്നല്ലാതെ ഞാൻ കണ്ടു. ആ കാഴ്ചയിൽ പ്രണയത്തിന്റെ ചലനമുണ്ടായിരുന്നു. വിരഹത്തിന്റെ നൊമ്പരവും. അവന്റെ കൈപിടിച്ചുമാറ്റി ആ പെൺകുട്ടി ക്ലാസ്സിലേക്കുപോകാൻ ധൃതിപ്പെടുന്നത് ഞാൻ കണ്ടു.

ഇത് ടി.കെ.എമ്മിന്റെ മാത്രം ചരിത്രമല്ല. വാട്ടർ ബോട്ടിലിന്റെ നേർത്ത ചരട് ആരുമറിയാതെ കഴുത്തിലിട്ടുകൊടുത്തിട്ട് ഞാൻ നിന്നെ കെട്ടിയെന്ന് പറയുന്ന എ ബി സി ഡി... എന്നുമാത്രം പറയാനറിയാവുന്ന നഴ്സറി സ്കൂളിലെ പിഞ്ചുകുഞ്ഞിന്റെ നേർത്തവികാരത്തിനുമപ്പുറം പ്രണയമനുഷ്യസഹജമായ ഒരനുഭൂതിയാണ് നിമിഷങ്ങൾക്കകം ഞാൻ തിരിച്ചറിഞ്ഞു.

പ്രണയത്തിന്റെ മാസ്മരികതയിൽ ഊറ്റം കൊള്ളുന്നവരാണ് കാമ്പസ്സിലെ 70% കുട്ടികളും. പ്രണയവസന്തത്തെ ജീവിതഗ്രീഷ്മത്തിലേക്ക് ഏറ്റുവാങ്ങാൻ വിതുമ്പുന്നവരാണ് ഇതിൽ പകുതിയേറെപ്പേർ. 25% പേർ പ്രണയത്തെ കണ്ണുമടച്ച് എതിർക്കുമ്പോൾ 5% കുട്ടികൾ പ്രണയവസന്തത്തിനും പ്രണയവിരോധത്തിനും ഇടയിൽ നിഷ്പക്ഷമതിക്കാരാണ്. നിഷ്പക്ഷത നിലപാടല്ലെന്ന് ഇവർക്കുവേണ്ടി ഞാനിവിടെ കുറിച്ചോട്ടെ.

പ്രണയം ഇഷ്ടപ്പെടുന്നവരിൽ അധികവും വളർന്നുവരുന്ന ചാനൽസംസ്കാരത്തിന്റെ ആരാധകരാണ്. ഇന്റർനെറ്റ് കഫേയിലെ ക്യാബിനുള്ളിൽ വെബ് ക്യാമറ ഓൺചെയ്ത് പ്രിയപ്പെട്ടവർക്കായി ചിലർ കാത്തിരിക്കുമ്പോൾ ചിലർ മൊബൈൽ ഫോണിലൂടെ എസ്. എം. എസുകളായി ഹൃദയം കൈമാറുന്നു. ഇവർക്കിടയിൽ പഴയ ബ്ലാക്ക് ആന്റ് വൈറ്റ് സിനിമകളിൽ നസീറിക്ക പറയുമ്പോലെ മരംചുറ്റി പ്രണയവും പുസ്തകതാളുകളിൽ ലേഖനമെഴുതി കൈമാറ്റംചെയ്യുന്നതും നേർച്ചയെന്നപോലെ ഇന്നും തുടരുന്നുണ്ട്. ടെലിഫോൺ ബൂത്തിനുള്ളിൽനിന്ന് ബി.എസ്.എൻ.എല്ലിനെ കടമെടുക്കുന്നവരും ചുരുക്കമല്ല. പുസ്തകത്താളിൽ മയിൽപ്പീലിത്തുണ്ടെടുത്തുവെച്ച് വളർന്ന് വലുതാകുന്നത് കാണാൻ ഒരു പ്രഭാതം കാത്തിരിക്കുന്ന രാവിന്റെ പ്രണയിനികൾക്കായി ഇവിടെ നിർത്താം.

പ്രണയം പൂത്തുലഞ്ഞ കാമ്പസ് കാണുമ്പോൾ പുച്ഛമാണെന്നും പ്രണയിക്കുന്ന ആത്മാക്കളോടും പ്രണയനോവ് എഴുതുന്നവരോടും സഹതാപമാണെന്നും പ്രണയവിരോധികൾ പറഞ്ഞുപരത്തുമ്പോൾ നമുക്ക് ആരുടെപക്ഷം ചേരാം.

ഇവർക്കിടയിൽ പൊലിയുന്ന ഇതിൽ രണ്ടിലും ഉൾപ്പെടാത്തവർക്ക്.

"ജീവിക്കലും പ്രണയിക്കലും ഒരു സമരമാണ്. രണ്ടുപേർ ചുംബിച്ചാൽ ലോകം മാറുന്നു."

അലൻ ഒക്ടോവിയോപാസ്

# നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും

AL JASIM M.
IInd Botany

സാമ്പത്തികമായും സൈനികമായും ഏഷ്യയിലെ വൻശക്തിയായി ഉയരുമ്പോഴും ഇന്ത്യ അതിന്റെ അതിർത്തികളെച്ചൊല്ലി അയൽരാജ്യക്കാരുമായി തർക്കത്തിലാണ്. അയൽരാജ്യങ്ങളുമായി നമ്മുടെ ബന്ധം തീർത്തും നാൾക്കുനാൾ മോശമായിക്കൊണ്ടിരിക്കുന്നു. ഇതിന് കാരണമാകട്ടെ മാറിമാറിവരുന്ന നമ്മുടെ കഴിവുകെട്ട ഭരണകൂടങ്ങളും.

അയൽരാജ്യങ്ങളിൽ പാകിസ്ഥാനുമായും ചൈനയുമായും നാം വൻ യുദ്ധങ്ങൾ തന്നെ നടത്തി. 62-ലെ യുദ്ധത്തിൽ അക്സിയാചിന്നും, നീഫയും ചൈനയുടെ നിയന്ത്രണത്തിലായി. പാകിസ്ഥാനുമായി അതിർത്തിയിൽ നിരന്തരം ചെറിയ യുദ്ധത്തിലാണ് നാം. പാകിസ്ഥാനുമായി കാശ്മീരിന്റെ കാര്യത്തിലാണ് തർക്കം. പ്രശ്നപരിഹാരത്തിനായി നമുക്ക് മൂന്ന് വൻയുദ്ധങ്ങളിൽ പങ്കാളിയാകേണ്ടിവന്നു. പക്ഷേ, പ്രശ്നപരിഹാരം മാത്രം സാധ്യമായില്ല.

മറ്റൊരു അയൽരാജ്യമായ ബംഗ്ലാദേശുമായി 6.5 കി.മി. പ്രദേശത്തിനാണ് തർക്കം. ബംഗ്ലാദേശിന്റെ 111 ഗ്രാമങ്ങൾ ഇന്ത്യയുടെ കൈവശത്തിലും ഇന്ത്യയുടെ 51 ഏക്കർ അവരുടെ കൈവശത്തുമാണ്. ഇവയും കൈമാറി പ്രശ്നപരിഹാരത്തിന് ഇരുകൂട്ടർക്കും സമയം കിട്ടിയില്ല. ഇവയ്ക്കുവേണ്ടി അതിർത്തിയിൽ വെടിവയ്പും നടക്കുന്നു. സമീപകാലത്ത് ശാന്തമാണെങ്കിലും ശ്രീലങ്കയുമായും നമ്മുടെ ബന്ധം കുഴപ്പങ്ങൾ നിറഞ്ഞതാണ്. ശ്രീലങ്കൻ ഗവൺമെന്റിനെ വരുതിക്ക് നിർത്താൻ തമിഴ് പുലികളെ സഹായിക്കുകയും പിന്നീട് പുലികളെ മെരുക്കാൻ നമ്മുടെ സൈന്യത്തെ അയയ്ക്കേണ്ടിയും വന്നു. അങ്ങനെയാണ് നമ്മുടെ സൈനികചാരസംഘടനകളെ നോക്കുകുത്തിയാക്കി പ്രധാനമന്ത്രിവധം നടന്നത്.

സാംസ്കാരികമായും മതപരമായും നമ്മോട് അടുത്തബന്ധം പുലർത്തുന്ന നേപ്പാളുമായും നമ്മുടെ ബന്ധം സുഖകരമല്ല. തുറമുഖമില്ലാത്ത രാജ്യമായതിനാൽ അവരുടെ ചരക്കുനീക്കത്തിന് അവർ നമ്മെ ആശ്രയിക്കുന്നുവെങ്കിലും നാമതിനെ സഹായിക്കാതെ നമ്മുടെ ഒരു കമ്പോളമാക്കി നേപ്പാളിനെ നിർത്താനാണ് നാം ആഗ്രഹിക്കുന്നത്. അതിനാലാണ് ഋത്വിക് റോഷൻ ഒരു അഭിമുഖത്തിൽ എന്തോ പറഞ്ഞുവെന്ന് ആരോപിച്ച് നേപ്പാളികൾ ഇന്ത്യൻ കടകൾക്കും തീയേറ്ററുകൾക്കും തീകൊളുത്തിയത്. ഖണ്ഡഹാർ വിമാനാപഹരണത്തോടെ നമ്മുടെ ശത്രുരാജ്യത്തിന്റെ സഹായിയെന്ന പദവിയും നാമവർക്ക് കൊടുത്തു. മ്യാൻമാറിനോട് മാത്രമാണ് നമുക്ക് അതിർത്തി തർക്കമില്ലാത്തത്. എന്നാൽ അവിടത്തെ പട്ടാളഭരണകൂടത്തിന് ചൈനയോടാണ് താല്പര്യം.

രാമായണവും വിഷ്ണുപുരാണവും ഉദ്ധരിച്ചുകൊണ്ട് രാജ്യാതിർത്തികളെപ്പറ്റി സംസാരിക്കുന്നവരാണ് ഇപ്പോൾ നമ്മുടെ വിദേശവകുപ്പിലെ ഉദ്യോഗസ്ഥർ. ദൂരത്തുള്ള വൻശക്തിയേക്കാൾ നമ്മെ സഹായിക്കാൻ അയൽക്കാർക്കാണ് കഴിയുക എന്ന തിരിച്ചറിവ് നമുക്കെപ്പോഴാണ് ഉണ്ടാകുന്നത്. വരും കാലങ്ങളിലെങ്കിലും അയൽരാജ്യങ്ങളുമായി സൗഹാർദ്ദത്തിലാകാൻ നമ്മുടെ ഭരണാധികാരികൾ ശ്രമിക്കുമെന്ന് പ്രതീക്ഷിക്കാം.



# സ്നേഹം

സ്നേഹിക്കാനും സൗഹൃദം പങ്കിടുവാനും ഒരുമിച്ച് കൂടുക. അങ്ങനെ ഒരവസരം കിട്ടിയാൽ നിങ്ങൾ സ്വീകരിക്കുമോ? ആരും ക്ഷണിക്കാതെതന്നെ സ്നേഹത്തിനുവേണ്ടി അലയുന്നവരാണ് നമ്മുടെ സമൂഹത്തിലേറെയും, സ്നേഹിക്കുകയും, സ്നേഹിക്കപ്പെടുകയും ചെയ്യുന്നതാണ് മനുഷ്യജന്മത്തിലെ മഹാഭാഗ്യമെന്നുകരുതുന്നവരാണ് ഏറെയും.

**“ഉന്മേഷവതിയായ രാവിന്റെ കൺപോളകളിൽനിന്നും പുലരിയുടെ ഹൃദയത്തുടിപ്പുകളിലേയ്ക്ക് ഇറ്റുവീഴുന്ന മഞ്ഞുതുള്ളിയിലെ ആർദ്രതയാണ് സ്നേഹം.”** വിരഹത്തിന്റെയും ദുഃഖത്തിന്റെയും വഴികളിലൂടെ സഞ്ചരിച്ചവർക്കുമാത്രമേ സ്നേഹത്തിന്റെ ഗന്ധം ആസ്വദിക്കുവാൻ കഴിയുകയുള്ളു. പരസ്പരവിശ്വാസമാണ് സ്നേഹത്തിന്റെ കാതൽ. ഇത് വ്യക്തിയെന്നോ, സമൂഹമെന്നോ, രാഷ്ട്രമെന്നോ ഉള്ള വ്യത്യാസമില്ല. രണ്ടു മനസ്സുകൾ അവയുടെ അടിസ്ഥാനഭാവങ്ങളും പ്രവൃത്തിയും എല്ലാ അർത്ഥത്തിലും പരസ്പരം അറിയുമ്പോൾ വളർന്നുവരുന്നതാണ് വിശ്വാസം. ഈ വിശ്വാസമാണ് സ്നേഹത്തിന്റെ അടിസ്ഥാനം. വികാരങ്ങളിൽ ഏറ്റവും പവിത്രവും മനോഹരവുമായത് സ്നേഹമാണ്. ഏതൊരു വികാരവും അധികമായാൽ ആപത്തുണ്ടാകുമെങ്കിലും സ്നേഹം എത്രയായാലും ഈ ഭൂമിയിൽ അധികമാവില്ല. ഇനിയൊരു ജന്മം കിട്ടിയാലും ഇന്നത്തെ ഞാനാകുന്നതാണ് എനിക്കിഷ്ടം. ഇങ്ങനെ ചിന്തിക്കുവാൻ കഴിയുന്ന എത്ര പേർ നമുക്കിടയിലുണ്ടാകും? അവരാണ് ഏറ്റവും വലിയ ഭാഗ്യശാലികൾ. സ്നേഹം അവർക്കുവേണ്ടിയുള്ളതാണ്.



**SABANA S.**
Ist B.Com.

# Union Members

CHAIRMAN



Sampath Thayampakayil

VICE - CHAIRMAN



Muneeja

MAGAZINE EDITOR



Ershad Z.

GENERAL SECRETARY



Abhilash S.

ARTS CLUB SECRETARY



Mohd. Yusuf

# University Union Councillors



Niyas A.T.



Navas

# യാത്ര



Shiji R.
IInd BA English

നേരം പുലരുന്നതേയുള്ളൂ. ഡിസംബറിന്റെ മഞ്ഞുതുള്ളികൾ പുൽനാമ്പുകളിലിരുന്ന് കൊഞ്ഞനം കാട്ടുന്നു. തണുത്ത നേരിയ കാറ്റിന് നൊമ്പരത്തിന്റെ ലാഞ്ചനയുണ്ടോ? ഈ തണുത്ത പ്രഭാതത്തിൽ ആളൊഴിഞ്ഞ, അധികമാരും എത്താത്ത ഈ റെയിൽവേ സ്റ്റേഷന്റെ സിമന്റ് ബഞ്ചിലിരിക്കുമ്പോൾ ഞാൻ ചിന്തിച്ചു. ഇനിയെന്ത്? ഉത്തരം അറ്റം കാണാത്ത, മഞ്ഞു മൂടിയ റെയിൽപ്പാളം പോലെ... എന്റെ നിശ്വാസങ്ങൾക്ക് മനസ്സിലെരിയുന്ന അഗ്നിയുടെ ചൂടുണ്ടെന്ന് ഞാൻ തിരിച്ചറിയുന്നു. അല്പമകലെ ഒറ്റപ്പെട്ടുനിൽക്കുന്ന കാട്ടുചെടി. മഞ്ഞുകണങ്ങളുടെ ഭാരത്താലത് അവശയാണെന്നുതോന്നി. അതിൽ വിടരാൻ വെമ്പിനിൽക്കുന്ന കുഞ്ഞുപൂവ്. സൂര്യകിരണങ്ങളെത്തി ആ മഞ്ഞിനെ ഉരുക്കിക്കളയാൻ അത് ആത്മാർത്ഥമായി ആഗ്രഹിക്കുന്നതുപോലെ ആ ഒറ്റപ്പെട്ട കാട്ടുചെടി ഞാനല്ലേ?

പഴകിയ സാരിത്തുമ്പാൽ സ്വയം മൂടുമ്പോൾ ഞാനറിഞ്ഞു എന്നെ സംരക്ഷിക്കാൻ അതിന് ബലം പോരെന്ന്. തണുപ്പ് സൂചിമുനകൾപോലെ ശരീരത്തിലേക്ക് ആഴ്ന്നിറങ്ങുന്നു. ഈ ഇരിപ്പ് എന്തിനുവേണ്ടി? അറിയില്ല. എന്നിരുന്നാലും ഞാൻ എന്നെ അറിയുന്നു. എന്റെ യൗവ്വനം എന്റെ ശാപമാണെന്നറിയുന്നു. പക്ഷേ, സ്വയംരക്ഷയ്ക്കുവേണ്ട ഒരല്പം ധൈര്യം എന്നിലുണ്ട്. കൗമാരം കൊഴിയുംമുമ്പേ ലഭിച്ച അംഗീകാരം. അന്നത് ശാപമായിരുന്നു. ഇന്ന് അനുഗ്രഹവും. 'കൊലപാതകി' എന്നത് അല്പം ഭീതി ഉണർത്തുന്ന വിളിപ്പേരാണല്ലോ? ഇന്നെന്നെ സംരക്ഷിക്കാൻ കുറച്ചൊക്കെ അതിനു കഴിയുന്നുണ്ട്. എപ്പോഴും കഴിഞ്ഞെന്നുവരില്ല. അറിയാം. എങ്കിലും ഒരു താല്ക്കാലികമായ ആശ്വാസം.

റെയിൽപ്പാളങ്ങളെ പേടിച്ചിരുന്ന ഞാൻ കഴിഞ്ഞ ഒരു രാത്രി മുഴുവൻ തനിച്ച് ഇവിടെ... ഈശ്വരാ!... നീ എന്റെ വിധി എന്തിന് ഇങ്ങനെ എഴുതി? സിമന്റ് ബഞ്ചിൽ ചാരി, പതുക്കെ പിൻവലിയുന്ന ഇരുട്ടിനെ അവഗണിച്ച് ഞാൻ മിഴികൾ മെല്ലെ അടച്ചു. ഇപ്പോൾ എങ്ങും അന്ധകാരം മാത്രം. മനസ്സിലെ സംഘർഷങ്ങളുടെ ആർത്തിരമ്പൽ കുറച്ചുകൂടി വ്യക്തമാകുന്നു. എന്നെ മൂടിയിരുന്ന ഇരുട്ട് മെല്ലെ അകലുന്നു. അവിടെ ധാവണിചുറ്റി, പിന്നിമെടഞ്ഞിട്ട മുടിക്കെട്ടിൽ തുളസിപ്പൂചൂടിയ, കൈയ്യിൽ കൂവളമാലയുമായി വരുന്ന പെൺകുട്ടി. അവളുടെ മുഖം ഇപ്പോഴെനിക്ക് വ്യക്തമല്ല, ദൂരെനിന്നും ഒഴുകിയെത്തുന്ന ഭക്തി സാന്ദ്രമായ സംഗീതം, പടർന്നുപന്തലിച്ച ഒരാൽ മരം അതിന്റെ ചോട്ടിലെ ആ കൽവിളക്ക് അവൾ കൊളുത്തുന്നു. അത്... അത് ഞാനല്ലേ...? ഇപ്പോൾ നേരിയ പ്രകാശത്തിൽ ആ മുഖം എനിക്ക് വ്യക്തമായി കാണാം. അതെ അത് ഞാനാണ്. ഏഴുവർഷം മുമ്പ് നിനച്ചിരിക്കാതെ എനിക്ക് നഷ്ടമായ ഞാൻ.

പിന്നിൽ എന്റെ മുടിക്കെട്ടിലെ തുളസിപ്പൂവിനെ ഞാനറിയാതെ ചുംബിക്കുന്ന ആ യുവാവ് അത് മനുവേട്ടനാണ്. എല്ലാം ഒരു ചിത്രത്തിലെന്നപോലെ ഞാൻ കാണുന്നു. പരിഭവത്തോടെ തിരിഞ്ഞുനടക്കുന്ന എന്റെ കൈകളിൽ മനുവേട്ടൻ കടന്നുപിടിച്ചപ്പോൾ, പൊട്ടിച്ചിരിച്ചുകൊണ്ടിരുന്ന കുപ്പിവളകൾ ഉടയുന്നു... എന്റെ സ്വപ്നങ്ങളെപ്പോലെ... മനുവേട്ടന്റെ 'നന്ദു' എന്ന വിളി നേർത്ത് നേർത്ത് ഇല്ലാതാകുന്നു.

തെച്ചിപ്പൂക്കൾ ആർത്തുല്ലസിക്കുന്ന മുറ്റം... പഞ്ചസാരമണൽ വിരിച്ച മുറ്റത്ത് ഐശ്വര്യത്തിന്റെ പ്രതീകമായ തുളസിത്തറ. ഓടുമേഞ്ഞതും പഴകിയതെങ്കിലും വൃത്തിയുള്ള ഒരു വീട്. എന്റെ വീട്. ഞാൻ ജനിച്ചുവളർന്ന എന്റെ വീട്. അതിന്റെ ഉമ്മറം അടിച്ചുവാരുന്ന കൃശഗാത്രയായ ആ സ്ത്രീ അതെന്റെ അമ്മയാണ്. നിഷ്ക്കരുണം വിധി പൊട്ടിച്ചെറിഞ്ഞ എന്റെ അച്ഛൻ കെട്ടിയ താലിയെ മറന്ന് എനിക്കുവേണ്ടി ചെറിയച്ഛനെ സ്വീകരിച്ച എന്റെ പാവം അമ്മ. എങ്കിലും ചെറുപ്പത്തിൽത്തന്നെ നേരിടേണ്ടിവന്ന വൈധവ്യത്തിന്റെ നോവ് ആ കണ്ണുകളിൽ ഇന്നുമുണ്ട്.

അകത്തുനിന്നും ഉറക്കത്തിന്റെ ആലസ്യത്തോടെ ഇറങ്ങിവരുന്ന ആജാനുബാഹുവായ, ആ കട്ടിമീശക്കാരൻ; അമ്മയോട് ചായ ചോദിച്ചിട്ട് പത്രവുമായി ചാരുകസാലയിലമരുന്ന ആ മനുഷ്യൻ എന്റെ ചെറിയച്ഛനാണ്. അച്ഛനില്ലാത്ത ദുഃഖം എന്നെ അറിയിക്കാതെ, വാത്സല്യം തന്ന് പതിനേഴ് വയസ്സുവരെ എന്നെ വളർത്തിയ എന്റെ ചെറിയച്ഛൻ. എന്നിട്ടും ആ കഴുത്തിനുനേരെ വെട്ടുകത്തി പായിക്കുമ്പോൾ എന്റെ കൈ വിറയ്ക്കാഞ്ഞതെന്തേ? ഒരു പൂവിനെ ഇറുത്തെടുക്കാൻപോലും മടിച്ചിരുന്ന എന്റെ കൈകൾ ഒരു ജീവനെടുത്തു. അതും ഞാനേറെ സ്നേഹിച്ചിരുന്ന എന്റെ ചെറിയച്ഛന്റെ ജീവൻ. പ്രാണവേദ

നയിൽ പിടയുന്ന ആ ശിരസ്സ് മടിത്തട്ടിലെടുത്തുവച്ച് ഞാൻ കരഞ്ഞതെന്തിന്? അറിയില്ല... ആ നിമിഷങ്ങളിൽ മനസ്സ് സഞ്ചരിച്ച ദൂരം അത് ഓർത്തെടുക്കാനാകുന്നില്ല. ജാനുഅമ്മയുടെ വീട്ടിലെ 'പുളികുടി' കൂടിയിട്ടെത്തുന്ന അമ്മ. യാത്രാക്ഷീണത്തോടെ മുറിയിലേക്കെത്തിയ അമ്മയുടെ ആർത്തനാദം ഞാൻ വ്യക്തമായി കേൾക്കുന്നു. തലംകെട്ടിയ രക്തവും പതിനഞ്ചുവർഷം ഒപ്പം ജീവിച്ച പുരുഷന്റെ മൃതശരീരവും മുറിയുടെ കോണിൽ നിസ്സംഗതയോടെ ഒതുങ്ങിയിരിക്കുന്ന മകളും ആ സാധുസ്ത്രീയുടെ മനസ്സിന്റെ സമനിലതെറ്റിച്ചതിൽ അത്ഭുതപ്പെടാനില്ല.

കാക്കിവേഷം ചുറ്റിയ പോലീസുകാർക്കൊപ്പം പടിയിറങ്ങുമ്പോൾ തെക്കേമുറ്റത്തെ അത്തിമരച്ചോട്ടിൽ നിറമിഴികളോടെ നിൽക്കുന്ന മനുവേട്ടനെക്കണ്ട് തേങ്ങൽ കടിച്ചമർത്തുമ്പോഴുണ്ടായ വേദന അതിന്നും മനസ്സിനെ വിട്ടുപോയിട്ടില്ല. ഒരു വലിയ നഷ്ടത്തിന്റെ തീരാവേദന... പിന്നീട് ജയിലിലോ, കോടതിയിലോ ഒന്നും ആ മുഖം കണ്ടിട്ടില്ല. ഒന്നിച്ചു കളിച്ചുവളർന്നതും, പുഴയോരത്ത് കളിവീടുണ്ടാക്കി സ്വപ്നം കണ്ടതും പിന്നെ ഋതുമതിയായപ്പോൾ കവിളിൽ പ്രണയത്തിന്റെ ചൂടുള്ള ചുംബനം ആരും കാണാതെ സമ്മാനമായി തന്നതും എല്ലാം ഓർമ്മകൾ മാത്രമായി. പിന്നെയെപ്പോഴോ സ്വപ്നങ്ങളുടെ ശവപ്പറമ്പിൽ ആ ഓർമ്മകളും എരിഞ്ഞടങ്ങി.

പോലീസ് ജീപ്പിൽ കരയാൻ പോലും കഴിയാതെ ഉറ്റുനോക്കുന്ന ആയിരം കണ്ണുകളെ നേരിടാനാവാതെ അപക്വമായ മനസ്സോടെ ഇരിക്കുമ്പോൾ ഒരു മുഖം ഞാൻ വ്യക്തമായി കണ്ടു. പക്ഷേ, ആ മുഖത്തെ ഭാവം അതെനിക്ക് അപരിചിതമായിരുന്നു. ശാരി. ഞാനെന്റെ സ്വപ്നങ്ങൾ പൊടിപ്പും തൊങ്ങലും വച്ച് വർണ്ണിക്കുമ്പോൾ അസൂയയോടെ അത് ശ്രവിച്ചിരുന്ന എന്റെ കളിത്തോഴി സ്കൂളിൽനിന്നും മടങ്ങിവരുന്ന എന്നെ കാത്ത് ഇടവഴിയിൽ നിൽക്കാറുള്ള മനുവേട്ടനെ കാണുമ്പോൾ എന്റെ കാതിൽ കളിവാക്കോതിയിരുന്ന ശാരി. ഞാനെന്റെ ജീവിതം ഹോമിച്ചതേ അവൾക്കുവേണ്ടിയായിരുന്നുവെന്നത് ഞങ്ങൾ ഇരുവർക്കും മാത്രം അറിയാവുന്ന സത്യം. ഒരിക്കൽപ്പോലും ഈ ദുർവിധിയിലേക്ക് ഞാനവളുടെ പേര് വലിച്ചിഴച്ചിരുന്നില്ല. പക്ഷേ, എന്റേതായിരുന്നതെല്ലാം അവൾ സ്വന്തമാക്കിയപ്പോൾ എനിക്കവളോട് ചോദിക്കണമെന്നുണ്ടായിരുന്നു. എല്ലാം നിനക്കറിവുള്ളതല്ലേ എന്ന്. പക്ഷേ, കഴിഞ്ഞില്ല. ശ്രമിച്ചതുമില്ല.

ആ ദിവസം സമൂഹത്തിന്റെയും കോടതിയുടെയും മുന്നിൽ ഞാൻ മറച്ചുവച്ച സത്യം അരങ്ങേറിയ ആ ദിവസം, എന്റെ ജീവിതത്തിന്റെ ഗതി മാറ്റി ഒഴുക്കിയ ആ ശപിക്കപ്പെട്ട ദിവസം. അന്ന് പരീക്ഷയ്ക്കായുള്ള ആപ്ലിക്കേഷൻ അയച്ച് ഞാൻ വീട്ടിൽ തിരിച്ചെത്തിയപ്പോൾ കണ്ട കാഴ്ച! ചെറിയച്ഛന്റെ കൈകളിൽ കിടന്ന് പിടയുന്ന ശാരി. ആ കാഴ്ച കണ്ട് എന്തുചെയ്യണമെന്നറിയാതെ ഒന്നുറക്കെ നിലവിളിക്കാൻപോലും കഴിയാതെ നിന്ന നിമിഷം. പിന്നീടൊന്നും ചിന്തിച്ചില്ല, ശേഷം ചിന്തിച്ചതൊന്നും ഓർമ്മയുമില്ല. എല്ലാം തിരിച്ചറിഞ്ഞപ്പോഴേയ്ക്കും കൈകളിൽ രക്തം പുരണ്ടിരുന്നു. സമൂഹത്തിനുമുന്നിൽ ആ പാതകം ഞാൻ എന്റെ മാനം രക്ഷിക്കാൻ ചെയ്തുവെന്ന് തിരുത്തി എഴുതപ്പെട്ടു. തുടർന്ന് രൂപംകൊണ്ട കഥകൾ പലതും പിന്നീടറിഞ്ഞു. അവയെല്ലാം വേദനിപ്പിച്ചത് ഒരേ ഒരു മനസ്സിനെ ആയിരുന്നു. മനുവേട്ടനെ. ആ നിശബ്ദവേദന ഞാനറിയുന്നു.

ജയിലിലെ ഇരുട്ടുനിറഞ്ഞ ജീവിതത്തിൽ ചുറ്റുമുള്ളവരുടെ സാന്ത്വനങ്ങൾ കേട്ട്, അവരുടെ കഥകളറിഞ്ഞ് സ്വയം ആശ്വസിക്കുമ്പോൾ അമ്മയേയോ, ബന്ധുക്കളേയോ പിന്നെ എന്റെ മനുവേട്ടനേയോ ഒരു നോക്ക് കാണാൻ കൊതിച്ച നാളുകൾ പക്ഷേ, ആരും... ആരും വന്നില്ല. മൂന്നുവർഷം പിന്നിട്ടപ്പോൾ ഒരു ദിവസം എനിക്കൊരു സന്ദർശക വന്നു. എന്റെ ആദ്യത്തേയും അവസാനത്തെയും വിസിറ്റർ. ശാരി. അവളുടെ കൈയ്യിൽ ഒരു വിവാഹക്ഷണപത്രികയും ഉണ്ടായിരുന്നു. ഞാനേറെ വേദനിച്ച നിമിഷം. ആ പത്രികയിലെ വരന്റെ സ്ഥാനത്തെ പേര് വായിച്ചപ്പോഴായിരുന്നു.

'മാനവ് ദേ' എന്റെ മനുവേട്ടൻ...

എന്നെ നോക്കി നിർവ്വികാരയായി നിന്ന അവൾ അന്ന് എന്നോട് പറഞ്ഞ ആ സത്യം എന്നെ വല്ലാതെ തളർത്തി. വേദനയുടെ ആ കൊടുങ്കാറ്റിൽപ്പെട്ട് ഞാൻ ഇഞ്ചിഞ്ചായി മരിക്കും പോലെതോന്നി. എന്റെ ചെറിയച്ഛൻ അവളുടെ സ്വന്തം അച്ഛനായിരുന്നത്രേ. ജന്മി-കുടിയാൻ വ്യവസ്ഥയുടെ നികൃഷ്ടമായ ഒരു വശം. സ്വന്തം പിതൃത്വം പരസ്യമായി വേണമെന്ന് ആവശ്യപ്പെടാൻ വന്ന അവളെ തടഞ്ഞതായിരുന്നു. ചെറിയച്ഛൻ. ഈ എനിക്കായി, എന്റെ ഭാവിക്കായി, എന്നെയും അമ്മയെയും വേദനിപ്പിക്കാതിരിക്കാനായി, ആ തർക്കം കണ്ടുവന്ന ഞാൻ എന്റെ ചെറിയച്ഛനെ...

ഈശ്വരാ....

ദൂരെനിന്നും തീവണ്ടിയുടെ ചൂളംവിളികേട്ട് ഞാൻ ഉണർന്നു. ആ തണുപ്പിലും എന്റെ മുഖത്ത് വിയർപ്പ് പൊടിഞ്ഞത് ഞാനറിയുന്നു. ഇനി എങ്ങോട്ട്? പ്രേതപ്പറമ്പായ ജന്മഗൃഹത്തിലേയ്ക്കോ.... ഇല്ല...അവിടേയ്ക്കിനിയില്ല... എനിക്കതിന് കഴിയില്ല... പിന്നെ എങ്ങോട്ട്...? വിശാലമായ ഈ ലോകത്തിൽ തലചായ്ക്കാൻ സുരക്ഷിതമായ ഒരിടം, ഒരുനേരമെങ്കിലും ഭക്ഷണം, ജീവൻ നിലനിർത്താൻ മാത്രം, മാന്യമായ ഏതു തൊഴിലും സ്വീകാര്യം, ലഭിക്കാതിരിക്കില്ല... ഏതായാലും ഇനി സ്വയംഹത്യകൂടി വയ്യ. ഞാൻ യാത്ര തുടങ്ങുകയാണ്. ലക്ഷ്യമില്ലാത്ത.. അനന്തമായ ഒരു യാത്ര. ■

# ദൃശ്യമാധ്യമങ്ങൾ ഉപകാരപ്രദമോ...



Deepthi S.
Ist Mathematics

ഒരു വ്യക്തിയുടെ മാനസികവികാരങ്ങളിലൂടെ കടന്നുപോകാനും അതിലൂടെ നേടാവുന്ന ലക്ഷ്യവുമല്ല നമ്മുടെ ദൃശ്യമാധ്യമങ്ങൾ ഉദ്ദേശിക്കുന്നത് ഒരുപക്ഷേ, വാക്ധോരണികൾ എന്ന് നാം കരുതുന്ന വിഡ്ഢിത്തമായ ചിന്താഗതികൾക്ക് ഊന്നൽ നൽകാനായിരിക്കും അവയുടെ ശ്രമം. ദൃശ്യമാധ്യമങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നതാണ് ടെലിവിഷൻ. അതാണ് യാഥാസ്ഥിതികമായ ഒരു യുവതലമുറയുടെ ഉദ്ദേശ്യം. പക്ഷേ, ഇവ നമ്മുടെ ചിന്താസരണിയെ ഉദ്ദീപിപ്പിക്കുന്നുവെന്നത് മിഥ്യാധാരണയാണ്. പക്ഷേ, അവ മനുഷ്യനെ നയിക്കുന്നത് നിഷ്ക്രിയത്വത്തിലേയ്ക്കും മാനസികപ്രശ്നങ്ങളിലേയ്ക്കുമൊക്കെയാണ്. വെറുമൊരു കൽപ്രതിമയ്ക്ക് തുല്യമായിത്തീരുന്ന മനുഷ്യന്റെ ഈ അവസ്ഥയെപ്പറ്റി ഇന്നത്തെ അധികാരസമൂഹങ്ങളും പുരോഗമനാശയക്കാരും പരീക്ഷണാത്മക ചിന്തകരും എന്തുകൊണ്ട് മനസ്സിലാക്കുന്നില്ല?

ഒരു വ്യക്തിക്ക് തന്റെ അനുഭവങ്ങളെപ്പറ്റിയും തന്റെ സമൂഹത്തിലെ നേരിട്ടുള്ള ചിന്തകളെപ്പറ്റിയും അനുഭവജ്ഞാനമുണ്ട്. അതായത് സമൂഹത്തിലെ ദുഃഖസ്ഥിതി ഒരുപക്ഷേ, അയാളെ അവസ്ഥകളുടെ ഗാഢതയിലേയ്ക്ക് നയിക്കുന്നു. അതേ! ഇന്നത്തെ സമൂഹത്തിലെ നമ്മുടെ അയൽവക്കത്തെ ഒരാൾക്ക് ക്യാൻസർ രോഗമുണ്ടാവുകയാണെങ്കിൽ അയാളെ കാർന്നുതിന്നുന്ന വേദനയുടെ ആഴം മനസ്സിലാക്കാൻ കഴിയുകയും ആ ചിന്ത, മനസ്സിനെ തീവ്രമായി വേദനിപ്പിക്കുകയും പ്രതിരോധശക്തിയെ ഉണർത്തുകയും ചെയ്യും. എന്നാൽ ടെലിവിഷനിലെ സ്ഥിതി ഇതല്ല. ഇത്തരം ഒരവസ്ഥയെ പ്രതിനിധീകരിക്കുവാൻ അതിന് കഴിയുന്നില്ല. ഇതിന് വ്യക്തമായ തെളിവ് പുകൾപെറ്റതെന്ന് നമ്മുടെ ഗവൺമെന്റ് പുകഴ്ത്തുന്ന ദൂരദർശനാണ്. ഈ ദൂരദർശൻപോലും മോഹൻലാലിനെ മോഡലാക്കിക്കൊണ്ടുള്ള പരസ്യവാചകത്തോടെയാണ് പരിപാടി അവതരിപ്പിക്കുന്നത്. ഇതാണ് ഇന്നത്തെ ദൃശ്യമാധ്യമത്തിന്റെ പ്രസക്തി.

ദൃശ്യമാധ്യമപ്രസ്ഥാനത്തിന്റെ പുരോഗതിയിലേയ്ക്ക് നയിച്ചതിൽ ഒരു പ്രധാനഘടകം തത്സമയ പരിപാടികളുടെ പ്രവാഹമാണ്. യുദ്ധത്തിന്റെയും ക്രിക്കറ്റിന്റെയും അങ്ങനെ പലതിന്റെയും തൽസമയ സംപ്രേഷണം ടിവി മാധ്യമത്തിന് ഏറെ ജനപ്രീതി നേടിക്കൊടുത്തിട്ടുണ്ട്.

ക്രിക്കറ്റ് ലൈവ് കാണാൻ മറ്റെല്ലാ അത്യാവശ്യ കാര്യങ്ങളും ഒഴിവാക്കി കണ്ണുകൂർപ്പിച്ചിരിക്കുന്ന ജീവിതത്തിന്റെ വിവിധ തുറകളിലുള്ള ജനസമൂഹം ഗൗരവതരമായ പലതും മറന്നുകൊണ്ടാണ് ടിവിയുടെ മുന്നിൽ വിലയേറിയ സമയം നഷ്ടമാക്കുന്നത്. അവർ മനസ്സിലാക്കുന്നതേയില്ല ഇങ്ങനെ ടിവിയുടെ മുന്നിൽ ചെലവഴിക്കുന്ന സമയമത്രയും തങ്ങൾ ഉപഭോഗസംസ്കാരത്തിന്റെകൂടി ചങ്ങലകളാവുകയാണെന്ന സത്യംപോലും മനസ്സിലാക്കുന്നില്ല. ക്രിക്കറ്റിന്റെ സംപ്രേഷണത്തിന്റെ ഇടവേളകളിൽ പ്രത്യക്ഷപ്പെടുന്ന പരസ്യകോലാഹലങ്ങൾകൂടി ഈ ക്രിക്കറ്റ് പ്രേമികൾ ആസ്വദിക്കുന്നുണ്ട്. ഇവ നമ്മുടെ യാഥാർത്ഥ്യബോധം നശിപ്പിക്കുന്നുമുണ്ട്. ഒന്നു ചിന്തിച്ചാൽ നാം ഇവയ്ക്കൊക്കെ ഇങ്ങനെ അടിപ്പെട്ട് ഒന്നാംതരം ഉപയോഗശൂന്യരായി അധപതിച്ചുകൊണ്ടിരിക്കുകയാണ്.

എല്ലാ വീടുകളും അതായത് കുടുംബങ്ങളും ഇന്ന് ടിവിയുടെ മായികമായ ദൃശ്യപ്പൊലിമയ്ക്ക് അടിപ്പെട്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ വീട് അല്ലെങ്കിൽ കുടുംബം എന്ന മഹത്തായ സങ്കല്പം ഇന്ന് നശിച്ചുകൊണ്ടുമിരിക്കുന്നു. മഹത്തായ മാനുഷികമൂല്യങ്ങളും മര്യാദകളും എല്ലാവരും മറന്നുപോകുന്നു. ടിവിയിൽ കാണുന്നതെല്ലാം യാഥാർത്ഥ്യമാണെന്നും ടിവി ഒരിക്കലും കള്ളം പറയില്ല എന്നുമുള്ള ധാരണ വർദ്ധിച്ചുവരികയാണ്.

യാഥാർത്ഥ്യങ്ങളോടുള്ള നമ്മുടെ മനോഭാവത്തെ മിനിസ്ക്രീൻ പ്രതികൂലമായി പൊളിച്ചെഴുതിക്കൊണ്ടിരിക്കുകയാണ്. അനുകൂലമായ പരിവർത്തനങ്ങൾ ഉണ്ടാക്കിത്തീർക്കും എന്നത് വെറും പ്രഖ്യാപനംമാത്രമായി ഒതുങ്ങുകയും ചെയ്യുന്നു. ഇന്ന് ദൃശ്യമാധ്യമങ്ങളിൽ വരുന്ന സാംസ്കാരികപരിപാടികളും സാഹിത്യപരിപാടികളും ഒരു ഫാഷനായോ ചടങ്ങായോ തരംതാണുപൊയ്ക്കൊണ്ടിരിക്കുന്നു. ടിവിയും ഇന്റർനെറ്റും കൈകോർത്തുതുടങ്ങിയപ്പോൾ അശ്ലീലചിന്തകർക്ക് മനസ്സുനിറയ്ക്കാനുള്ള സകലതും സുലഭമായിത്തീർന്നിരിക്കുന്നു. ഇതിനെയൊക്കെ ഗുണകരമായി പ്രയോജനപ്പെടുത്തേണ്ടത് എങ്ങനെയെന്നറിയാതെ ദുരുപയോഗം ചെയ്ത് ദോഷകരമായഫലമനുഭവിക്കുന്നവരാണ് ഇന്നേറയും.

സംസ്കാരദോഷങ്ങൾ ഇല്ലാതെ മാധ്യമങ്ങളെ എങ്ങനെ സദുപയോഗം ചെയ്യാം എന്നു ചിന്തിക്കുന്ന ഒരു തലമുറ വളർന്നുവരുമെങ്കിൽ ദൃശ്യമാധ്യമങ്ങൾ ജനോപകാരപ്രദമായിത്തീരും എന്നതിൽ സംശയമില്ല.

# വിവർത്തനം



Shyma Beevi R.
IIIrd Islamic History

**അറബി പാഠപുസ്തകങ്ങളിലെ പ്രശസ്ത- എഴുത്തുകാരനായ അഹമ്മദ് അമീന്റെ സാഹിത്യപരമായ സൃഷ്ടിയെയാണ് ഇവിടെ വിവർത്തനം ചെയ്തിരിക്കുന്നത്.**

അഹമ്മദ് അമീൻ സാഹിത്യപരമായി എഴുതിയതാണ് ഞങ്ങളുടെ ജനതയും നിങ്ങളുടെ ജനതയും എന്ന ലേഖനം. അറബി സാഹിത്യത്തിൽ അഗാധപാണ്ഡിത്യം നേടിയ അമീൻ വ്യത്യസ്തമായ രീതിയിൽ രണ്ടു തലമുറകളുടെയും ഉയർത്തെഴുന്നേൽപ്പിനെ വർണ്ണിച്ചിരിക്കുന്നു.

അഹമ്മദ് അമീന്റെ കാലഘട്ടത്തിലെ ജനങ്ങൾ ശാന്തിയും സമാധാനവുമുള്ളവരും മതകർമ്മങ്ങളിൽ അടിയുറച്ചുവിശ്വസിച്ചവരുമാണ്. എന്നാൽ വളർന്നുവരുന്ന ഇന്നത്തെ സമൂഹത്തിൽ ആഡംബരവസ്തുക്കളുടെ ഒരു കുത്തക തന്നെ ഉള്ളതിനാൽ മതകർമ്മങ്ങളെക്കുറിച്ചോ അന്ത്യദിനത്തെക്കുറിച്ചോ ഓർക്കാതെ സ്വന്തം വ്യക്തിതാല്പര്യങ്ങളിൽ മുഴുകിയും താൽക്കാലികസുഖങ്ങൾ തേടിയും തികച്ചും അധഃപതിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ സമാധാനം എന്തെന്ന് ഇന്നത്തെ തലമുറയ്ക്ക് അറിയില്ല. പഴയ തലമുറയ്ക്ക് അവരുടെ ഇഷ്ടാനിഷ്ടങ്ങൾ സാക്ഷാത്കരിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ആധുനികനാഗരീകത പുതിയ തലമുറയ്ക്ക് വിഭാവനം ചെയ്തിരിക്കുന്നത് ആർഭാടപൂർവ്വമായ ജീവിതവും സന്തോഷവുമാണ്. പഴയ തലമുറയെ കുറിച്ച് കൂടുതൽ പറയുകയാണെങ്കിൽ അവർ ചില തത്വങ്ങളെയും മതകർമ്മത്തിൽ അധിഷ്ഠിതമായ വിശ്വാസപ്രമാണങ്ങളെയും ആസ്പദമാക്കി ജീവിച്ചു. കൂടാതെ അവർ പൂർണ്ണമായും അല്ലാഹുവിൽ വിശ്വാസമുള്ളവരായിരുന്നു. സംശയം കൂടാതെ സുഗമമായി അവർ പാതകളിൽക്കൂടി സഞ്ചരിച്ചു. ഭയമോ ആശങ്കയോ കൂടാതെ സമാധാനപൂർണ്ണമായ ജീവിതം നയിച്ചു. മതാനുഷ്ഠിത ജീവിതം നയിക്കുന്നവരെ പ്രോത്സാഹിപ്പിക്കുകയും പിന്തിരിഞ്ഞവരെ നിന്ദിക്കുകയും ചെയ്തു. അവരുടെ തത്വങ്ങളെ അനുസരിക്കുന്നതിൽ ഒരു നിർബന്ധിതമായ കാര്യം ആവശ്യമുണ്ടായിരുന്നില്ല. പതിവായി ഉണ്ടായിരുന്ന ആചാരപ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരുന്നു.

ആധുനിക നാഗരികതയിൽ അടിയറവുപറഞ്ഞുകൊണ്ടാണ് പുതിയ തലമുറ വന്നത്. ഇവർ പഴയ തലമുറയുടെ ആചാരങ്ങളെയും തത്വങ്ങളെയും വിശ്വാസങ്ങളെയും നശിപ്പിച്ചു. നഷ്ടപ്പെടുന്ന ഓരോന്നിനെയും നികത്താൻ വേറെ ഒന്നും തന്നെ അവരുണ്ടാക്കിയില്ല. അതിനാൽ ആ വിമ്പു അങ്ങനെതന്നെ നിലകൊണ്ടു. പഴയ തത്വങ്ങൾ നീങ്ങിപ്പോയി. വിശ്വാസപ്രമാണങ്ങൾ പൊളിക്കപ്പെട്ടു. പ്രകൃതി, ഈ വിടവിനെയും മാർഗദർശനം കൂടാതെയുള്ള പ്രയാണത്തേയും വെറുക്കുന്നു. പുതിയ തലമുറ ക്രിയാത്മകകാര്യങ്ങളെ ഇഷ്ടപ്പെടുകയും പഴയ കാര്യങ്ങളെ വെറുക്കുകയും ചെയ്യുന്നതിനാൽ അസ്വസ്ഥത നിറഞ്ഞതാണവന്റെ ജീവിതം. കൂടാതെ മതകർമ്മങ്ങളെയും വിശ്വാസപ്രമാണങ്ങളെയും ഇല്ലാതാക്കി.

മഹത്തായ മനസമാധാനം പഴയ തലമുറയ്ക്കുണ്ടായിരുന്നു. അവരുടെ മതം അവർക്ക് വലിയ ആശ്വാസമായിരുന്നു. ഏകനായ അല്ലാഹുവിൽ അടിയുറച്ചുവിശ്വസിച്ചിരുന്ന പഴയ തലമുറയ്ക്ക് സുഖവും ദുഃഖവുമെല്ലാം ഒരുപോലെയായിരുന്നു. മതത്തിനോടുള്ള അടുപ്പം ആത്മാവിന്റെ പ്രകൃതിയും മനുഷ്യന്റെ സ്വഭാവവുമാകുന്നു. ഇത് കൊള്ളയടിക്കുന്നതുമൂലം വേർപാടിന്റെ അസ്വസ്ഥതയും ഏകാന്തതയും അനുഭവപ്പെടുന്നു. പഞ്ചേന്ദ്രിയങ്ങളാണ് എല്ലാ മനുഷ്യനിലും അധിഷ്ഠിതമായിട്ടുള്ളത്. എന്നാൽ അഹമ്മദ് അമീൻ ഇതിലൂടെ വ്യക്തമാക്കുന്നത് ആറാമതൊരു ഇന്ദ്രിയവും കൂടി എണ്ണപ്പെടേണ്ടതുണ്ടെന്നാണ്. അതാണ് മഹത്തായ ദീൻ.

ഉച്ഛ്വാസത്തിന്റെ ഭാഗമായ ദീനിനെ നഷ്ടപ്പെട്ടാൽ അത് നികത്താൻ പ്രയാസമായിരിക്കും. ജീവിതം പൂർണ്ണമാകണമെങ്കിൽ നെടുംതൂണായി ദീൻ വേണം. ദീനിനെ വിശ്വസിച്ചാൽ സത്യവിശ്വാസികൾക്ക് ശാന്തിയും സമാധാനവുമുണ്ടാകുമ്പോൾ നിരീശ്വരവാദികൾ കുഴയുന്നു. പാശ്ചാത്യത്തിലും പൗരസ്ത്യത്തിലും ഇതാണവസ്ഥ. പാശ്ചാത്യലോകം രണ്ടുനൂറ്റാണ്ടോളം കട

dew of thoughts

d e w o F t h o u g h t s

ന്നുപോയി ശാസ്ത്രത്തിന്റെ വളർച്ചയ്ക്ക് കിണഞ്ഞ് പരിശ്രമിച്ചുകൊണ്ട് സാമ്പത്തികമായും രാഷ്ട്രീയവുമായ സംഘടനകൾ ഉണ്ടാക്കാൻ ശാസ്ത്രത്തിനു കഴിയുമെന്നവർ വിശ്വസിച്ചു. ശാസ്ത്രം പുരോഗതിയാർജ്ജിച്ചപ്പോൾ പുതിയ തലമുറയ്ക്ക് അഭിവൃദ്ധി കാണുവാൻ കഴിഞ്ഞില്ല. പുതിയ പുതിയ ആയുധങ്ങൾ കണ്ടുപിടിച്ചുകൊണ്ട് ഭയപ്പെടുത്തുന്നതും വേദനിപ്പിക്കുന്നതുമായ യുദ്ധങ്ങളാണ് നടത്തിയത്. ജനങ്ങൾ ശാസ്ത്രത്തിൽ വിശ്വസിച്ചതുമൂലം അല്ലാഹുവിലുള്ള വിശ്വാസത്തിൽ ചഞ്ചലമേൽക്കുവാൻ തുടങ്ങി. എന്നാൽ ശാസ്ത്രത്തിനു മതം ആവശ്യമാണെന്നു ശാസ്ത്രകാരന്മാർ വിശ്വസിച്ചു. അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസം മനസ്സിന്റെ വിടവിനെ നികത്തും. മനസ്സിനെ ശാന്തമാക്കും. രാഷ്ട്രവും വ്യക്തിയും കുടുംബവും തമ്മിലൊരു ദൃഢമായ ബന്ധമുണ്ടാക്കുന്നുണ്ട്. അല്ലാഹുവിൽ വിശ്വാസമുള്ള മുഅ്മിനുകളുമായുള്ള ബന്ധം അല്ലാഹുവിലേയ്ക്ക് കൂടുതൽ അടുപ്പിക്കുന്നു. മതം അനേകം സുവർണ്ണാവസരങ്ങൾ നീട്ടിയപ്പോൾ അത് സ്വീകരിക്കുവാൻ പുതിയ തലമുറ തയ്യാറായില്ല. പാരത്രികമാണ് മതം അനുശാസിച്ചത്. എന്നാൽ സ്വന്തം സുഖം മാത്രം നോക്കി അല്ലാഹുവിന്റെ പ്രതിഫലത്തിലേയ്ക്ക് എത്തിനോക്കാതെ പുതിയ തലമുറ ജീവിച്ചു. പാരത്രികത്തെ തിരസ്ക്കരിച്ചാലുള്ള ശിക്ഷയെക്കുറിച്ച് ഓർക്കാതെ ഒരു മാരകമായ രോഗത്തെപ്പോലെ തിന്മ വളർന്നു.

അഹമ്മദ് അമീൻ ഈ ലേഖനത്തിലൂടെ ജനങ്ങൾക്ക് നൽകുന്ന ഉപദേശമാണ് "നീയും അല്ലാഹുവും തമ്മിലുള്ള ബന്ധം ദൃഢമാക്കണം. ജനങ്ങൾ അല്ലാഹുവുമായുള്ള ബന്ധം വിട്ടാലും നീയും അല്ലാഹുവും തമ്മിലുള്ള ബന്ധം വിടരുത്."

# വിലപിക്കുന്ന ആത്മാവ്

മിന്നിത്തിളങ്ങുന്ന സ്ഫടികത്തിൽ
വീണ്ടുമാനിഴൽ മാത്രം തെളിഞ്ഞുനില്പൂ
വ്യർത്ഥമാമോർമ്മകൾ നെഞ്ചോടൊതുക്കി-
യശ്രുകണങ്ങൾ പൊഴിക്കാതെ; മിഴികളിൽ
സാന്ത്വനവും ചുണ്ടിൽ ചിരിയുമായെത്ര-
നാളീ നിഴലിൻ തണലിൽ- ഇനിയുമെത്രനാൾ?
നിദ്രയിലേയ്ക്കു വഴുതുമ്പോഴുമൊരു പേടി-
സ്വപ്നംപോലെ നിശീഥി വീണ്ടും
താരങ്ങളില്ലാത്ത നഭസ്സിൽ പിന്നെയും
കാർകൊണ്ടൽ മാത്രം ബാക്കി നില്പൂ,
സുഗന്ധം പരത്തുന്ന കാറ്റും വീശാതെയായ്
രാവും ശോകാർദ്രമായ് തേങ്ങി
വെയിലിൽ കരിഞ്ഞു പോയ് തളിരിട്ട വസന്തം
രാപ്പാടിയാരെയോ പ്രാകി പറന്നുപോയ്
വസന്തം പുതിയ നാമ്പുകൾ വിടർത്തിയെങ്കിലും
മിഴികളിൽ കണ്ണുനീർ മാത്രം!
ജീവസ്പന്ദനം നിലച്ചുപോയ്, അഗ്നിയിൽ
വെന്തുനീറുന്ന പ്രാണനെയകലെ നിന്നൊ-
ന്നുനോക്കുവാനായി നിഴലിതാ പിന്നെയും
സ്ഫടികപാത്രത്തിൽ;-
തേജസ്സുറ്റൊരാത്മാവ് വിലപിക്കുന്നു.

**REMYA U.**
Ist Botany



**REKHA R.**
Ist Zoology

# ഭാരതീയസംസ്കാരം പാശ്ചാത്യവൽക്കരിക്കപ്പെടുമ്പോൾ

ഭാരതീയ സംസ്കാരം എല്ലാ മേഖലയിലും ലോകരാഷ്ട്രങ്ങൾക്ക് മാതൃകയായിരുന്നു. ഭാരതത്തിന് ലോകരാഷ്ട്രങ്ങൾക്കിടയിൽ ഗുരുസ്ഥാനമുണ്ടായിരുന്നു. 'ലോകാ സമസ്താ സുഖിനോ ഭവന്തു' ഇതായിരുന്നു ഭാരതീയ സങ്കല്പം. ഇങ്ങനെയുള്ള ഭാരതത്തിൽ വിദ്യാഭ്യാസം, ആഹാരം, വൈദ്യം ഇവ മൂന്നും സൗജന്യമായി ലഭിക്കുമായിരുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. പക്ഷേ, പാശ്ചാത്യസംസ്കാരം ഭാരതത്തിൽ ആധിപത്യം സ്ഥാപിച്ചപ്പോൾ എല്ലാ മേഖലയിലും മത്സരബുദ്ധി കടന്നുവരികയും എല്ലാവരിലും സ്വാർത്ഥത രൂഢമൂലമാവുകയും ചെയ്തു.

പാശ്ചാത്യരീതിയെ തങ്ങളാൽ ആവുന്നത്ര രീതിയിൽ അനുകരിക്കാൻ ശ്രമിക്കുന്ന ഭാരതാംബയുടെ മക്കൾ ഇന്ന് ഏറ്റവും കൂടുതൽ മത്സരിക്കുന്നത് വിദ്യാഭ്യാസം, ആഹാരം, വൈദ്യം എന്നീ രംഗങ്ങളിലാണെങ്കിലും വസ്ത്രധാരണരീതിയിലുള്ള മത്സരം വിസ്മയാവഹമാണ് കാരണം ഭാരതസ്വാതന്ത്ര്യത്തിനായി കാശ്മീരം മുതൽ കന്യാകുമാരി വരെ നാണം മറയ്ക്കുവാൻ മാത്രം ഒരുതുണ്ട് തുണിയുടുത്തുകൊണ്ട് സഞ്ചാരം നടത്തി മുഴുവൻ ജനശ്രദ്ധയും നേടിയ സംഭവം നമുക്ക് ചരിത്രം പകർന്നുതരുന്നുണ്ട്. എന്നിരുന്നാലും ഭാരതീയർ പാശ്ചാത്യവസ്ത്രധാരണരീതികൾ തെരഞ്ഞെടുക്കുവാൻ മുൻകൈയെടുക്കുന്നു.

പാശ്ചാത്യ സംസ്കാരരീതിയനുസരിച്ച് ഒരു ബ്യൂട്ടി സെന്ററും ഹെയർ കട്ടിംഗ് സെന്ററും സ്റ്റിച്ചിംഗ് സെന്ററും ഉണ്ടെങ്കിൽ ഒരു പുതിയ ലോകം സൃഷ്ടിക്കാമെന്ന വ്യാമോഹം പുതിയ തലമുറയിൽ വളർന്നിരിക്കുന്നു. ഇന്നത്തെ കാമ്പസ് നമ്മുടെ സംസ്കാരത്തെ മറന്ന് വസ്ത്രധാരണരീതിയിൽ വിദേശസംസ്കാരത്തെ ഉൾക്കൊള്ളാൻ ശ്രമിക്കുകയാണ്. വസ്ത്രധാരണത്തിന് പ്രധാനമായും നാല് ഗുണങ്ങളാണുള്ളത്. പ്രധാനപ്പെട്ടത് നഗ്നത മറയ്ക്കുക എന്നതാണ്. രണ്ടാമത്തേത് ശീതോഷ്ണങ്ങൾ ക്രമീകരിക്കുന്നു. മൂന്നാമത്തേത് ഒരു വ്യക്തിയുടെ വ്യക്തിത്വം സൂചിപ്പിക്കുന്നു. നാലാമത്തേത് ആശ്രയം നൽകുന്നു. (ആശ്രയം എന്നുദ്ദേശിച്ചത് മനുഷ്യൻ ജഡമായി മാറുമ്പോൾ ജഡത്തെ പൊതിയാൻ വേണ്ടി നാം ആശ്രയിക്കുന്നത് വസ്ത്രത്തെയാണ്. അതുപോലെതന്നെ, ശരീരത്തിൽ മുറിവുണ്ടാകുന്ന സമയത്ത് നാം ആദ്യംതന്നെ ആശ്രയിക്കുന്നത് വസ്ത്രമാണ്. ഇന്ന് മേൽപ്പറഞ്ഞ നാല് അടിസ്ഥാനതത്വങ്ങളിൽ ഊന്നിയല്ല ഇന്ന് വസ്ത്രധാരണം നടത്തുന്നത്. മനുഷ്യൻ നഗ്നത മറയ്ക്കുന്നതിനുപകരം എങ്ങനെ അവന്റെ ശരീര വടിവ് പുറത്ത് കാണിയ്ക്കാം. അതിനുപറ്റിയ വസ്ത്രമാണ് അവൻ തെരഞ്ഞെടുക്കുന്നത്. ഒരു മനുഷ്യന്റെ വ്യക്തിത്വം ആ മനുഷ്യന്റെ വസ്ത്രധാരണത്തിൽനിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്ന ഒരു കാലയളവുണ്ടായിരുന്നു. ഉദാഹരണം സ്വാമി വിവേകാനന്ദൻ, മഹാത്മാഗാന്ധി, ശ്രീനാരായണഗുരു അതുപോലെ മറ്റനേകം പേരെ നമുക്കറിയാൻ സാധിക്കും. പക്ഷേ, ഇന്നത്തെ തലമുറ പലരെയും അനുകരിക്കാനാണ് ഇഷ്ടപ്പെടുന്നത്. "എന്തിന് നാട്യങ്ങളിലൂടെ നീ മറ്റൊരുവനാകാൻ ശ്രമിക്കണം. നീ നീയായിരുന്നാൽ മതി. രൂപത്തിന്റെ സൗന്ദര്യം ഒരിക്കലും നിന്റെ നിഴലിനില്ല എന്ന യാഥാർത്ഥ്യം നീ ഒരിക്കലും മറക്കാതിരിക്കുക" എന്നാണ് നമ്മുടെ വേദത്തിൽ പറഞ്ഞിട്ടുള്ളത്.

ഇന്ന് വൃദ്ധരായ മാതാപിതാക്കൾ വൃദ്ധസദനത്തിൽ അഭയംതേടുന്ന അവസ്ഥയാണുള്ളത്. ഇതെല്ലാം തന്നെ പാശ്ചാത്യവൽക്കരണത്തിന്റെ സവിശേഷതയാണ്. ഭാരതീയർ ഭൂരിഭാഗം പേരും ലൗകികജീവിതത്തിൽ മാത്രം തൽപ്പരരാണ്. നമുക്ക് ലൗകികവസ്തുക്കൾ കിട്ടുമ്പോൾ ആനന്ദമുണ്ടാകാം. പക്ഷേ, ഒരു കുഴപ്പം. വസ്തുക്കൾ നശിക്കുമ്പോൾ ആനന്ദം ദുഃഖമായിമാറുന്നു. അത് ശാശ്വതമല്ലെന്നും നമ്മുടെ സ്വന്തമല്ലെന്നും നാം മനസ്സിലാക്കുന്നില്ല. പകരം പാശ്ചാത്യസംസ്കാരം പിന്തുടരാൻ ശ്രമിക്കുകയാണ്. മനുഷ്യർ പൊതുവേ ലോഭികളാണ്. സമ്പത്ത് കൂട്ടിവയ്ക്കാനാണവർക്കിഷ്ടം. കാമം, ക്രോധം, ലോഭം എന്നീ മൂന്ന് ദുർഗ്ഗുണങ്ങളാണ് എല്ലാവിധ ദുഃഖത്തിന്റെയും അടിസ്ഥാനകാരണങ്ങൾ. കാരണം നശിച്ചാലേ കാര്യവും നശിക്കൂ. അതുകൊണ്ട് കാമത്തെ ദമം (ഇന്ദ്രിയനിഗ്രഹം) കൊണ്ടും ക്രോധത്തെ ദയ കൊണ്ടും ലോഭത്തെ ദാനംകൊണ്ടും ജയിക്കണം.

*ദയത ദത്ത ദമ്യധ്വം*

*ശാന്തിഃ ശാന്തിഃ ശാന്തിഃ*



# ദൃശ്യം



SREEJA
IInd BA Islamic History

എത്ര ശുഭദിനങ്ങളാണ്
ഒരു പൂമൊട്ടിനെ കാത്തിരിക്കേണ്ടത്
അതിന്റെ ഇതൾ വിരിഞ്ഞു
പൊരുൾ പിറക്കാൻ!
എത്ര കാലമാണ്
ഒരു വാക്കിനുമേൽ അടയിരിക്കേണ്ടത്
അതിന്റെ തോടുകളുടഞ്ഞു
പൊരുൾ ഉദിക്കാൻ!
കാത്തിരിക്കുന്നവർക്കോ
ആ ദൃശ്യം ദൃശ്യമാകൂ...
അവർക്കോ...
സത്യങ്ങൾ തിരിയുകയുള്ളൂ.
തോക്കിൻ പാത്തികൊണ്ടു
വാക്കുകളുടെ തോടുകൾ പൊട്ടിക്കുകയും
ശൂലമുനയാൽ ദൃഷ്ടികൾ
ചൂഴ്ന്നെടുക്കുകയും ചെയ്യുന്നവർ
അറിയുന്നില്ല... അറിയാൻ പോകുന്നുമില്ല.
ആകയാൽ...
എവിടെയോ തുറക്കപ്പെടേണ്ട കിളിവാതിൽ
തുറക്കുകയില്ല.
ഒരു കാറ്റുപോലും
മലർഗന്ധം പരത്തുകയില്ല!
മുളങ്കാടുകൾക്ക് പിറകിൽ
പ്രണയം, പൂർണ്ണചന്ദ്രനായ്
ഒളിഞ്ഞുനിൽക്കുന്നതും
അവർ കാണുകയില്ല.
മരണത്തിന്റെ സുതാര്യമായ
ചിറകുകളേറി
ജൈവതേജസ്സുകളുടെ മിന്നാമിനുങ്ങുകൾ
നക്ഷത്രങ്ങളിലേയ്ക്ക് പറക്കുന്നതും
അവർ കാണുകയില്ല.
ദൃശ്യം അദൃശ്യമാകയാൽ
കാണുന്നവരേയും അവർ കാണുകില്ല.

# താളം പിഴയ്ക്കുന്നവർ



NAJEEB S.
Final Zoology.

ഏതോ വഴിപിഴച്ച കാമമനാഥമാക്കിയൊ-
രു ബാലന്റെ ഗാനമിതാ കേൾപ്പൂ
വിശപ്പിന്റെ ചെണ്ടകൊട്ടിപ്പാടുകയാണവൻ
തന്നെയനാഥമാക്കിയൊരീ സമൂഹത്തെ നോക്കി
അന്യരുടെ ദയവാകും ചില്ലറകൾ വാങ്ങിയവൻ
വാകീറിയ ദൈവത്തെ നോക്കിക്കരയുന്നു.
അവന്റെ കണ്ണീരവന്റെ വിശപ്പു മാറ്റിയേക്കാം
അല്ലെങ്കിലൊരു ഭിക്ഷക്കൂട്ടത്തിനു മുതൽക്കൂട്ടായേക്കാം
അവന്റെ കണ്ണുനീരിലൊത്തിരി ദുഃഖങ്ങളുടെ-
യുപ്പുനീരു കലർന്നിരുന്നു.
പിറക്കുന്നു കർണ്ണൻമാരീ ഭൂമിയിൽ
വേദനയില്ല, പശ്ചാത്താപമില്ല, കുന്തീമാതാക്കൾക്കിപ്പൊഴും
ശാപത്താൽ മെനഞ്ഞ പാളയിൽ കിടത്തിയവർ കുഞ്ഞുങ്ങളെ
വേദനയുടെ കയങ്ങളിലേക്കൊഴുക്കി വിടുന്നു
അവന്റെ ദുഃഖം കണ്ടു സഹിക്കവയ്യാതെ സൂര്യൻ
സമുദ്രവാതിൽ തുറന്നകത്തേക്കു പോയി
കാലത്തെഴുന്നേറ്റപ്പോൾ കണ്ടു കർമ്മസാക്ഷി
മറ്റൊരു കാമത്തിന്നുറുമ്പുകൂട്ടം തൻ മകനെ
ആർത്തിയോടെ തിന്നു രസിക്കുന്നു
മരണം തഴുകിയ കണ്ണുകളിലെപ്പോഴും
കണ്ണീരിൻ നനവുണങ്ങാതെ കിടന്നിരുന്നു.





# വിധിയുടെ വിളയാട്ടം

SOUMYA S. SHANKER
Ist BA English

തൃശൂർ ജില്ലയിലെ ഒരു അതിമനോഹര ഗ്രാമം. വിശാലമായ വയലേലകൾ. നെൽക്കതിരുകൾ ഇളംകാറ്റിൽ ചാഞ്ചാടിക്കളിക്കുന്നു. വയലുകൾക്കിടയ്ക്കായി ഒരു കൊച്ചുതോട്. അതിൽ കുഞ്ഞുമീനുകളും തവളക്കുഞ്ഞുങ്ങളുമൊക്കെ നീന്തിക്കളിക്കുകയാണ്. അവിടെയടുത്തായി ഒരു ക്ഷേത്രമുണ്ട്. ശക്തിസ്വരൂപിണിയായ ദേവിയാണ് അവിടുത്തെ പ്രതിഷ്ഠ. താമരയും ആമ്പൽപ്പൂക്കളും കൊണ്ടുനിറഞ്ഞ ക്ഷേത്രക്കുളം കാണാനെന്തു ഭംഗിയാണെന്നോ

അവിടുത്തെ പേരുകേട്ട ഒരു തറവാടായിരുന്നു "മുല്ലശ്ശേരി തറവാട്". പക്ഷേ, ഇപ്പോൾ തറവാടിന്റെ ഇപ്പോഴത്തെ ഗൃഹനാഥൻ രാവിലെ കുളികഴിഞ്ഞ്, ക്ഷേത്രദർശനവും നടത്തിവന്ന്, ക്ഷീണം മാറ്റാൻ ഉമ്മറത്തുള്ള ചാരുകസേരയിൽ ഇരിക്കുകയാണ്. ചായയുമായി അദ്ദേഹത്തിന്റെ ഭാര്യ കടന്നുവന്നു.

ആ ദമ്പതികളുടെ ഒരേയൊരു മകളാണ് 'ലക്ഷ്മി'. കാണാൻ നല്ല സുന്ദരിയാണ്. ഇടതൂർന്നുകിടക്കുന്ന കാർകൂന്തൽ പിന്നി, തുളസിക്കതിരുംവച്ച്, നെറ്റിയിൽ ചന്ദനക്കുറിയും ചാർത്തി ദാവണിവേഷത്തിൽ അവൾ ഉമ്മറത്തേക്കുവന്നു. അമ്മയോടും അച്ഛനോടും യാത്രചോദിച്ച് കോളേജിലേക്ക് തിരിച്ചു. മൂന്നാംവർഷം ബിരുദത്തിനു പഠിക്കുന്ന ലക്ഷ്മി പഠിത്തത്തിലെന്നപോലെ കലയിലും മുൻപന്തിയിലാണ്. പക്ഷേ, വീട്ടിലെ സ്ഥിതി വളരെ മോശമാണ്. കോളേജിലെ ക്ളാസു കഴിഞ്ഞ് ആറരവരെ മൂന്നുവീടുകളിലായി ട്യൂഷൻ പഠിപ്പിച്ചു കിട്ടുന്ന കാശുകൊണ്ടാണ് പഠിപ്പും വീട്ടുകാര്യങ്ങളും നടക്കുന്നത്. കണ്ണടക്കുന്നതിനുമുമ്പ് ലക്ഷ്മിയെ നല്ലൊരുവന്റെ കയ്യിൽ ഏല്പിക്കണമെന്നതാണ് മാതാപിതാക്കളുടെ ആഗ്രഹം. അവർ ഒരു കൂട്ടർക്ക് വാക്കുകൊടുത്തിട്ടുണ്ട്. ലക്ഷ്മിയുടെ പഠനം കഴിയാൻ കാത്തിരിക്കുകയാണവർ.

വീട്ടിൽനിന്നും ഇറങ്ങി, വയൽവരമ്പുകളിലൂടെ കുറച്ചുനേരം നടന്നാൽ റോഡിലെത്തിച്ചേരും. അവിടെനിന്നും 3 രൂപാ നിരക്കിൽ ബസ്സിൽ യാത്രചെയ്തുവേണം കോളേജിൽ ഏത്തിച്ചേരാൻ. കോളേജിൽ പോകാനും വരാനുമൊക്കെയായി ഒരു കൂട്ടുകാരിയുണ്ട് 'ഐശ്വര്യ'. രണ്ടുപേരും ഒരേ ക്ളാസിലാണ് പഠിക്കുന്നത്.

ഇന്ന് ഐശ്വര്യ ക്ളാസിനു വന്നില്ല. അതിനാൽ ക്ളാസ് കഴിഞ്ഞ് ലക്ഷ്മി ഒറ്റക്ക് ബസ്സ്റ്റോപ്പിലേക്ക് നടന്നുവരികയായിരുന്നു. പെട്ടെന്ന് ഒരു ബൈക്ക് അതിവേഗതയിൽ കടന്നുവരുന്നത് അവൾ കണ്ടു. ബൈക്കിനെതിരെ ഒരു ബസ്സ് വരുന്നുണ്ട്. ബൈക്ക് പെട്ടെന്ന് വേഗത കുറച്ച് ബസ്സിന് സൈഡ് കൊടുക്കുന്നതിനിടയിൽ ലക്ഷ്മിയെ ഇടിച്ചു. പാവം അവൾ വഴിയിലേക്ക് തെറിച്ചുവീണു. ഉടൻതന്നെ ബോധം മറഞ്ഞു. നെറ്റിയിൽനിന്നും രക്തം വാർന്നൊഴുകുന്നു. കൈക്കും മുറിവുപറ്റിയിരിക്കുന്നു. ഉടൻതന്നെ ലക്ഷ്മിയെ ആശുപത്രിയിലെത്തിച്ചു. ജീവൻ നിലനിർത്താൻ രക്തം അത്യാവശ്യമാണെന്ന് ഡോക്ടർ അറിയിച്ചു. അങ്ങനെ സ്വന്തം രക്തം നൽകി ആ ചെറുപ്പക്കാരൻ ലക്ഷ്മിയെ രക്ഷിച്ചു.

ആശുപത്രിയിൽനിന്നും ലക്ഷ്മി വീട്ടിൽ തിരിച്ചെത്തി. ഒരാഴ്ചത്തെ വിശ്രമത്തിനുശേഷം വീണ്ടും കോളേജിൽ പോയിത്തുടങ്ങി. പിന്നീട് ഒരുദിവസം അവൾ കോളേജിൽവെച്ച് ബോധം കെട്ടുവീണു. രക്തം പരിശോധിക്കാൻ ഡോക്ടർ അറിയിച്ചു. അപ്പോഴാണ് ലക്ഷ്മി ആ നഗ്നസത്യം അറിഞ്ഞത്. അവൾ എയ്ഡ്സ് രോഗബാധിതയാണ്. അന്ന്, അപകടത്തിൽ, ആ ചെറുപ്പക്കാരൻ കൊടുത്തു സഹായിച്ച രക്തത്തിൽനിന്നുമാണ് രോഗം പിടിപെട്ടത്.

ലക്ഷ്മിക്ക് പുറത്തേക്കിറങ്ങാൻ കഴിയാത്ത അവസ്ഥയായി. കോളേജിൽ കുട്ടികളെല്ലാം കളിയാക്കുന്നു. നാട്ടുകാർ, ലക്ഷ്മിയെ കാണുന്നതുതന്നെ ദുഃശ്ശകുനമാണെന്നുപറഞ്ഞ് കാർക്കിച്ചുതുപ്പുന്നു. പറഞ്ഞുവച്ചിരുന്ന വിവാഹം ഇനി നടക്കില്ലെന്ന് ചെറുക്കന്റെ വീട്ടിൽനിന്നും അറിയിച്ചു. മകൾക്കു വന്ന ദുരവസ്ഥ ഓർത്ത് അച്ഛൻ ഹൃദയംപൊട്ടി മരിച്ചു.

താൻ അന്നു രക്തം കൊടുത്തു സഹായിച്ച കുട്ടിക്ക് ഇങ്ങനെയൊരവസ്ഥ വന്ന കാര്യം അയാൾ അറിയാനിടയായി. അയാൾക്ക് വല്ലാത്ത സങ്കടംതോന്നി. പ്രായശ്ചിത്തമെന്നവണ്ണം ലക്ഷ്മിയെ വിവാഹം കഴിക്കാൻ അയാൾ നിശ്ചയിച്ചു. അങ്ങനെ അദ്ദേഹം ലക്ഷ്മിയുടെ വീട്ടുമുറ്റത്തെത്തി. ആകെ ഒരു മൂകത പോലെ തോന്നി ആ വീട്ടിലേക്കു നോക്കിയപ്പോൾ. കാക്കകൾ ആ വീടിനുചുറ്റും പറന്ന് വല്ലാതെ ശബ്ദമുണ്ടാക്കുന്നു. ഉമ്മറത്തേക്കുള്ള വാതിൽ തുറന്നുകിടക്കുകയാണ്. 'ലക്ഷ്മി... ലക്ഷ്മി'... എന്ന് എത്ര വിളിച്ചിട്ടും മറുപടി ലഭിച്ചില്ല. അയാളുടെ മനസ്സിൽ ഭയം തോന്നിത്തുടങ്ങി. മടിച്ചുമടിച്ച് തുറന്നുകിടക്കുന്ന വാതിലിലൂടെ അകത്തേക്കു നോക്കി. അയാൾ ആ കാഴ്ചകണ്ട് ഞെട്ടിത്തരിച്ചുനിന്നുപോയി. അതാ, വായിൽനിന്നും ചോരയൊലിപ്പിച്ച്, ആ അമ്മയും മകളും അടുത്തടുത്ത് കിടക്കുന്നു. തൊട്ടരുകിലായി ഒരു വിഷക്കുപ്പിയും. ഇനി ആർക്കും ഒരു അറപ്പും നാണക്കേടും വരുത്തില്ലെന്ന് നിശ്ചയിച്ചുകൊണ്ട് അവൾ ലോകത്തോട് യാത്ര പറഞ്ഞു. എന്നന്നേക്കുമായി.......

കാലഘടികാരം,
കറങ്ങിത്തിരിയുന്നു......
സീമാതീതമായ, ആകാശ സഞ്ചാര-
ങ്ങൾക്കുമപ്പുറത്തേക്ക്
കടക്കാൻ വെമ്പുന്ന
മനുഷ്യമോഹങ്ങൾ......
വർത്തമാനത്തിന്റെ ചങ്ങലകളിൽ നിന്നും
ഭാവിയുടെ പന്ഥാവിലേക്ക്.........
നിലയ്ക്കാത്ത
നാളെയുടെ വഴികളിലേക്ക്.........



# Manoeuvre

# നൊമ്പരങ്ങൾ

നഷ്ടസ്വപ്നങ്ങൾ തൻ
ബാക്കിപ്പത്രങ്ങളായ്
പെയ്തൊഴിയുന്നുവോ
മോഹങ്ങൾ വീണ്ടും
തീർത്താൽ തീരാത്ത
ദുഃഖത്തിൻ ചാമരം
വീണ്ടും വീശുന്നുവോ
മിഴിനീർ മഴയ്ക്കായ്...
ജീവിതഗൃഹത്തിൻ
മുറ്റത്ത് തെളിയിച്ച
സ്നേഹത്തിൻ ദീപം
അണയാൻ വെമ്പുന്നുവോ
എന്നെന്നും താങ്ങായി
തണലായി മാറിയ
നറുനിലാ വെൺകുടം
അഴലാം മുകിലിൻ മറയുന്നുവോ
പുലരിതൻ പൊന്നൊളിയിൽ
പ്രഭ ചൂടിനിന്നതാമാദിത്യൻ
ചുടുനിശ്വാസങ്ങളാൽ
ഭൂമിയെ തഴുകുന്നുവോ
പുതിയൊരു ബാല്യം കൊതിക്കുമാ
മുത്തശ്ശിക്കണ്ണിലും
ശൂന്യത തൻ നഷ്ടബോധം
നിറയുന്നുവോ...

നന്മതൻ തിരിനീട്ടുമാ-
നെയ്ത്തിരി വിളക്കിനെ
സ്നേഹത്തിൻ ദാരിദ്ര്യം
കരിന്തിരിയാക്കുന്നുവോ
കാലമാം പുസ്തകം തൻ
താളുകൾ വീണ്ടും
നിണമണിഞ്ഞ രൗദ്രത്തിൻ
ചിത്രങ്ങൾ വരയ്ക്കുന്നുവോ
കലിതൻ വിഭ്രാന്തിയിൽ
ഒരുവനവന്റെ കൂടപ്പിറപ്പിനെ
വെട്ടിനുറുക്കി കഴുകനെറിയുന്നുവോ
ഹേ മനുഷ്യാ, നീ നിർത്തീടുക
നിൻ ഭ്രാന്തമാം കേളികൾ
അങ്ങനെയെങ്കിൽ നീ
കാത്തിരുന്നീടുക ഒരു
നവചൈതന്യത്തിൻ
പുതുയുഗ സൃഷ്ടിക്കായ്.



**RAKHI S. KRISHNAN**
Ist Physics.

# നിഴൽ

നിഴലിനൊപ്പം
നടക്കാൻ തുടങ്ങിയതാണ് ഞാൻ
പക്ഷേ,
നിഴലിപ്പോൾ
പിന്നിലേയ്ക്കായി
ചിലപ്പോൾ മുന്നേയ്ക്കും
നിഴൽ ഞാനാകുന്ന നിമിഷം
അല്പം സ്വാർത്ഥതയോടെ
എന്റേത് മാത്രമാകുന്നു...

**SHAMEERA A.**
IIIrd Islamic History



ലേഖനം

# സത്യജിത് റേയുടെ ലോകം

ഇന്ത്യൻ സിനിമയ്ക്ക് ലോകത്താകമാനം അംഗീകാരം നേടിക്കൊടുത്തത് സത്യജിത് റേയാണ്. ഇന്ത്യയിലാദ്യമായി സിനിമ ഉദാത്തമായ ഒരു കലയാണെന്ന് തെളിയിച്ചത് റേച്ചിത്രങ്ങളാണ്. ഗൗരവപൂർവ്വമായ ചലച്ചിത്രസമീപനം ഇന്ത്യയിലാരംഭിക്കുന്നത് അദ്ദേഹത്തിൽനിന്നുതന്നെ.

1921 മെയ് രണ്ടാംതീയതി ബംഗാളിലെ ഒരു ആഭിജാത്യകുടുംബത്തിലായിരുന്നു റേയുടെ ജനനം. അച്ഛൻ സുകുമാർ റേ എഴുത്തുകാരനും, അമ്മ സുപ്രഭാ റേ സംഗീതജ്ഞയുമായിരുന്നു. റേയിയുടെ മുത്തച്ഛൻ ഉപേന്ദ്ര കിഷോർ ചിത്രകാരനും പാട്ടുകാരനും എഴുത്തുകാരനുമായിരുന്നു.

**ഇന്ത്യൻ സിനിമയ്ക്ക് ലോകത്താകമാനം അംഗീകാരം നേടിക്കൊടുത്തത് സത്യജിത് റേയാണ്. ഇന്ത്യയിലാദ്യമായി സിനിമ ഉദാത്തമായ ഒരു കലയാണെന്ന് തെളിയിച്ചത് റേച്ചിത്രങ്ങളാണ്. ഗൗരവപൂർവ്വമായ ചലച്ചിത്രസമീപനം ഇന്ത്യയിലാരംഭിക്കുന്നത് അദ്ദേഹത്തിൽനിന്നുതന്നെ.**

സത്യജിത്തിന് രണ്ടരവയസ്സുള്ളപ്പോഴാണ് അച്ഛൻ സുകുമാർ റേ അന്തരിച്ചത്. പിന്നീട് റേയും അമ്മയും അമ്മാവന്റെ വീട്ടിലായി താമസം. ബാലി ഗഞ്ച് ഗവൺമെന്റ് ഹൈസ്കൂളിലും പ്രസിഡൻസി കോളേജിലുമായി വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം അമ്മയുടെ പ്രേരണയാൽ അദ്ദേഹം ശാന്തിനികേതനിൽ കലാവിദ്യാർത്ഥിയായി പഠനം ആരംഭിച്ചു. പ്രശസ്ത ചിത്രകാരന്മാരായ നന്ദലാൽ ബോസും ബിനോദ് ബിഹാരി മുഖർജിയുമായിരുന്നു റേയുടെ ശാന്തിനികേതനിലെ അദ്ധ്യാപകർ. ഇക്കാലത്തും റേയുടെ മനസ്സ് നിറയെ സിനിമയായിരുന്നു.

1942ൽ അഞ്ചുകൊല്ലത്തെ പഠനം പൂർത്തിയാകാതെ റേ ശാന്തിനികേതനോട് വിടപറഞ്ഞു. പിന്നീട് പരസ്യക്കമ്പനിയിൽ ജൂനിയർ വിഷലൈസർ ആയിച്ചേർന്ന റേക്ക് എൺപതുരൂപയായിരുന്നു ശമ്പളം. ഇക്കാലത്താണ് പാശ്ചാത്യസംഗീതത്തിലും ചലച്ചിത്രത്തിലും കൂടുതൽ അവഗാഹം അദ്ദേഹം നേടിയത്.

1947ൽ ചിതാനന്ദ ഗുപ്തയുമായിച്ചേർന്ന് കൊൽക്കൊത്തയിലെ ആദ്യത്തെ ഫിലിം സൊസൈറ്റി രൂപീകരിച്ചു. ഫിലിം സൊസൈറ്റിവഴി ധാരാളം ലോകക്ലാസ്സിക്കുകൾ കാണാൻ റേയിക്ക് അവസരംകിട്ടി. വിഭൂതി ഭൂഷൺ ബാനർജിയുടെ പാഥേർപാഞ്ചാലി എന്ന നോവലിന്റെ പുനഃച്ചട്ട തയ്യാറാക്കിയത് റേയാണ്. അന്നാണ് പാഥേർപാഞ്ചാലി അദ്ദേഹത്തെ സ്വാധീനിച്ചത്.

dew of thoughts



1949ൽ ദി റിവർ എന്ന ചലച്ചിത്രത്തിന്റെ ചിത്രീകരണത്തിനായി കൊൽക്കത്തയിലെത്തിയ വിശ്രുത ഫ്രഞ്ച് ചലച്ചിത്രകാരൻ ജീൻ റെൻ വാറുമായുള്ള കൂടിക്കാഴ്ച റേയുടെ ചലച്ചിത്രജീവിതത്തെ വളരെയധികം സ്വാധീനിച്ചു. ജോലിയുടെ ഭാഗമായി റേ ലണ്ടനിലെത്തിയപ്പോഴാണ് ഡിസീക്കയുടെ "ബൈസിക്കിൾ തീവ്സ്" എന്ന ചിത്രം കണ്ടത്. യുദ്ധകാലത്ത് ഇറ്റലി അനുഭവിച്ച തൊഴിലില്ലായ്മയുടെയും അരാചകത്വത്തിന്റെയും നിസ്സഹായതയുടെയും ഗതികേടിന്റെയും പരിശ്ചേതമായ ഈ സിനിമ റേയെ വരെയധികം സ്വാധീനിക്കുകയുണ്ടായി. നാട്ടിലേക്കുള്ള മടക്കയാത്രയിലാണ് പാഥേർപാഞ്ചാലിയുടെ തിരക്കഥ അദ്ദേഹം തയ്യാറാക്കുന്നത്.

നാട്ടിലെത്തിയശേഷം പാഥേർപാഞ്ചാലിയുടെ തിരക്കഥയുമായി നിരവധി നിർമ്മാതാക്കളെ സമീപിച്ചുവെങ്കിലും നിരാശയായിരുന്നു ഫലം. ഒടുവിൽ അടുത്ത സുഹൃത്തുക്കളായ സുബ്രതോ മിത്ര, ബെൻസി ചന്ദ്രഗുപ്ത എന്നിവരുമായിച്ചേർന്ന് റേ പാഥേർപാഞ്ചാലിയുടെ ജോലികൾ ആരംഭിച്ചു. ഇൻഷ്വറൻസ് കമ്പനിയിൽനിന്നും കടമായി ലഭിച്ച തുകയായിരുന്ന റേയുടെ മൂലധനം. ഇടയ്ക്ക് പണം തീർന്നപ്പോൾ ഭാര്യയുടെ ആഭരണങ്ങൾ പണയംവെച്ചും പുസ്തകങ്ങളും റിക്കാർഡുകളും വിറ്റ് ബാക്കിത്തുക കണ്ടെത്തി ചിത്രീകരണം തുടർന്നു. എങ്കിലും ചിത്രം പകുതിവെച്ച് റേയ്ക്ക് നിർത്തേണ്ടിവന്നു. എന്നാൽ ബംഗാൾ ഗവൺമെന്റിന്റെയും, ന്യൂയോർക്കിലെ മ്യൂസിയം ഓഫ് മോഡേൺ ആർട്ടിന്റെ ഡയറക്ടർ മൺറോ വില്ലറിന്റേയും സഹായത്താൽ റേ പാഥേർപാഞ്ചാലി പൂർത്തിയാക്കി. പാഥാർപാഞ്ചാലി ആദ്യമായി പ്രദർശിപ്പിച്ചത് 1955ൽ ന്യൂയോർക്കിലെ മ്യൂസിയം ഓഫ് മോഡേൺ ആർട്ടിലാണ്. ആദ്യചിത്രത്തോടെതന്നെ റേ ലോകോത്തര സംവിധായകരുടെ നിലയിലേക്കുയർത്തപ്പെട്ടു. 1956ൽ ചലച്ചിത്രോത്സവത്തിൽ മികച്ച ഡോക്യുമെന്റ് അവാർഡ് ഉൾപ്പടെ 11 പുരസ്കാരങ്ങൾ പാഥാർപാഞ്ചാലിക്ക് ലഭിച്ചു.

പാഥേർപാഞ്ചാലിയുടെ തുടർച്ചയെന്നോണം അപരാജിതോ, ജൽസാകർ, ദേവി, അശനിസങ്കേത്, ജന ആരണ്യ, ശാഖ പർ ശാഖ, ആകംദുഃഖ് എന്നിവ അദ്ദേഹം ഇന്ത്യൻ സിനിമാ ലോകത്തിന് സംഭാവനചെയ്യുകയുണ്ടായി.

11 ചിത്രങ്ങൾക്ക് അദ്ദേഹം സംഗീതസംവിധാനം നിർവ്വഹിച്ചിട്ടുണ്ട്. സിനിമയെക്കുറിച്ച് 8 ഗ്രന്ഥങ്ങൾ രചിച്ച അദ്ദേഹം ഓസ്കാർ അവാർഡ്, ഭാരത രത്ന, പത്മ വിഭൂഷൺ, ദാദാ സാഹിബ് ഫാൽക്കേ അവാർഡ്, മാഗ്സാസെ അവാർഡ്, ബർലിൻ ഫിലിം ഫെസ്റ്റിവൽ പ്രത്യേകപുരസ്കാരം, വെനീസ് ഫിലിം ഫെസ്റ്റിവൽ സ്പെഷ്യൽ പ്രത്യേകപുരസ്കാരം, ഹോൾസെൻ ലേൺ അവാർഡ്, ബ്രിട്ടീഷ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് ഫെലോഷിപ്പ് – തുടങ്ങി നിരവധി പുരസ്കാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

1986ൽ പുറത്തിറങ്ങിയ ഗണശത്രുവാണ് റേയുടെ അവസാനചിത്രം. പുതിയ ചലച്ചിത്രത്തിന്റെ നിർമ്മാണത്തിൽ മുഴുകുന്നതിനിടയ്ക്ക് 1992 ഏപ്രിൽ 23നായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം.



Niyas
IIIrd B.Com.



# ബാഗ്ദാദ്

അമ്മ പറഞ്ഞ അറബിക്കഥയിലെ
അച്ഛൻ പറഞ്ഞ അറബിക്കഥയിലെ ബാഗ്ദാദ്
താരാട്ട് കേട്ടുറങ്ങാൻ കൊതിച്ചൊരാ പിഞ്ചു-
പൈതങ്ങൾ കേട്ടതോ ബോംബിന്റെ ശബ്ദം
പിടയുന്ന ജീവനുകൾക്ക് വിലയില്ലയിവിടെ
അഴിയുന്ന ബന്ധങ്ങൾ അറിയുന്നില്ലവർ
ഒരുനാൾ സൂര്യൻ ഉദിച്ചുണർന്നപ്പോൾ
കണ്ടതോ കത്തുന്ന ബാഗ്ദാദ്
കൺമുന്നിൽ പിടയുന്ന മകനെ
കണ്ട അമ്മതൻ തേങ്ങൽ അറിയുന്നില്ലവർ
തുടുതുടെ ചോരവാർന്നൊഴുകുമ്പോഴും
പൊരുതുന്ന മനുഷ്യർ ഇനിയും ബാക്കി
അമ്മതൻ മടിയിൽ തല ചായ്ച്ചുറങ്ങിയ
ആ കുഞ്ഞറിഞ്ഞില്ല അമ്മതൻ മരണം
വിജയം മാത്രം മുന്നിൽക്കണ്ടവർ
ചോര കണ്ടുല്ലസിക്കുന്നു.
മായട്ടെ മറയട്ടെ ബാഗ്ദാദിൻ ഈ ചിത്രം
എരിയുന്ന ജീവനുകൾ മൺമറയട്ടെ.



**HARIS**
Ist Islamic History

# പ്രകൃതിയുടെ ഭാഷ



**DEEPTHI S.**
Ist Maths

പ്രകൃതിയുടെ ഭാഷ കേട്ടിട്ടുണ്ടോ?
ഹൃദയമന്ത്രങ്ങളുരുക്കുന്ന ഭാഷ!
പൂഞ്ചിറകുകളാലും താഴ്വരകളാലും
മരങ്ങളാലും നിമന്ത്രണം ചെയ്യും
ഈ ഹൃദയഭാഷ
ഘോരയുദ്ധങ്ങൾതൻ വ്രണപ്പാടിൽനിന്ന്
ചികഞ്ഞെടുക്കുന്നു നിന്നാത്മു ഞാൻ
നിന്നോളം ജീവിതസത്യദർശനങ്ങ-
ളുള്ളവർ ആരെങ്കിലുമിന്നുജീവിച്ചിരിപ്പുണ്ടോ?
സത്യം, അഹിംസാ മാർഗ്ഗങ്ങളുപദേശിച്ചവർ
തുറന്നകണ്ണിലുണങ്ങാത്ത കണ്ണീർപ്പാടുമായ്
നില്ക്കുകയാണോ?
അവരുടെ ശവകുടീരങ്ങളിലെങ്കിലും
കാക്കത്തൊള്ളായിരം കഥകൾ മറഞ്ഞിരിപ്പുണ്ടാവാം
മനുഷ്യജീവിതകഥകൾ
പലതരം പ്രണയങ്ങൾ, ദുരന്തങ്ങൾ
സംസ്കാര വിജൃംഭിതങ്ങൾ
ജന്മജന്മാന്തരങ്ങളുടെ നിലയ്ക്കാത്ത പ്രവാഹം
നിന്നെ ഭീതിപ്പെടുത്തുന്നില്ലേ?
ഒക്കെയുമകത്തൊളിച്ച് വസന്തമായ്
പൂപൊഴിക്കുമ്പോൾ, മഞ്ഞണിഞ്ഞ്
പുഞ്ചിരിക്കുമ്പോൾ മാരിയിൽ കുളിക്കുവാൻ
ആരു നിന്നെ പഠിപ്പിച്ചെന്തോതാമോ?
എനിക്കറിയാം ഉള്ളുരുകിയൊലിക്കുന്ന
ചുടുചോര ഊറ്റിക്കുടിച്ച്
ഋതുക്കളെ ആവാഹിക്കുവാൻ
ഭ്രമണം തുടങ്ങുകയായ്
നിൻ ഭീകരഭാഷ കേട്ടാവണം
പരിക്രമണത്തിന്റെ പാദചലനങ്ങൾ നില്ക്കുക.



# മോചനം ഒരു മോഹം

SANTHI S
IInd B.Com.

ഇനിവരും പ്രഭാതങ്ങൾ
എത്രമേൽ തെളിവാർന്നതായിരിക്കും
ഇനിവരും രാവുകൾ
എത്രമേൽ ഇരുൾ മൂടിയതാവും
നിലാവ് നഷ്ടമാകുന്നു
വേനൽ സ്ഥാനം പിടിക്കുന്നു
മനുഷ്യമനസ്സിൻ പര്യായംപോൽ
ക്യാൻസർ ബാധിച്ച മനസ്സിനും പുറമേ
തേടിയെത്തുന്നു. ക്യാൻസറിൻ വിഷബീജങ്ങൾ
ഓസോൺ തുരന്നവന്റെ
ശരീരകോശങ്ങളിലേക്ക് അൾട്രാവയലറ്റിലൂടെ
ഹേ! അൾട്രാവയലറ്റേ...
നീയൊരു രശ്മിയോ. നീചമാം
മനുഷ്യമനമറിയും ദേവതയോ?
പിശാച് കുടിയേറിയ മനസ്സിന്
നീയൊന്നുമല്ലെന്നറിയുന്നില്ലയോ?
നിന്നോടു ഞാൻ കേഴുന്നു. മടങ്ങിപ്പോവുക
എന്തെന്നാൽ. അവനെ സ്പർശിക്കും
നിൻ കരങ്ങൾ ദഹിച്ചുപോകും
നീ വിസ്മരിച്ചുപോകും
പരിശുദ്ധിയെന്ന പദത്തിൻ ശുദ്ധി.
പ്രണയമിവിടെയൊരു വില്പനച്ചരക്ക്
സ്നേഹമൊരു മായാജാല പ്രകടനം
ബന്ധങ്ങളെല്ലാം വെറും പ്രഹസനങ്ങൾ
സത്യത്തിൻ മേലേയ്ക്ക് മിഥ്യതൻ പ്രവാഹം
ലക്ഷ്യമെല്ലാം ഒന്നിലേയ്ക്ക്
പണം...പണം...പണം.
എല്ലാ പാപങ്ങളുമേറ്റുവാങ്ങി-
എവിടെ? മുങ്ങിനിവരണമെന്നറിയാതെ
പാപനാശിനിയാം ഗംഗ!
കുഴിബോംബുകൾ കിളിർത്ത്
പടർന്നു പന്തലിക്കുന്ന-
ഭീകര സ്മൃതിയിൽ ഞെട്ടിവിറച്ച്
പാവം ജനനിയാം ധരിത്രി.
ഹേ! അൾട്രാവയലറ്റേ...
എന്തിനു നീയിവിടേക്കു വന്നു.
നഷ്ടങ്ങൾ മാത്രം ഏറ്റുവാങ്ങുവാൻ
ഓ! നീ വന്നതല്ലല്ലോ വരുത്തിയതല്ലേ.
എൻ സ്മൃതിയിലേയ്ക്കാ സത്യം ആനയിക്കരുതേ
ക്ഷമിക്കൂ! ഒരു മാത്ര ഞാനതു വിസ്മരിച്ചോട്ടെ.
നീയെന്നെ ഒറ്റികൊടുക്കയില്ലെങ്കിൽ
ചൊല്ലാം. ഞാനൊരു സത്യം
തിരിച്ചു പോകാൻ കഴിയില്ല നിനക്കിനി
ഈ തടവറയിൽ നീ പെട്ടുപോയി
രക്ഷയ്ക്കായുള്ള നിൻമോഹം വ്യാമോഹം
നിനക്കിനി മോചനമില്ല
മോചനമില്ല... മോചനമില്ല.
എങ്കിലും
കാത്തിരിക്കുന്നു ഞാൻ പുതിയ പ്രഭാതത്തിനായി
ക്ഷോണിതൻ പച്ചപ്പുപോലെയെൻ ബാല്യവും
എൻ കൗമാരസ്വപ്നങ്ങൾക്ക് നിറമേകി
മലർഗന്ധമേകും മന്ദമാരുതനും
എൻ യൗവ്വനത്തിനഴകായി
മന്ദഹാസം തൂകും മലർവാടികളും
എൻ വാർദ്ധക്യത്തിലും പ്രകാശമേകി
പുഞ്ചിരിച്ചുദിക്കുന്ന തിങ്കളും
ഹാ! എത്ര മനോഹരദർശനങ്ങൾ.
എൻ പ്രിയതോഴരേ...
എൻ സ്മൃതിയിലേക്കാഞ്ഞടിക്കുന്നാ-
വിശുദ്ധമാം മഹത്വചനങ്ങൾ
"വെറുതേയീ മോഹങ്ങളെന്നറിയുമ്പോഴും
വെറുതെ മോഹിക്കുവാൻ മോഹം."






SIYAD A.
IInd B.Com.



Biji Babu
IInd Zoology

# कश्मीर घाटी का स्वर.....

मैं कश्मीर की रोती माटी को इंसाफ दिलाने निकली हूँ,
मैं घायल घाटी की दिल की धड़कन गाने निकली हूँ ।
कश्मीर को धरती का स्वर्ग कहा जाता है,
कश्मीर को हिन्दुस्तान का ताज़ कहा जाता है,
कश्मीर को आतंकवाद का गढ़ कहा जाता है,
कश्मीर को अपना होते हूए भी गैर समझा जाता है ।
मैं कश्मीर का इतिहास सबको सुनाने निकली हूँ ।
जिसने यह सोचा है कि भारत माता रोने वाली है,
जिसने भारत माँ पर बुरी नज़र डाली है,
जिसने माँ के आँचल के अभिमान को शैंदा है,
जिसने माँ के सीने में चाकूँ घोंपा हैं,
मैं उन गृददारों को चौराहे पर फँसी दिलाने निकली हूँ,
हाँ, मैं उन गृददारों को जिंदा गडवाने निकली हूँ,
मैं घायल घाटी की दिल की धड़कन गाने निकली हूँ ।
आज भारत माता की आँखों में पानी है,
मैं कहती हूँ सेना को आदेश थमा दो घाटी गैर नहीं होगी,
कश्मीर को छीनने की कोशिश और नहीं होगी,
मैं शहीदों की आत्माओं को यही संदेश सुनाने निकली हूँ,
मैं घायल घाटी की दिल की धड़कन गाने निकली हूँ ।

Fathima
Ist English

# വെറുതെ നിനവുകൾ

വിതുമ്പുന്നൊരോർമ്മയാണോമനേ
പോയ കാലത്തിന്റെ നിനവുകൾ......
ചിത്തവൃക്ഷത്തിൽ ചിതൽ
കാർന്നുപോയൊരു
ചിന്തതൻ ചില്ലകളിലിന്നും തുടിക്കുന്ന
നിനവാണ് നീയെനിക്കോമനേ....
കര കവർന്നു പോം തിരപോലെ
നിന്നോർമ്മകൾ, വലിച്ചെറിയുന്നിതെ-
ന്നിലെ മനസ്സിന്റെ തീരത്ത്
കരിപിടിച്ചൊരീ കടലാസ്സുതാളുകൾ.....
കാത്തിരിക്കുന്നു, ഞാനിന്നും
കരളു നോവുമീ സന്നിധിയിൽ
പ്രേതങ്ങളലറുന്ന
മുത്തശ്ശിക്കഥകൾ തന്നന്ധകാരങ്ങളിൽ
മോഹങ്ങൾ പ്രാണൻ പിടയ്ക്കുന്ന
ചാവുകടലുകൾ അങ്ങകലയാണോമനേ...
സ്വപ്നത്തിലുന്മാദ നൃത്തം ചവുട്ടി
പിന്നോർമ്മകളിലൂറിച്ചിരിച്ചു നീ
ഇടനെഞ്ചിലിടിപെട്ടിയെത്തുന്നു കാലം
കരിനാഗ സീൽക്കാരമായിഴയുന്നു ചുറ്റും



# HEALTH - ADDITION

**ATHIRA I.**
IInd Bio-Chemistry

**Your Body**
**Your Health**
**Your Life**

## A Healthy World

- Between 1,00,000 and 2,00,000 people die per year by injecting drugs. [Who Fact Sheet N 127. Trends In Sudbstance Use And Associated Health Problems. Aug 1996]
- More than 18.8 million have died from AIDS. 3.8 million of them children under the age of 15. [Report on The Global HIV/AIDS Epidemic 2000]
- Smoking one park of cigarettes a day can cut sever years of your life. [National Centre For Chronic Disease Prevention, 1987]
- These are 13.2 million children orphaned by AIDS. By the year 2010 there will be 40 million AIDS orphans. [Report on The Global HIV/AIDS Epidemic 2000]
- A person can die from sniffing glue or inhalants the very first time [National Inhalant Revention Coalition] (www. inhalants.org.)
- 34.3 million people in the world are living with HIV/ AIDS [Report on The Global HIV/ AIDS Epidemic 2000]
- These were 2.8 million deaths of AIDS in 1999 [Report on The Global HIV/AIDS Epidemic 2000]

## Substance Abuse

It started so simply-just one cigarette, may be a little wood, sniff of glue or drowning a drink on a dare. But then things become worse. You will take to much everyday and you need it more and more. You know it that you are out of control. But you can't stop. They sneak upon you until you are powerless.

It is a scary world. At school, on television and next door, we see people struggling with drugs and alcohole addictions, AIDS and terminal diseases. Drugs and alcohole can cause brain damage, smoking leads to lung cancer and they are both addictive. That take hold of your life until you can't say "no" anymore.

## HIV/AIDS

Though there is no cure for HIV/AIDS there are some definite choice you can make to avoid contracting this terrible disease. Your chances of contracting the disease are virtually eliminated if you do not have intercourse, share needles or get a blood transfusion. This is because HIV/AIDS is contracted through body fluids.

People with HIV/AIDS may feet isolated, scared and alone. We need to show compassion to people who have contracted HIV/AIDS as it may be the only effective remedy for them.

# Love Begets Love



**VIDHYA V.**
IInd B.Sc. Bio-chemistry

About love, a sensational matter especially in campus - a matter of difficulty - a matter of smoothness - a matter of selfishness. So what is love? - Love is world or world is love.

There is no opposition for love in this world. No one regrets it. Love has no entrance nor exit. It has no colour, beauty, caste, creed etc., It's abstract - a feeling of two minds which can make both good and bad lives. Its fate. Love conquers all things. Every person/creature in this world are born to lave and to be loved. Love can happen at any time, any where, at any condition. Love has no age. It can happen for a human being between his birth and death. A real love cannot be planned it happens so. All knows it and none can give an answer for it that is love. A simple world but of many consequences.

In greek, there are three words for love. They are 'eros', 'phila', and 'agape'. 'erose' means a sort of aesthetic or romantic love. 'Philia' means intimate affection between personal friends. 'Phila' denotes a sort of reciprocal love. 'Agape' means understanding, reedeming good will for all men. It is an overflowing love, which is purely spontaneous, unmotivated, groundless and creative. It is the love of god operating in human heart.

Love is like fire. It is good for saying, has beauty but on its depth it is painful. Love is blind. Love teaches assess to chance. Absence makes the heart grow fonder. Absence quickens love. Love has no fullstop.

Pure love can nerve be told even if two persons know that they are loving each other sincerely.

Love is a history - it has many memorable events.

Love is a science - it experiment new sort of love.

So what is not love? All is love. Without love nothing is possible.

Love is knowledge which helps us to find life.

Love is wealth for lovers.

Love is full of wonder. Love is a wind so that it once blows on own life. Love is a war between loving hearts. Love is like time that ripens all things.

Love is past, present and future.

Love is yesterday, today and tomorrow.

Love is smooth, attractive, mirracle (mystery), polite, adjusting, tolerable, humble, victory, instinct, devotion, heartfelt, gearning, achievement etc.,

Love is men and women. Love is good and bad. Love is angel and evil. Love is this and that. Love is your and me.

**SUMI R.**
Ist B.Sc. Chemistry

# A TEENAGERS DILEMMA

If I try to be caring, they call me "Bhayya"
If I try to be Honey, they call me "Country"
If I try to be Smart, they call me "Upstart"
If I try to be Modern, they call me "Fast"
If I try to be Fast, they call me "Ideal"
If I try to be Ideal, they call me "Aggressive"
If I try to be Aggressive, they call me "Nut"
If I try to be Patient, they call me "Budhu"
If I try to be Crack, they call me "Quiet"
If I try to be Quiet, they call me "Desp"
If I try to be Lonely, they call me "Timid"
If I try to be Working, they call me "Buji"
If I try to be Aggressive, they call me "Crack"
If I try to be caring, they call me "Chettayi"
If I try to be Punctual, they call me "Lover"
If I try to be Loving, they call me "Ram"
If I try to be Ram, they call me "Shrewd"
If I try to be Indifferent, they call me "Cruel"
If I try to be Cruel, that I can't in practice...
they call me Nervous...
If I try to be Lonely, they call me "Isolated"
If I try to be Isolated, they call me "Devdas"
If I try to tell this, they call me "Nervous"
If I try to express this, they call me "Nut"
If I want to be previous, they I know can't do with
If I try to return to this, they call me "exhausted"
If I try to forget this, Oh its high time I think...
If I try to get back, Oh the palace is filled in by another gay...
If I try to be working, they call me "Buji"
But to be a Buji, one must hardly be a lover...
I know, they little about me...
Now I am upset... what to do next?...
Either thick all these are "Maya"...
Or keep waiting for a good ending...
For that now I thick I must do with...
Not for anyone else, but for myself...
And become The one, The one and Only one...



Thalhath
IInd Islamic History



# പ്രകാശം പരത്തിയ മനുഷ്യസ്നേഹി...... ജനനായകൻ
# നായനാർ



ചരിത്രത്തിലേക് നായനാരും നടന്നുകയറി. ഒരു ജനതയെ മുഴുവൻ കണ്ണീരിലാഴ്ത്തി....

നർമബോധത്തിന്റെ ആകാശങ്ങളിൽ ഉന്നത ചിന്തയുടെ വെടിയൊച്ചകൾ മുഴക്കിയ നായനാർ നമുക്കിനി ഓർമ്മകൾ മാത്രം.....

....വളരെ ചെറുപ്പത്തിൽത്തന്നെ പൊതു പ്രവർത്തനത്തിന്റെ കഠിന പാതകളിലൂടെ സഞ്ചരിച്ച കർമ്മയോഗി...

ദേശീയ സ്വാതന്ത്ര പ്രക്ഷോഭത്തിന്റെ കനൽവഴികളിലൂടെ കാലിടറാതെ നടന്നുകയറി...

സാമ്രാജ്യത്വവിരുദ്ധ പോരാട്ടങ്ങളുടെ മുന്നണിയിൽ നായനാർ നിശ്ചയദാർഢ്യത്തിന്റെയും നിഷ്കളങ്കതയുടെയും പര്യായമായി...

ബാലസംഘത്തിന്റെയും വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെയും ഗ്രന്ഥശാലകൾ വഴിയുള്ള നവോത്ഥാന പ്രവർത്തനങ്ങളുടെയുമൊക്കെ സംഘാടകൻ....

ബഹുമുഖപ്രതിഭ. കർഷക-തൊഴിലാളി സമരങ്ങളിലെ ആവേശം. കയ്യൂർ സമരനായകൻ. ഒരു പാടൊരുപാട് സമരമുഖങ്ങളിലെ സൂര്യതേജസ്സ്. ജീവിതത്തിന്റെ വലിയൊരളവ് അദ്ദേഹം നാടിന് നൽകി. ജനങ്ങളുടെ വികാരങ്ങൾ സ്വന്തം ഹൃദയമിടിപ്പുപോലെ അനുഭവിച്ചറിഞ്ഞു. ജനങ്ങളുടെ കൂടെ അവരുടെ നായകനായി, നായനാർ.

1967ലാണ് നായനാർ ആദ്യമായി പാർലമെന്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. പാലക്കാട് നിന്ന്. ആറ് പ്രാവശ്യം കേരള നിയമസഭയിൽ അംഗമായി. മൂന്ന് ഘട്ടങ്ങളിലായി പതിനൊന്ന വർഷം മുഖ്യമന്ത്രി. അപ്പോഴൊന്നും നായനാർ വഴിവിട്ട് സഞ്ചരിച്ചില്ല. ഏ.കെ.ജി.യുടെ പിൻമുറക്കാരന് അധികാരം അപ്പക്കഷണങ്ങളായിരുന്നില്ല. തീർത്തും സാധാരണക്കാരനായി, അഹങ്കാരലേശമില്ലാതെ നായനാർ ജനങ്ങളുടെ ഇടയിൽ നിന്നു.

കേരള സമൂഹത്തിന്റെ വിവിധ മേഖലകളിൽ അദ്ദേഹത്തിന്റെ കമ്മ്യൂണിസ്റ്റ് ബോധം പുരോഗതി വിതച്ചു.

വർഗ്ഗ ബോധത്തിലധിഷ്ഠിതമായ നോക്കി കാഴ്ചയിലൂടെ കേരളത്തിന്റെ വികസന പന്ഥാവുകളിൽ നായനാർ ഒരു വിളക്കുപോലെ നിറഞ്ഞു കത്തി.

കർഷക തൊഴിലാളികൾക്ക് പെൻഷൻ പ്രഖ്യാപിച്ചപ്പോൾ അവരുടെ കൂടെ നായനാരും കരഞ്ഞു, പിന്നീട് ചിരിച്ചു. അവരെ ചിരിപ്പിച്ചു.

സാക്ഷരകേരളം പടുത്തുയർത്തി, അധികാരം ജനങ്ങളിലേക്ക് പകർന്നു. ഇങ്ങനെ ഒരുപാട് കാര്യങ്ങൾ പറയാനാവും നായനാരുടെ ഭരണ കാലത്തെപ്പറ്റി.

1939ലാണ് നായനാർ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായത്. വലതുപക്ഷ അവസരവാദികളുടെയും ഇടതുപക്ഷ തീവ്രവാദികളുടെയും കണ്ണിലെ കരടായിരുന്നു നായനാർ. മാർക്സിസ്റ്റ് ലെനിനിസ്റ്റ് ആശയങ്ങൾ മുറുകെപ്പിടിച്ചുകൊണ്ട് അദ്ദേഹം പാർട്ടി കെട്ടിപ്പടുക്കുന്നതിൽ ജാഗരൂകനായി. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ദേശീയ കൗൺസിലിൽനിന്നും ഇറങ്ങിവന്ന് സി.പി.ഐ.എം. രൂപീകരിക്കുന്നതിന് മുന്നിൽനിന്ന 32 സഖാക്കളിൽ നായനാരുമുണ്ടായിരുന്നു. സി.പി.ഐ.എം. ജില്ലാസെക്രട്ടറി, സംസ്ഥാനസെക്രട്ടറി, കേന്ദ്രകമ്മിറ്റി അംഗം, പോളിറ്റ് ബ്യൂറോ മെമ്പർ; നായനാർ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് നൽകിയ സംഭാവനകൾ വിലമതിക്കാൻ കഴിയാത്തതുതന്നെയാണ്.

നായനാരുടെ അഭാവം ശൂന്യത സൃഷ്ടിക്കുന്നുണ്ട്. പക്ഷെ, നായനാർ പകർന്നുതന്ന ദിശാബോധവും കരുത്തും വഴികളിൽ വഴുതിവീഴാതെ പൊരുതി മുന്നേറാൻ കേരള ജനതയ്ക്ക് ഉതകുമെന്നതിൽ സംശയമില്ല.

ചുറ്റും പ്രകാശം പരത്തിയിരുന്ന ആ കമ്മ്യൂണിസ്റ്റ് നമ്മോട് വിടപറഞ്ഞു. ഇപ്പോൾ ചിലപ്പോഴൊക്കെ ചുറ്റും ഇരുട്ട് പരക്കുന്നതായി തോന്നു. നായനാരുടെ സാന്നിദ്ധ്യം അത്രയ്ക്കുണ്ടായിരുന്നു. പറഞ്ഞും എഴുതിയും ഫലിപ്പിക്കാൻ കഴിയുന്നതിലുമൊക്കെ ഉപരി. നായനാർ പകർന്നുതന്ന ആ വെളിച്ചം കരുതലോടെ, ആത്മപ്രാണനെപ്പോലെ നമുക്ക് കാത്തുവെയ്ക്കാം.

# സഖി നീയറിയാൻ

**Vinod**
IInd Islamic History

മഞ്ഞ്ജിമയേറുമീ സായംസന്ധ്യയിൽ
പിരിയാതെയെന്നെ പിൻതുടരുന്നിതാ
അഞ്ജ്ജനമെഴുതിയ രണ്ടു മിഴികളും
മധുമന്ദഹാസം പൊഴിക്കും വദനവും
അകലെ ഞാനേകയായ് മേവുമീ നേരവു-
മകതാരിൽ നൊമ്പരം പടരുമീ നിമിഷവും
അലിവാർന്ന വെൺതൂവൽ സ്പർശമായെന്നുള്ളിൽ
നിറയുന്നിതാ നിന്റെ സ്നേഹപീയുഷം
ആകുലർക്കുൻമേഷമേകുവാനായ് വന്ന
നാൾ മുതൽ നീയെന്റെ തോഴിയായി
ആലംബഹീനർക്കാശ്വാസമേകുവാൻ
നിൻ സ്നേഹസാമീപ്യമൊരു തുണയായ്
നീറുമെൻ ഹൃത്തടം നിൻമുഖദർശനെ
സന്തോഷഭരിതമായ് നൃത്തമാടി
തകരുമെൻ സ്വപ്നങ്ങൾ നിൻ വിരൽത്തുമ്പിൽ
നവജീവനുൾക്കൊണ്ടുണർന്നു വീണ്ടും
ഹൃദയമുരളിയിൽ നീയൊഴുകിവന്നെന്റെ
ഹൃദയവേദന പാടെയകറ്റി
തുരുമ്പിച്ചടർന്നയെൻ തന്ത്രികളിൽ നിന്റെ
തരളമാ സ്പർശനം സംഗീതമായ്
അറിഞ്ഞു ഞാനൊരുനാളിലെൻ ഹൃത്തിനെ
മഥിക്കുവാൻ പോന്നൊരാ ദുഃഖസത്യത്തെയും
അകന്നുപോയി നീയെന്നരികത്തുനിന്ന-
റിയാത്തയേതോ വിദൂരതീരം തേടി
നഭസ്സിൽ പാറുന്ന നീലമേഘത്തോടായ്
പറഞ്ഞു ഞാനെന്റെ ഹൃദയവേദന
മൃദുലമെൻ ഹൃത്തിൽ കുളിരുവീശുവാൻ
പൊഴിഞ്ഞവൾ മഴയായ് തൻ കണ്ണീർകണം പോലും
അകന്നുവെയെന്റെ വെൺമേഘമെ വീണ്ടും
മറച്ചുവോ നിന്നെ കാർമേഘപടലങ്ങൾ
തെളിഞ്ഞുമിന്നും നിൻ കാന്തിയെവിയെപ്പോയ് ?
മറഞ്ഞതെന്തിനി സായംസന്ധ്യയിൽ ?
അരുണാർക്കബിംബം അസ്തമിക്കുമ്പോഴും
അറിയാത്തതെന്തെയീ മിന്നാമിനുങ്ങിനെ ?
ഒരുതിരിവെട്ടം പകർന്നുനിൻ പാതയിൽ
കാന്തിവിരിക്കാൻ വെമ്പും എൻ മനം
കാണാത്തതെന്തു നീ ?

# സ്ത്രീ

## ഒരു പുണ്യജന്മം

ഇവിടം ധ്വനിക്കും താളങ്ങളിൽ
നാരീജപം നിറഞ്ഞുനിന്നു...
ഇന്നും നിത്യം സത്യം ഭൂമിയിൽ
വിളക്കായ് അടുത്തുവന്നൂ...
നാരീജന്മം... സത്യജന്മം...

ഒരിക്കൽ അടുത്താൽ അറിയും നാമം
ഒരിക്കൽ അകന്നാൽ അറിയും നാമം
സ്ത്രീയെന്ന മഹത്വത്തിൻ സത്യം
മണ്ണിൽ ഈ വിണ്ണിൽ തിളങ്ങിനിന്നു...

അമ്മയായ് വന്ന് പെങ്ങളായ് നിന്ന്
ഭാര്യയായ് തീർന്ന് മകളായ് ജനിച്ച്
അമ്മൂമ്മയായ് അവൾ പരിണയിച്ചൂ...
ഈ ജന്മം ഒരു സ്ത്രീജന്മം അതിൽ
നിറയും കവിതയും കലകളും.

ഒരു പൂവിരിഞ്ഞു... ഒരു കുയിൽ പാടി
ഒരു രാഗം മാത്രമായി പാടി...
അതു സ്ത്രീ ജന്മഗാനമായിരുന്നു.

ഇന്നും തോണിയിൽ അത്ഭുതമെന്ന
പുരുഷന് നിത്യം ഒരു മന്ത്രം മാത്രം
സ്ത്രീജന്മമെന്തെന്നറിയില്ല.

അവന് അറിയില്ല.
പ്രകൃതിക്കുപോലും അറിയില്ല.

ഇത് ഉത്തരം മുട്ടുന്ന ചോദ്യം
സ്ത്രീയാര് ? സ്ത്രീയാര് ?
സ്ത്രീയാര് ? ......... ?

കാലം മാറി കടങ്കത മാറി കാർമേഘങ്ങൾ മാറി
കാലംകഴിഞ്ഞിട്ടും കവിതക്കാരൻ
കാഷായം മാത്രം മാറിയില്ല.
ഇന്നും ഉത്തരം മുട്ടുന്ന ചോദ്യം

സ്ത്രീയാര് ? സ്ത്രീയാര് ?
സ്ത്രീയാര് ? ......... ?

എനിക്കറിയില്ല....! നിനക്കറിയാമോ ?
ആ ജന്മമേതെന്ന് ചൊല്ലാമോ ?
നാഴിക മണികൾ എങ്ങും ശബ്ദിച്ചു.
സൂര്യനെന്നും കിഴക്കുദിച്ചു അത്

പടിഞ്ഞാറസ്തമിച്ചു !
ഇന്നും ഉത്തരംമുട്ടുന്ന ചോദ്യം
സ്ത്രീയാര് ? സ്ത്രീയാര് ?
സ്ത്രീയാര് ? ......... ?



Shan S.
IInd Zoology

# WILL U MARRY ME ?

**BIJI KAFOOR**
Ist BA English

Don't look so interested gays. This is not some musty love story. Let's retrace our steps back to the question, "Will U Marry me?" This is the ultimate point of an affair or romance, the time where the princess's fantasy gets to own (or imagine to own) their knights in shining armour.

O.K. I agree. Teenage is an age to fall in love. You miss life if you missed falling in love. But as people with some 'moolah'. We must avoid stupid infactuations from growing into hopeless romances. So, exactly how practical (& successful) are love marriages? Contrary to popular belief, they are not so hot.

Reason : Familiarity breeds contempt

The more you get to know a person, more faults you find. The more faults you find, more reasons you see to hate him/her. These faults are magnified since the lovers had tried to play blind to the same facts in the begining. Moreover, the kind of obstacles a love marriage has to tackle are a great many. Especially in a conservative and orthodox country like India, love marriage has always remained taboo.

And if the birds belong to different communicaties (religious, financial or social) it leads to chaos. Towards the middle, the relationship starts disintergrating under the weight of better fights, constant ago clashes and pretty feelings.

This does not leave the parents of the lovers alone either. Have you ever noticed the parents of kids who have chosen love marriages. They turn very morose on being asked about their children. And parents who themselves were in love marriages. Make sure their kids don't commit the same mistakes. And don't forget their kids. They can hardly stand the thought of home what with all the squabbles and screaming.

The ultimate result of love marriage is that romance eventually runs out of steam in the later years of marriage.

So. what does this love marriage achieve in the long run-painful memories for parents, endless fights between the so called lovers, bitter expressionces for kids who remember their parents as nothing but warring entities.

So dear people always think twice when falling headlong onto love.



# പ്രണയം



SHANAVAS A.
IInd BA Islamic History

അന്ന് ഒരു തിങ്കളാഴ്ച ആയിരുന്നു. എന്നും കോളേജിൽ വരുന്നതുപോലെ അവൻ വന്നു. അവന്റെ സങ്കല്പത്തിലെ, അവൻ എന്നും സ്വപ്നം കാണാറുള്ള, കണ്ടമാത്രയിൽ തന്നെ തനിക്കു സ്വന്തമെന്നു തോന്നിയ നിഷ്കളങ്കതയുടെ മുഖമുള്ള ആ പെൺകുട്ടിയെ അവൻ കണ്ടു. എല്ലാവരോടും വളരെ ഭവ്യമായി ഇടപഴകുന്ന അവളുടെ മുഖം അവനിൽ വല്ലാതെ ആകർഷിച്ചു. പക്ഷേ അവന്റെ മനസ്സിലെ പരിശുദ്ധമായ പ്രണയം ആ പെൺകുട്ടിയെ അറിയിക്കാൻ അവന് കഴിയാതെപോകുന്നു. തന്റെ പ്രണയിനിയെക്കുറിച്ചുള്ള ഓർമ്മകളുമായി അവൾ അറിയാതെ അവളെ പ്രണയിച്ചുകൊണ്ട് അവൻ കാമ്പസിന്റെ മൂലകളിൽ ഒതുങ്ങി. തന്റെ പ്രണയത്തെ ഏതുവിധത്തിലെങ്കിലും തന്റെ പ്രിയപ്പെട്ടവളെ അറിയിക്കുക എന്നതായിരുന്നു അവന്റെ ചിന്ത. അപ്രതീക്ഷിതമായി ഒരു വൈകുന്നേരം ആ പെൺകുട്ടിയെ അവൻ കണ്ടുമുട്ടുന്നു. വിങ്ങുന്ന ഹൃദയവുമായി അവൻ അവളോട് തന്റെ പ്രണയത്തെക്കുറിച്ച് പറയുന്നു. പക്ഷേ ഒരു നിഷേധത്തിന്റെ സ്വരം അവളിൽനിന്ന് ഉയർന്നപ്പോൾ അവൻ സ്തബ്ധനായി. ഇനിയെന്താണ് പറയേണ്ടതെന്നറിയാതെ വസന്തമൊഴിഞ്ഞ തരിശുഭൂമിപോലെ അവന്റെ മനസ്സ്... എന്തിനെന്നറിയാതെ ഉഴലുന്നുണ്ടായിരുന്നു.

പ്രണയം നിഷേധിക്കപ്പെട്ടവന്റെ മനസ്സിന്റെ വിങ്ങൽ അവൾ മനസ്സിലാക്കിയോ എന്നവനറിയില്ല. എന്തിനാണവൾ പ്രണയം നിഷേധിച്ചതെന്ന് അവൻ അറിഞ്ഞില്ല അറിയാൻ അവൻ ആഗ്രഹിച്ചതുമില്ല.

പക്ഷേ അവളോടുള്ള സ്നേഹം അവന് കൂടിയതേയുള്ളൂ. പിന്നീടുള്ള അവന്റെ നിദ്രയിലെല്ലാം അവളെക്കുറിച്ചുള്ള ഓർമ്മകൾ മാത്രമായിരുന്നു. ഇതെന്റെ പ്രിയപ്പെട്ട കൂട്ടുകാരന്റെ പ്രണയം. അവൻ എന്നും അവന്റെ പ്രണയിനിയെക്കുറിച്ച് എന്നോട് പറയാറുണ്ടായിരുന്നു. ഞാൻ ഓർക്കുകയാണ് എന്തിനാണ് അവന്റെ പ്രണയം അവൾ നിഷേധിച്ചത്. അവനോട് സ്നേഹം ഇല്ലാത്തതുകൊണ്ടാകില്ല എന്നാണ് എന്റെ വിശ്വാസം. ഞാൻ എന്റെ കൂട്ടുകാരനെ ഒരുപാട് സ്നേഹിക്കുന്നതുകൊണ്ടാകണം ഞാൻ അവന്റെ പ്രണയം പൂവണിഞ്ഞുകാണാൻ ആഗ്രഹിക്കുന്നത്.

മനസ്സിലൊരു മയിൽപ്പീലിപോലെ പ്രണയം നമ്മുക്കിടയിൽ നോവിക്കുന്ന സത്യമായി എന്നും ഉണ്ടായിരുന്നു. പ്രണയിക്കുന്ന ആത്മാവുകൾ സ്നേഹത്തിന്റെ പങ്കുവയ്ക്കലിന്റെ, തരളസുഗന്ധം നമ്മുക്കിടയിൽ പരത്തിയിരുന്നു.

പ്രണയത്തെക്കുറിച്ച് പാടാത്ത കവികളില്ല, കലാകാരന്മാരില്ല. പ്രണയത്തെക്കുറിച്ച് നിങ്ങളോട് സംസാരിക്കാൻ ഞാൻ കാമുകനല്ല. പക്ഷേ പ്രണയിക്കുന്ന ഒരു മനസ്സ് എല്ലാവരിലും ഉണ്ടാവണം. അതുകൊണ്ടായിരിക്കാം ഈ ലോകത്തിന്റെ അവസാനംവരെ നിലയ്ക്കാത്ത ഒരു സ്പന്ദനമായി പ്രണയം മനുഷ്യർക്കിടയിലുള്ളത്.

കൗമാരത്തിന്റെ ചാപല്യങ്ങൾക്കപ്പുറം ജീവിതത്തിന്റെ സമരതലത്തിലേക്കെത്തുന്ന എത്രയോ പ്രണയങ്ങളുടെ കഥ നമുക്ക് കാണുവാൻ കഴിയും. സ്ത്രീയും പുരുഷനും തമ്മിലുള്ള ആകർഷണം സ്നേഹവും പരസ്പരവിശ്വാസവുമായി മാറുന്നിടത്താണ് പ്രണയം വിരിയുന്നത്. ഈ ടി. കെ. എമ്മിന്റെ കാമ്പസ്സിൽ പ്രണയശലഭങ്ങളായി പാറിപ്പറന്നുപോയവർ ധാരാളം.

കാലം പ്രണയത്തിനു മാറ്റങ്ങൾ നൽകിയിരിക്കുന്നു. പണ്ട് വാകമരത്തിന്റെ ചോട്ടിൽ അവളെയും കാത്തിരുന്നവന് ഇന്ന് കമ്പ്യൂട്ടറിലൂടെ ചാറ്റ് ചെയ്ത് പ്രണയിക്കലാണ് പണി. ഈ-മെയിലിലൂടെ പ്രണയം പുഷ്പിക്കുന്ന കാലം ആദ്യദർശനത്തിലെ പ്രണയം ഐസ്ക്രീം പാർലറുകളിൽ നുണഞ്ഞു നേരം കളയുന്നു.

പ്രണയം ആത്മാവിനെ രാജകീയതയിലേക്കുയർത്തുന്നു. പ്രണയം പ്രകൃതിയുടെ ലയമാണ്, സ്നേഹത്തിന്റെ സംഗീതമാണ്, മനസ്സുകളുടെ ലയനമാണ്. മനസ്സിനെ സ്നേഹത്തിന്റെ അഗാധതയിലേക്ക് ഉയർത്തുകയും അനിർവ്വചനീയതയിലൂടെ പറക്കുകയും ചെയ്യുമ്പോഴാണ് പ്രണയം രാജകീയമാവുക.

എന്റെ കൂട്ടുകാരന്റെ പ്രണയം നിങ്ങൾ വായിച്ചുകാണുമല്ലോ. നിങ്ങൾക്കെന്താണു തോന്നുന്നത്. അതെന്തുതന്നെയായാലും അവന്റെ പ്രണയം പുഷ്പിക്കാൻ നമുക്ക് ആഗ്രഹിക്കാം. കാരണം പ്രണയത്തേക്കാൾ ഉപരി സുഹൃത്ത്ബന്ധത്തിനു സ്ഥാനം നൽകുന്ന ഒരു കൂട്ടുകാരന്റെ ആഗ്രഹം മാത്രം.

എങ്കിലും മന്വന്തരങ്ങളിലെ സ്നേഹത്തിന്റെ ബാക്കിപത്രമായി, ആത്മാവിലൊരു മുറിവായി അവൻ അവളോടുള്ള പ്രണയം കാത്തുസൂക്ഷിക്കുന്നു.

# നീ



**Ratheesh**
IInd English

ആകാശം കറുത്ത് കറുത്ത്
നിലാവിന്റെ അവസാന നിഴലും
ചവച്ചിറക്കി.
കരയുടെ പകൽപ്പാട്ടുമായി
അവസാനത്തെ കിളിയും
മാനം നോക്കിപ്പറന്നു.
കടലിൽനിന്നും പവിഴംതേടി
ഒരു തോണി ദ്വീപുകളിലേക്ക്
തുഴഞ്ഞുപോയി
ഇരുട്ട്; മത്ത് പിടിപ്പിക്കുന്ന
കനവിന്റെ പേരാണ്.
വഴിമാറിപ്പോയ പാട്ടിന്റെ
ഋതുവാണ്.
നിന്നെയും
നിന്റെ കണ്മഷിക്കണ്ണുകളെയും
തേടി എന്റെ പകലുകൾ
ഇരുട്ടിലേക്കെരിഞ്ഞുതീരുന്നു.
വാടിക്കരിഞ്ഞൊരീ ഇലകളെ
പ്രണയിച്ച്

അസ്ഥിത്തറകളിൽ
കദനകുംഭങ്ങളായ്
ചോലമരത്തിലെ
പൂങ്കുയിൽ നാദമായ്
വന്ധ്യമേഘത്തിന്റെ
നിത്യവിലാപമായ്
പെയ്തു നീ പോവുക.
മാഘമാസങ്ങളിൽ
മോഹങ്ങൾ പെയ്യിച്ച്
.....ഞ്ഞ വിരഹക്കഥകൾ
ഉരുക്കഴിച്ചു.........
.....തീർത്ഥകണങ്ങളായ്.
പെയ്തു നീ പോവുക.
രക്തയോട്ടത്തിന്റെ സീമന്തസത്യമായ്
ശീതകാലത്തിലെ ജാലകരാഗമായ്
പാരിജാതത്തിന്റെ ഗന്ധപ്പെരുമായ്
ഈ മരുഭൂമിയിൽ പെയ്തു നീ തോരുക.
ഒരു മഴച്ചാറ്റലിൽ
പൂന്തണുതെന്നലായ്........

# ഞാനും എന്റെ ജീവിതവും

ഉടഞ്ഞുപോയ കണ്ണാടിയാണെന്റെ ജീവിതം
ഉടയാതെ സൂക്ഷിക്കാവാൻ എനിക്കായില്ലൊരിക്കലും.
വേണ്ടെന്നു വയ്ക്കുവാൻ വെമ്പുന്നു ഞാൻ
ജീവിതം; എന്നാൽ കഴിയുന്നില്ലൊരിക്കലും എന്നെക്കൊണ്ട്.
സഹിക്കുന്നു ഞാൻ എന്നെത്തന്നെ
സഹിക്കാതെ വേറെ വഴിയില്ലതാനും.
ജനിച്ചുപോയ് ഞാൻ എന്നോ ഒരിക്കൽ
പഴിക്കുന്നു ഞാൻ എന്റെ ജനനത്തെയും.
വളരെയേറേ സ്നേഹിച്ചു നിന്നെ ഞാൻ
എന്നാൽ നീ തകർത്തല്ലോ എൻ ജന്മം.
വേണ്ടെന്നു വയ്ക്കൂ നീ ഈ കണ്ണാടിയെ; കഴിയില്ലൊരിക്കലും
നിന്നെക്കൊണ്ട് അവസാനംവരെ ചുമക്കുവാൻ.
ഉപേക്ഷിച്ചിട്ടു കണ്ടെത്തുക നീ
മനോഹരമാം ഉടയാത്ത കണ്ണാടിയെ.
നിനക്കു കിട്ടണമേയെന്നു ഞാൻ പ്രാർത്ഥിക്കാം
നിനക്കു യോഗമുണ്ടെങ്കിൽ ദൈവമെൻ പ്രാർത്ഥന കേൾക്കാം.
നല്ലൊരു ജീവിതം നിനക്കായ് നേർന്നുകൊണ്ട്
ജീവിച്ചു തീർക്കട്ടെ ഞാനെന്റെ ജീവിതം.
